

VOL NO: 06 I ISSUE 02
www.nerpatham.com
mail@nerpatham.com
2022 JANUARY 08 I ₹10

# നേർപഥം

വാരിക

## ഹരിദ്വാറിൽനിന്നുയർന്ന വിഷപ്പുക

ചൂഷണം എന്ന വാക്കിന് പകരം വയ്ക്കാനുള്ള പേരായി മാറിയിരിക്കുന്നു പെണ്ണെന്ന പദം. കുടുംബകങ്ങളിലും കലാലയങ്ങളിലും തൊഴിലിടങ്ങളിലും കപട ഉദാത്തവൽക്കരണത്തിലൂടെ ചൂഷണത്തിന്റെ പുതിയ മാനം കണ്ടെത്തുകയാണ് പൊതുസമൂഹം.

# പെൺ ചൂഷണം; സർവം ശ്രേണീ ബന്ധിതം

|| ലിംഗനീതിയും ലിംഗസമത്വവും
|| വഴികേടിലേക്ക് വഴിതേടുന്നവർ
|| ലിംഗ നിർണയവും ഭ്രൂണഹത്യയും

കോപ്പികൾ ഉറപ്പിക്കാൻ ബന്ധപ്പെടുക: 9207525244
WhatsApp: 9207525244




WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 9207525244

ഹുസൈൻ സലഫിയുടെ
**'പ്രകാശം പരത്തിയ പ്രവാചകന്മാർ'**
എന്ന പുസ്തക പരമ്പരയിലെ **670** രൂപ വിലവരുന്ന
**4** പുസ്തകങ്ങൾ
ഇപ്പോൾ വെറും **500** രൂപക്ക്...!!!

ഈ ഓഫർ
ഡിസംബർ 5 മുതൽ
ജനുവരി 15 വരെ

yono SBI | SBI Payments
MERCHANT NAME: WISDOM ISLAMIC ORGANIZATION
UPI ID: WISDOMISLAMICCLT@SBI
SCAN & PAY
BHIM SBI Pay
BHIM UPI

## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ. അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |

0259
# നേർപഥം
വാരിക

2022 ജനുവരി 08
1442 ജുമാദൽ ആഖിർ 5
പുസ്തകം 06 / ലക്കം 02




Printed, published
& owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Design, Cover & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



കവർ സ്റ്റോറി

10
## പെൺ ചൂഷണം; സർവം ശ്രേണി ബന്ധിതം
അലി ചെമ്മാട്

05
മുഖമൊഴി
ഹരിദ്വാറിൽ നിന്നുയർന്ന വിഷപ്പുക

06
ലേഖനം
ലിംഗ നിർണയവും ഭ്രൂണഹത്യയും
ഡോ. ടി. കെ യൂസുഫ്

9
നിയമപഥം
സ്ത്രീ സുരക്ഷാ നിമയങ്ങൾ
അബൂഫായിദ

17
ആരോഗ്യപഥം
സുരക്ഷിത ഭക്ഷണം
ഡോ. റസീല

18
ലേഖനം
ലിംഗനീതിയും ലിംഗ സമത്വവും
മുഫീദ് ടി.കെ. പാലക്കാഴി

21
ലേഖനം
വഴികേടിലേക്ക് വഴി തേടുന്നവർ
അബ്ദുൽ മുസ്വവ്വിർ

25
വനിതാപഥം
ഉമ്മമാരറിയാൻ
സഹ്‌റ സുല്ലമിയ്യ

26
ചരിത്രപഥം
ആ മോഹം സഫലമായി
ഹുസൈൻ സലഫി, ഷാർജ

29
ലേഖനം
മനസ്സിന്റെ നന്മ
അബൂതൻവീൽ

31
ക്വുർആൻ പഠനം
അദ്ദാരിയാത് അധ്യായം: 51
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

34 ബാലപഥം കടൽ (കവിത) ഉസ്മാൻ പാലക്കാഴി

# വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന പ്രതിനിധി സമ്മേളനം സമാപിച്ചു

മലപ്പുറം: മൂന്ന് ദിനങ്ങളിലായി നടന്ന വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന പ്രതിനിധി സമ്മേളനം സംസ്ഥാന ജനറൽ സെക്രട്ടറി കെ.പി മുഹമ്മദ് ശമീൽ ഉദ്ഘാടനം ചെയ്തു. സംസ്ഥാന വൈസ് പ്രസിഡന്റ് നൂറുദ്ദീൻ സ്വലാഹി അധ്യക്ഷനായി.

ക്യാമ്പസ് വേവ്സ് സെഷനിൽ പീസ് റേഡിയോ സി.ഇ.ഒ പ്രൊഫ. ഹാരിസ് ബിൻ സലീം, മുജാഹിദ് ബാലുശ്ശേരി, മുഹമ്മദ് സ്വാദിഖ് മദീനി എന്നിവർ സംബന്ധിച്ചു. സമകാലികം സെഷനിൽ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ അശ്റഫ്, ശബീബ് സ്വലാഹി എന്നിവർ പ്രതിനിധികളുമായി സംവദിച്ചു. നജീബ് കാന്തപുരം എം.എൽ.എ മുഖ്യാതിഥിയായിരുന്നു. കരിയർ ഗൈഡൻസ് സെഷനിൽ വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന വൈസ് പ്രസിഡന്റ് സി. മുഹമ്മദ് അജ്മൽ ക്ലാസെടുത്തു.

സമാപന സമ്മേളനം വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ ഉദ്ഘാടനം ചെയ്തു. മഞ്ഞളാംകുഴി അലി എം.എൽ.എ മുഖ്യാതിഥിയായിരുന്നു. ജാമിഅ അൽഹിന്ദ് അൽഇസ്‌ലാമിയ ഡയറക്ടർ ഫൈസൽ മൗലവി മുഖ്യപ്രഭാഷണം നിർവഹിച്ചു. വിവിധ സെഷനുകളിലായി വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന ട്രഷറർ കെ. മുനവ്വർ, കെ.കെ ജാബിർ, സെക്രട്ടറിമാരായ കെ. മുഹമ്മദ് ശബീബ്, സി.വി അസീൽ, അബ്ദുൽ അഹദ് ചുങ്കത്തറ, ശഹബാസ് കെ. അബ്ബാസ്, വി. സെലു അബൂബക്കർ തുടങ്ങിയവർ സംസാരിച്ചു.

# വൈകൃതങ്ങളുടെ പരസ്യവത്കരണമല്ല പുരോഗമനം: വിസ്ഡം സ്റ്റുഡന്റ്സ്

കോട്ടക്കൽ: ലിബറൽ വാദങ്ങളുടെ പ്രചാരണത്തിന്റെ ഭാഗമായി സ്വതന്ത്രരതിയെയും അരാജകത്വ ചിന്തകളെയും ഒളിച്ചുകടത്തുന്ന നിലപാടുകളിൽനിന്ന് വിദ്യാർഥി പ്രസ്ഥാനങ്ങൾ പിന്മാറണമെന്ന് വിസ്ഡം ഇസ്‌ലാമിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ സംസ്ഥാന സമിതി സംഘടിപ്പിച്ച ആൽക്കമി ആർട്സ് & സയൻസ് വിദ്യാർഥി സമ്മേളനം ആവശ്യപ്പെട്ടു. വൈകൃതങ്ങളുടെ പരസ്യവത്കരണമല്ല പുരോഗമന ചിന്ത എന്ന തിരിച്ചറിവ് ഉണ്ടാകണമെന്നും സമ്മേളനം കൂട്ടിച്ചേർത്തു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ അശ്റഫ് സമ്മേളനം ഉദ്ഘാടനം ചെയ്തു. വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന ക്യാമ്പസ് വിംഗ് വൈസ് ചെയർമാൻ ഡോ: സി.പി അബ്ദുല്ല ബാസിൽ അധ്യക്ഷത വഹിച്ചു. കേരളത്തിലെ വിവിധ ക്യാമ്പസുകളിൽ നിന്നായി നൂറുകണക്കിന് വിദ്യാർഥികൾ പങ്കെടുത്തു.

പീസ് റേഡിയോ സി.ഇ.ഒ പ്രൊഫ. ഹാരിസ്ബ്നു സലീം, വിസ്ഡം യൂത്ത് സംസ്ഥാന ജനറൽ സെക്രട്ടറി താജുദ്ദീൻ സ്വലാഹി, പ്രമുഖ പണ്ഡിതൻമാരായ മുജാഹിദ് ബാലുശ്ശേരി, ശബീബ് സ്വലാഹി എന്നിവർ ക്ലാസെടുത്തു.

വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന വൈസ് പ്രസിഡന്റ് സി. മുഹമ്മദ് അജ്മൽ, ട്രഷറർ മുനവ്വർ കോട്ടക്കൽ, അസ്ഹർ അബ്ദുറസാഖ്, സജീൽ ചെറുകാവ്, ഷംജാസ് കെ. അബ്ബാസ് തുടങ്ങിയവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി.



# ഹരിദ്വാറിൽ നിന്നുയർന്ന വിഷപ്പുക

എവിടേക്കാണ് നമ്മുടെ രാജ്യം നീങ്ങിക്കൊണ്ടിരിക്കുന്നത് എന്ന് ഭയപ്പാടോടെ ആളുകൾ ചോദിക്കാൻ തുടങ്ങിയിരിക്കുന്നു. ചിലയാളുകൾക്ക്, ചില വിഭാഗക്കാർക്ക് ഇവിടെ എന്തും പറയാം, എന്തും പ്രവർത്തിക്കാം, ചോദിക്കേണ്ടവർ ഒന്നും ചോദിക്കില്ല, എല്ലാറ്റിനും മൗനാനുവാദം നൽകും എന്ന സ്ഥിതിവിശേഷമാണുള്ളത്.


ഓരോ 12 വർഷം കൂടുമ്പോഴും ലക്ഷക്കണക്കിന് ഹിന്ദുമത സന്യാസികളും വിശ്വാസികളും കുംഭമേളക്കായി ഒരുമിച്ചുചേരുന്ന ഗംഗാതീര നഗരമാണ് ഹരിദ്വാർ. അവിടെവെച്ച് ഇക്കഴിഞ്ഞ ഡിസംബർ 17,18,19 തീയതികളിൽ 'ധർമസംസദ്' എന്ന പേരിൽ നടന്ന പരിപാടി രാജ്യത്തെ ഒരുപറ്റം അധർമകാരികളുടെ സംഗമമായി മാറുകയായിരുന്നു. ഉച്ചരിക്കുന്ന ഓരോ വാക്കിലും വർഗീയ ഭീകരത നുരക്കുന്ന, കലാപാഹ്വാനങ്ങളും അതിക്രമങ്ങളും വഴി കുപ്രസിദ്ധനായ ഗോരഖ്പൂരിലെ യതി നരസിംഹാനന്ദായിരുന്നു മുഖ്യസംഘാടകരിലൊരാൾ. സംഗമത്തിലെ, ഇപ്പോൾ ഒന്നൊന്നായി പുറത്തുവന്നുകൊണ്ടിരിക്കുന്ന വിദ്വേഷ ഭാഷണങ്ങൾ ഊഹിക്കാനാവാത്തത്ര അപകടകരമായ മതധ്രുവീകരണത്തിലേക്കാണ് രാജ്യം നീങ്ങിക്കൊണ്ടിരിക്കുന്നത് എന്നു വെളിപ്പെടുത്തുന്നതാണ്.

മുസ്‌ലിംകളെ രാജ്യത്തുനിന്ന് തുടച്ചുനീക്കുന്നതിന് ആയുധമെടുത്തിറങ്ങണം എന്നതായിരുന്നു ഏറ്റവും നേർപ്പിച്ചു പറഞ്ഞാൽ സമ്മേളനത്തിന്റെ സന്ദേശം. മ്യാൻമറിലേതുപോലെ ഒരു 'ശുചീകരണയജ്ഞം' വേണമെന്നും മുസ്‌ലിം കച്ചവടക്കാരെ ഹിന്ദുക്കളുടെ നഗരങ്ങളിൽനിന്ന് പുറത്താക്കണമെന്നും ഗ്രാമങ്ങളിൽനിന്ന് ആട്ടിപ്പായിക്കണമെന്നും കള്ളക്കേസുകളിൽ കുടുക്കണമെന്നും തുടങ്ങി അവരെ കൊലപ്പെടുത്തി ജയിലുകൾ നിറക്കാൻ തയാറാവണമെന്നുവരെ സമ്മേളനത്തിന്റെ വിവിധ സെഷനുകളിൽ വിദ്വേഷ പ്രസംഗകർ പറഞ്ഞുവെച്ചതായാണ് മാധ്യമങ്ങൾ ചൂണ്ടിക്കാട്ടുന്നത്.

രാഷ്ട്രപിതാവിന്റെ രക്തസാക്ഷി ദിനത്തിൽ അദ്ദേഹത്തിന്റെ ചിത്രത്തിനുനേരെ നിറയൊഴിച്ച് അരിശം തീർക്കുകയും ഘാതകനായ നാഥുറാം ഗോഡ്സെയെ പ്രകീർത്തിക്കുകയും ചെയ്ത പൂജ ശകുൻ പാണ്ഡേ ആയിരുന്നു ഒരു പ്രസംഗക. മുസ്‌ലിംകളോട് അനുഭാവം പുലർത്തിയെന്നാരോപിച്ച് മുൻ പ്രധാന മന്ത്രി ഡോ. മൻമോഹൻ സിങ്ങിനെതിരെയുമുയർന്നു കൊലവിളി. ബി.ജെ.പി നേതാക്കളായ അശ്വിനി കുമാർ ഉപാധ്യായ, ഉദിത ത്യാഗി, ഈയിടെ നരസിംഹാനന്ദിന്റെ കാർമികത്വത്തിൽ മതംമാറ്റം പ്രഖ്യാപിച്ച് ജിതേന്ദ്ര നാരായൺ സിങ് ത്യാഗി എന്ന പേരു സ്വീകരിച്ച മുൻ ശിയാ വഖഫ് ബോർഡ് അധ്യക്ഷൻ തുടങ്ങി നിരവധി പേർ പ്രസംഗകരായെത്തി.

ഹരിദ്വാർ സ്ഥിതി ചെയ്യുന്ന ഉത്തരാഖണ്ഡിലെ മുഖ്യമന്ത്രി പുഷ്കർ സിങ് ധാമി പരസ്യമായി പാദവന്ദനം ചെയ്ത പ്രബോധാനന്ദ ഗിരി സമ്മേളനശേഷം മാധ്യമങ്ങൾക്ക് മുന്നിലും തന്റെ അക്രമ നിലപാടുകൾ ആവർത്തിക്കുകയും പോലീസിനെ ഭയമില്ലെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. പുഷ്കർ സിങ് ധാമിക്ക് പുറമെ ഉത്തർപ്രദേശ് മുഖ്യമന്ത്രി ആദിത്യനാഥിന്റെയും ഉത്തമ സുഹൃത്താണ് ഗിരിയെന്നറിയുമ്പോൾ ഈ നിർഭയത്വത്തിന്റെ സ്രോതസ്സ് വ്യക്തം. ജനവിരുദ്ധതക്കും കർഷക ദ്രോഹത്തിനും ബാലറ്റിലൂടെ കണക്കുചോദിക്കാൻ ഉത്തർപ്രദേശ് ജനത ഒരുങ്ങവെ മുസ്‌ലിം വിരുദ്ധത ആളിക്കത്തിച്ച് വർഗീയ വിഷപ്പുക പരത്തി കാര്യങ്ങൾ അനുകൂലമാക്കിയെടുക്കുകയാണ് ഈ സമ്മേളനം നടത്തിയവരുടെയും നടത്തിച്ചവരുടെയും ഉള്ളിലിരിപ്പ് എന്നത് വ്യക്തമാണ്.

നമ്മെ നടുക്കിക്കളയുന്നത് രാജ്യത്തിന്റെ ഭരണഘടനാ മൂല്യങ്ങളെ പരസ്യമായി വെല്ലുവിളിക്കുന്ന ഇത്തരമൊരു അരുതായ്മ നടന്ന് ദിവസങ്ങൾ കഴിഞ്ഞിട്ടും ഉത്തരവാദികൾക്കെതിരെ അവശ്യമായ നടപടികൾ സ്വീകരിക്കാൻ നിയമപാലന സംവിധാനങ്ങൾ താൽപര്യമെടുത്തില്ല എന്നതാണ്. പരാതിയൊന്നും ലഭിക്കാത്തതുകൊണ്ടാണ് കേസെടുക്കാത്തത് എന്നായിരുന്നു ഹരിദ്വാർ എസ്.പി പ്രതികരിച്ചത്. ഒടുവിൽ സമ്മർദമേറിയപ്പോൾ 5 പേർക്കെതിരെ കേസെടുത്തിട്ടുണ്ട്. ആരെയും അറസ്റ്റ് ചെയ്തിട്ടുമില്ല. ■



# ലിംഗ നിർണയവും ഭ്രൂണഹത്യയും

ഡോ. ടി. കെ യൂസുഫ്
: 9349798262

ഗർഭസ്ഥശിശുവിന്റെ ലിംഗനിർണയം സാധ്യമായതോടുകൂടി ഗർഭാശയത്തിൽ വെച്ചുതന്നെ പെൺഭ്രൂണത്തിന്റെ കഥകഴിക്കുന്ന പ്രവണത വർധിച്ചുവരികയാണ്. ലിംഗ നിർണയം നടത്തുന്നതിന്റെയും ഭ്രൂണഹത്യയുടെയും മതവിധിയെന്താണ്? ഇത് പറയുന്നതിന് മുമ്പായി സന്താന ലബ്ധിയെക്കുറിച്ച് ക്വുർആൻ എന്ത് പറയുന്നു എന്ന് പരിശോധിക്കാം.

സന്താനങ്ങൾ ദൈവത്തിന്റെ വരദാനമാണ്. ഒരാൾക്ക് ആൺകുട്ടികളെ നൽകണമോ അല്ലെങ്കിൽ പെൺകുട്ടികളെ നൽകണമോ അതോ ഇവ രണ്ടുംകൂടി നൽകണമോ അതോ ഒന്നും നൽകേണ്ടതില്ലേ എന്നൊക്കെ തീരുമാനിക്കുന്നത് അവനാണ്. അല്ലാഹു പറയുന്നു: “...അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പെൺമക്കളെ പ്രദാനം ചെയ്യുന്ന. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ ആൺമക്കളെയും പ്രദാനം ചെയ്യുന്നു. അല്ലെങ്കിൽ അവർക്ക് അവൻ ആൺമക്കളെയും പെൺമക്കളെയും ഇടകലർത്തിക്കൊടുക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ വന്ധ്യരാക്കുകയും ചെയ്യുന്നു” (ക്വുർആൻ 42:49,50).

ആൺകുട്ടികളെയും പെൺകുട്ടികളെയും ലഭിക്കുന്നത് അല്ലാഹുവിന്റെ നിശ്ചയപ്രകാരമാണെങ്കിലും ആൺകുട്ടികളെ ആഗ്രഹിക്കുന്നതിനും അതിനുവേണ്ടി പ്രാർഥിക്കുന്നതിനും മതത്തിൽ വിലക്കുകളില്ല. പൂർവ പ്രവാചകന്മാരിൽ ചിലർ ഉത്തമരായ ആൺസന്താനങ്ങൾക്ക് വേണ്ടി പ്രാർഥിച്ചതായും തത്ഫലമായി അവർക്കത് നൽകപ്പെട്ടതായും ക്വുർആനിൽ നമുക്ക് കാണാനാവും. മറ്‌യം ബീവിയുടെ മാതാവ് ആഗ്രഹിച്ചിരുന്നത് തനിക്ക് നേർച്ചയാക്കാൻ ഒരു ആൺകുട്ടി ജനിക്കണമെന്നായിരുന്നു.

എന്നാൽ ഒരാൾ തനിക്ക് പെൺകുട്ടികൾ ജനിച്ചതിന്റെ പേരിൽ ഭാര്യയെ ശകാരിക്കുന്നതും പഴിപറയുന്നതും സ്വയം നിരാശപ്പെട്ട് വിഷമിക്കുന്നതും ഒരു ജാഹിലിയ്യ (അജ്ഞാനകാല) സ്വഭാവമാണ്. ക്വുർആൻ പറയുന്നു:

''അവരിൽ ഒരാൾക്ക് ഒരു പെൺകുഞ്ഞുണ്ടായ സന്തോഷവാർത്ത നൽകപ്പെട്ടാൽ കോപാകുലനായിട്ട് അവന്റെ മുഖം കറുത്തിരുണ്ടു പോകുന്നു. അവന്ന് സന്തോഷവാർത്ത നൽകപ്പെട്ട ആ കാര്യത്തിലുള്ള അപമാനത്താൽ ആളുകളിൽനിന്ന് അവൻ ഒളിച്ച് കളയുന്നു. അപമാനത്തോടെ അതിനെ വെച്ചുകൊണ്ടിരിക്കണമോ, അതല്ല അതിനെ മണ്ണിൽ കുഴിച്ചുമൂടണമോ എന്നതായിരിക്കും അവന്റെ ചിന്ത. ശ്രദ്ധിക്കുക അവർ എടുക്കുന്ന തീരുമാനം എത്ര മോശം'' (ക്വുർആൻ 16:58,59).

ഗർഭാശയത്തിൽ ഭ്രൂണമായി വളരാൻ തുടങ്ങിയ കുഞ്ഞ്, അതിന് എത്രമാസം പ്രായമായലും ശരി അതിന്റെ ലിംഗനിർണയം നടത്തി അതിനെ ഹനിക്കുന്നത് പാടില്ലെന്നാണ് അധിക പണ്ഡിതന്മാരുടെയും വീക്ഷണം. എന്നാൽ നാലാം മാസത്തിൽ ആത്മാവ് സന്നിവേശിപ്പിക്കപ്പെട്ടതിന് ശേഷം ഭ്രൂണത്തിന് ജീവനും ചലനവും തുടങ്ങിക്കഴിഞ്ഞാൽ പിന്നീട് ഗർഭഛിദ്രം നടത്തുന്നത് ഒരു മനുഷ്യജീവനെ അന്യായമായി വധിക്കുന്നതിന്റെ പട്ടികയിൽ പെടുമെന്നാണ് ഭൂരിഭാഗം പണ്ഡിതരും വിലയിരുത്തുന്നത്.

ജീവൻ എന്ന് പറയുമ്പോൾ; രണ്ട് തരത്തിലുള്ള ജീവനുണ്ട് എന്ന് കാണാനാവും. ജീവ കോശങ്ങളായ അണ്ഡത്തിനും ബീജത്തിനുമെല്ലാം ഒരർഥത്തിൽ ജീവനുണ്ട്. എന്നാൽ ഹദീഥുകളിൽ വ്യക്തമാക്കപ്പെട്ടത് പോലെ നാല് മാസം പ്രായമാകുമ്പോഴാണ് ഭ്രൂണത്തിൽ ആത്മാവ് സന്നിവേശിപ്പിക്കപ്പെട്ട് അതിന് സംവേദനവും ചലനവും സാധ്യമാകുന്നത്. ഈ ഘട്ടത്തിലുള്ള ഭ്രൂണഹത്യ പാപം തന്നെയാണ്. കാരണം അതിലൂടെ ഒരു ജീവനെ ഹനിക്കുകയാണ് ചെയ്യുന്നത്. എന്നാൽ ഗർഭധാരണം തടയുന്നതിനുള്ള മറ്റ് മാർഗങ്ങൾ സ്വീകരിക്കുമ്പോഴും ജീവനുള്ള ബീജവും അണ്ഡവും വ്യഥാവിലാകുന്നത് കാരണം ഒരുതരം നരഹത്യ തന്നെയാണ് നടക്കുന്നത് എന്ന് ചിലർ പറയാറുണ്ട്. എന്നാൽ ഗർഭനിരോധന മാർഗങ്ങൾ സ്വീകരിക്കുന്നവർ ഹത്യ നടത്തുന്നു എന്ന് പറയാനാകില്ല. കാരണം ഗർഭധാരണം നടന്നാലും ഇല്ലെങ്കിലും ഓരോ മനുഷ്യനും ഓരോ വേളയിലും മില്യൺ കണക്കിന് ബീജങ്ങളെ സ്രവിപ്പിക്കുന്നുണ്ട്. അതുപോലെ സ്ത്രീയുടെ അണ്ഡാശയവും ജീവിതകാലത്തിനിടയിൽ അനവധി അണ്ഡങ്ങൾ ഉത്പാദിപ്പിക്കുന്നുണ്ട്. അവയെല്ലാം പാഴായിപ്പോകുകതന്നെയാണ് ചെയ്യുന്നത്. നബി(സ്വ)യോട് അനുചരന്മാർ അക്കാലത്ത് പ്രചാരത്തിലുണ്ടായിരുന്ന 'അസ്‌ല്' എന്ന ഗർഭനിരോധന മാർഗത്തെക്കുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹം അത് നിഷിദ്ധമാക്കാതിരുന്നതും ഇതുകൊണ്ട് തന്നെയായിരിക്കും.

ഭ്രൂണ വളർച്ചയുടെ ആദ്യനാളുകളിൽതന്നെ വേണമെങ്കിൽ ലിംഗനിർണയം നടത്തി പെൺകുട്ടിയാണെന്ന് തിരിച്ചറിഞ്ഞ് അതിനെ നിർമാർജനം ചെയ്യാനുള്ള മാർഗങ്ങളും ഇന്ന് പ്രചാരത്തിലുണ്ട്. ഇത്തരം ഘട്ടങ്ങളിൽ ഒരാളെ ഭ്രൂണഹത്യക്ക് പ്രേരിപ്പിക്കുന്നത് പെൺകുട്ടി വേണ്ട എന്ന മനഃസ്ഥിതിയായിരിക്കും. ഇത് പെൺകുട്ടികളെ കുഴിച്ചുമൂടുന്ന ജാഹിലിയ്യത്തിന്റെ ഒരു പരിഷ്‌കൃത രൂപമാണ്. ഇനി ഭാവിയിലെ സാമ്പത്തിക ബാധ്യതകളെ കുറിച്ചുള്ള ഉത്കണ്ഠയാണ് ഇതിന് പ്രേരകമാകുന്നതെങ്കിലും മതപരമായി ഇത് നീതീകരിക്കാനാകുകയില്ല. കാരണം ദാരിദ്ര്യം ഭയന്ന് സന്താനങ്ങളെ വധിക്കുന്നത് ക്വുർആൻ കർശനമായി വിലക്കിയ ഒരു കാര്യമാണ്.

''ദാരിദ്ര്യ ഭയത്താൽ നിങ്ങൾ നിങ്ങളുടെ കുഞ്ഞുങ്ങളെ കൊന്നുകളയരുത്. നാമാണ് അവർക്കും നിങ്ങൾക്കും ഉപജീവനം നൽകുന്നത്. അവരെ കൊല്ലുന്നത് തീർച്ചയായും ഭീമമായ അപരാധമാകുന്നു'' (ക്വുർആൻ 17: 31).

**ആൺകുട്ടികളെയും പെൺകുട്ടികളെയും ലഭിക്കുന്നത് അല്ലാഹുവിന്റെ നിശ്ചയപ്രകാരമാണെങ്കിലും ആൺകുട്ടികളെ ആഗ്രഹിക്കുന്നതിനും അതിനുവേണ്ടി പ്രാർഥിക്കുന്നതിനും മതത്തിൽ വിലക്കുകളില്ല. പൂർവ പ്രവാചകന്മാരിൽ ചിലർ ഉത്തമരായ ആൺസന്താനങ്ങൾക്ക് വേണ്ടി പ്രാർഥിച്ചതായും തത്ഫലമായി അവർക്കത് നൽകപ്പെട്ടതായും ക്വുർആനിൽ നമുക്ക് കാണാനാവും. മറ്‌യം ബീവിയുടെ മാതാവ് ആഗ്രഹിച്ചിരുന്നത് തനിക്ക് നേർച്ചയാക്കാൻ ഒരു ആൺകുട്ടി ജനിക്കണമെന്നായിരുന്നു.**

‘‘...ദാരിദ്ര്യം കാരണമായി സ്വന്തം മക്കളെ നിങ്ങൾ കൊന്നുകളയരുത്. നാമാണ് നിങ്ങൾക്കും അവർക്കും ആഹാരം നൽകുന്നത്. പ്രത്യക്ഷവും പരോക്ഷവുമായ നീചവൃത്തികളെ നിങ്ങൾ സമീപിച്ച് പോകരുത്. അല്ലാഹു പരിപാവനമാക്കിയ ജീവനെ ന്യായപ്രകാരമല്ലാതെ നിങ്ങൾ ഹനിച്ചു കളയരുത്...’’ (ക്വുർആൻ 6: 151).

നാലുമാസത്തിന് ശേഷം ഭ്രൂണഹത്യ നടത്തുന്നത് ശരിക്കും കൊലപാതകം തന്നെയാണ്. കാരണം ഈ ഘട്ടത്തിൽ ശിശുവിന് ജീവനും സംവേദനക്ഷമതയും ഉണ്ടാകുന്നതുകൊണ്ട് ഈ ഘട്ടത്തിൽ അത് അതിനെ നശിപ്പാനുള്ള ശ്രമങ്ങളെ പ്രതിരോധിക്കാറുണ്ട്. ജീവൻ നൽകപ്പെട്ട ഒരു ഗർഭസ്ഥശിശുവിനെ അലസിപ്പിക്കുമ്പോൾ ഈ കൈയേറ്റത്തിനെതിരെ അത് നടത്തുന്ന പോരാട്ടവും ചെറുത്ത് നിൽപും തുറന്ന് കാണിക്കുന്ന ഒരു ഡോക്യുമെന്ററിയുണ്ട്. ‘നിശ്ശബ്ദ നിലവിളി’ എന്ന പേരിലുള്ള ഈ ചിത്രം കണ്ടിറങ്ങിയ പാശ്ചാത്യനാടുകളിലെ ആളുകൾ പോലും നിറ കണ്ണുകളോടെയാണ് തിയേറ്റർ വിട്ടത് എന്നാണ് പറയപ്പെടുന്നത്. ഗർഭാശയത്തിലുള്ള ഒരു കുഞ്ഞ് ഗർഭഛിദ്രത്തിന് വിധേയമാകുമ്പോൾ ആത്മരക്ഷക്ക് വേണ്ടി അത് നടത്തുന്ന കഠിനശ്രമവും, അവസാനം അത് തളരുകയും തകർന്ന് തരിപ്പണമായി പുറത്ത് വരികയും ചെയ്യുന്ന അവസ്ഥകളുമാണ് ഈ ചിത്രത്തിന്റെ ഇതിവൃത്തം. ഭ്രൂണഹത്യയുടെ കിരാതമുഖം അനാവരണം ചെയ്യുന്നതിന് വേണ്ടി മനുഷ്യപ്പറ്റുള്ള ആരെങ്കിലും പുറത്തിറക്കിയതായിരിക്കും ഈ ചിത്രം. അവിഹിത ഗർഭം അരങ്ങുതകർക്കുന്ന പാശ്ചാത്യ രാജ്യങ്ങളിലെ ഒട്ടുമിക്ക ക്രിസ്തീയ സഭകളും ഭ്രൂണഹത്യയെ ഒരു പാതകമായിട്ട് തന്നെയാണ് കാണുന്നത്.

ജാഹിലിയ്യകാലത്ത് പെൺകുട്ടികളെ ജീവനോടെ കുഴിച്ചുമൂടിയിരുന്നു എന്നത് ഒരു ചരിത്ര സത്യമാണ്. പെൺകുട്ടികൾ ജനിക്കുന്നത് അപമാന മായിട്ടായിരുന്നു അവർ കണ്ടിരുന്നത്. ആൺകുട്ടികൾ എത്ര അധികമായാലും അവർക്ക് അഭിമാനം തന്നെയായിരുന്നു. എന്നാൽ ആധുനിക കാലത്ത് സന്താനങ്ങൾ അധികമുണ്ടാകുന്നത് (ആണായാലും പെണ്ണായാലും) ഒരു അപമാനമായിട്ടാണ് പലരും കാണുന്നത്.



**ഭ്രൂണ വളർച്ചയുടെ ആദ്യനാളുകളിൽതന്നെ വേണമെങ്കിൽ ലിംഗ നിർണയം നടത്തി പെൺകുട്ടിയാണെന്ന് തിരിച്ചറിഞ്ഞ് അതിനെ നിർമാർജനം ചെയ്യാനുള്ള മാർഗങ്ങളും ഇന്ന് പ്രചാരത്തിലുണ്ട്. ഇത്തരം ഘട്ടങ്ങളിൽ ഒരാളെ ഭ്രൂണഹത്യക്ക് പ്രേരിപ്പിക്കുന്നത് പെൺകുട്ടി വേണ്ട എന്ന മനഃസ്ഥിതിയായിരിക്കും. ഇത് പെൺകുട്ടികളെ കുഴിച്ചുമൂടുന്ന ജാഹിലിയ്യത്തിന്റെ ഒരു പരിഷ്കൃത രൂപമാണ്. ഇനി ഭാവിയിലെ സാമ്പത്തിക ബാധ്യതകളെ കുറിച്ചുള്ള ഉത്കണ്ഠയാണ് ഇതിന് പ്രേരകമാകുന്നതെങ്കിലും മതപരമായി ഇത് നീതീകരിക്കാനാകുകയില്ല.**

നമ്മുടെ നാട്ടിലെ ദുഷിച്ച സ്ത്രീധന വ്യവസ്ഥ കാരണം പെൺകുട്ടികൾ ഒരു ഭാരമായിത്തീരുകയും അവരുടെ വിവാഹം ഭീമമായ സാമ്പത്തിക ബാധ്യതയുണ്ടാക്കുകയും ചെയ്യുന്നുണ്ട്. അതുകൊണ്ട് തന്നെയാണ് ലിംഗനിർണയവും ഭ്രൂണഹത്യയും ഒരുമിച്ച് നടത്താൻ സൗകര്യമുള്ള കേന്ദ്രങ്ങൾ നിയമവിധേയമല്ലെങ്കിലും പലയിടത്തും വളർന്നുവരുന്നത്. സാമ്പത്തികബാധ്യത കാരണം ഭ്രൂണഹത്യനടത്തുന്നതും ദാരിദ്ര്യം കാരണം കുഞ്ഞുങ്ങളെ കൊന്നുകളയുന്നതും തമ്മിൽ മതപരമായി അന്തരമൊന്നുമില്ല. ഭ്രൂണത്തിന് ജീവനും സംവേദനവും ഉണ്ടെന്നും, അതിന് അമ്മയുടെയും ചുറ്റുപാടുകളിലെയും ശബ്ദം കേൾക്കാൻ കഴിയുമെന്നുമുള്ള കാര്യം ഇന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടതാണ്.

ഒരു ശിശു ജനിച്ചതിന് ശേഷം അതിനെ വധിക്കുകയാണെങ്കിൽ അത് കരുണതേടുന്നതും അലമുറയിടുന്നതും നമുക്ക് അറിയാനാകും. എന്നാൽ ഗർഭാശയത്തിലാകുമ്പോൾ ആ ദയനീയ രംഗം നമുക്ക് ദൃശ്യമാകുകയില്ലെന്ന് മാത്രം. അന്ത്യദിനത്തിൽ, ജീവനോടെ കുഴിച്ചുമൂടപ്പെട്ട പെൺകുട്ടിയോട് താൻ ഏതൊരു കുറ്റത്തിനാണ് കൊല്ലപ്പെട്ടത് എന്ന് ചോദിക്കുമെന്ന് ക്വുർആൻ 81:9 ൽ പറയുന്നുണ്ട്. അതുകൊണ്ട് തന്നെ ഭ്രൂണഹത്യക്ക് വിധേയമാകുന്ന കുഞ്ഞുങ്ങളുടെ ’എന്തിനുവേണ്ടി വധിക്കപ്പെട്ടു’ എന്ന ചോദ്യത്തിന് മറുപടി പറയാൻ ഭ്രൂണഹത്യനടത്തുന്നവർ ബാധ്യസ്ഥരായിരിക്കും. ■

# സ്ത്രീ സുരക്ഷാനിയമങ്ങൾ

അബൂഫായിദ




സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളെ ഫലപ്രദമായി നേരിടുന്നതിനും സ്ത്രീയുടെ അന്തസ്സും അഭിമാനവും കാത്തുസൂക്ഷിച്ചുകൊണ്ടുള്ള ഒരു സാമൂഹ്യക്രമം കൊണ്ടുവരുന്നതിനുമായി കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ പല നിയമ നിർമാണങ്ങളും നടത്തിയിട്ടുണ്ട്. അവയിൽപെട്ട ഏതാനും നിയമങ്ങൾ മനസ്സിലാക്കാം:

1. ബലാത്സംഗം (Rape): ഇന്ത്യൻ ശിക്ഷാനിയമം 376 (1)ാം വകുപ്പിൽ ബലാത്സംഗത്തിന്റെ ശിക്ഷ ഏറ്റവും കൂടിയത് ജീവപരന്ത്യം തടവും കുറഞ്ഞത് 7 വർഷവുമായി നിജപ്പെടുത്തിയിരിക്കുന്നു. എന്നാൽ 376(2)ാം ഉപവകുപ്പുപ്രകാരം ഏറ്റവും കുറഞ്ഞ ശിക്ഷ 10 വർഷമാക്കിയിരിക്കുന്നു.
2. മാനഭംഗം (Oturaging Modesty): ഇന്ത്യൻ ശിക്ഷാനിയമം 354ാം വകുപ്പുപ്രകാരം ഒരു സ്ത്രീയോട് മര്യാദ ലംഘനം നടത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി അവളുടെ ശരീരത്തിൽ സ്പർശിച്ചാൽ 2 വർഷം തടവുശിക്ഷ ലഭിക്കും.
3. സ്ത്രീധന മരണം (Dowry Death): ഇന്ത്യൻ ശിക്ഷാനിയമം 304ബി വകുപ്പു പ്രകാരം വിവാഹത്തിനു ശേഷം 7 വർഷങ്ങൾക്കുള്ളിൽ തീപ്പൊള്ളൽകൊണ്ടോ അല്ലെങ്കിൽ മറ്റേതെങ്കിലും അസ്വാഭാവിക സാഹചര്യങ്ങളിലോ ഒരു സ്ത്രീയുടെ മരണം സംഭവിക്കുകയും മരണത്തിന് തൊട്ടുമുമ്പ് സ്ത്രീധനം ആവശ്യപ്പെട്ടുകൊണ്ട് ഭർത്താവോ ബന്ധുക്കളോ അവളെ പീഡിപ്പിച്ചിട്ടുണ്ടെന്ന് കാണുകയും ചെയ്താൽ ആ മരണത്തെ 'സ്ത്രീധന മരണം' എന്നു പറയാം. സ്ത്രീധന മരണത്തിന് കുറ്റക്കാരായവർക്ക് ജീവപരന്ത്യം തടവുശിക്ഷവരെ ലഭിക്കാം. ശിക്ഷ 7 വർഷത്തിൽ കുറയാൻ പാടില്ല.
4. ഭർത്താവോ ഭർത്താവിന്റെ ബന്ധുക്കളോ ചെയ്യുന്ന ക്രൂരത (Cruelty by husband or relatives of husband): ഇന്ത്യൻ ശിക്ഷാനിയമം 498(എ) വകുപ്പിൽ സ്ത്രീപീഡനത്തെപ്പറ്റി പ്രതിപാദിക്കുന്നു. ഒരു സ്ത്രീയുടെ ഭർത്താവോ അല്ലെങ്കിൽ ഭർത്താവിന്റെ ഏതെങ്കിലും ബന്ധുവോ ഒരു സ്ത്രീയെ ക്രൂരതക്ക് വിധേയയാക്കുകയാണെങ്കിൽ 3 വർഷത്തോളം വരുന്ന തടവുശിക്ഷയോ പിഴയോ ലഭിക്കാവുന്നതാണ്.
5. ആളപഹരണവും തട്ടികൊണ്ടുപോകലും (Kidnapping and Abduction): ഇന്ത്യൻ ശിക്ഷാനിയമം 366 പ്രകാരം ഒരു സ്ത്രീയെ അപഹരിച്ചുകൊണ്ടുപോകുകയോ തട്ടികൊണ്ടുപോകുകയോ ചെയ്യുകയോ അവളെ ഇഷ്ടത്തിന് വിപരീതമായി വിവാഹത്തിനോ ലൈംഗിക വേഴ്ചയ്ക്കോ പ്രേരിപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ 10 വർഷംവരെ തടവു ശിക്ഷ ലഭിക്കാം.
6. സ്ത്രീകളെ ശല്യം ചെയ്യൽ (Eve Teasing / Sexual Harrasment): ഒരു സ്ത്രീയുടെ മര്യാദയെ ലംഘിക്കണമെന്ന ഉദ്ദേശത്തോടുകൂടി ഏതെങ്കിലും വാക്കുകൾ ഉച്ചരിക്കുകയോ ഏന്തെങ്കിലും ചേഷ്ടകൾ കാണിക്കുകയോ ചെയ്താൽ ഒരു വർഷം തടവുശിക്ഷ ലഭിക്കാം. ഫോണിൽകൂടിയോ എഴുത്തുകളിൽ കൂടിയോ ശല്യം ചെയ്യുന്നതും ഇന്ത്യൻശിക്ഷാനിയമം 294 (ബി) പ്രകാരം അശ്ലീല വാക്കുകൾ പറയുകയോ അശ്ലീല ഗാനങ്ങൾ പാടുകയോ ചെയ്യുന്നതും 3 മാസം തടവുശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യമാണ്.
7. ഗർഭഛിദ്രവും ഗർഭസ്ഥ ശിശുവിന്റെ മരണം സംഭവിപ്പിക്കുന്നതും (Causing miscarriage and pr-eventing child from being born alive): ഇന്ത്യൻ ശിക്ഷാനിയമം 313ാം വകുപ്പു പ്രകാരം സ്ത്രീയുടെ സമ്മതമില്ലാതെ ഗർഭഛിദ്രം നടത്തുന്നത് 10 വർഷം വരെ തടവുശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്.
8. വിവാഹവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ (Offence relating to marriage): നിയമപരമായി വിവാഹം ചെയ്യാതെ ഒരു സ്ത്രീയോടൊപ്പം താമസിക്കുകയും ഭാര്യയാണെന്ന് വിശ്വസിപ്പിച്ചു കൊണ്ട് അവരുമായി ലൈംഗികവേഴ്ച നടത്തുകയും ചെയ്താൽ ഇന്ത്യൻ ശിക്ഷാ നിയമം 493ാം വകുപ്പുപ്രകാരം 10 വർഷം വരെ തടവുശിക്ഷ ലഭിക്കാം.
10. സ്ത്രീധന നിരോധന നിയമം (Dowary Prohibition Act 1961): ഈ നിയമത്തിന്റെ 3ാം വകുപ്പുപ്രകാരം സ്ത്രീധനം വാങ്ങുന്നതും കൊടുക്കുന്നതും 5 വർഷം തടവുശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യമാണ്.

**ചൂഷണം എന്ന വാക്കിന് പകരം വയ്ക്കാനുള്ള പേരായി മാറിയിരിക്കുന്നു പെണ്ണെന്ന പദം. കുടുംബകങ്ങളിലും കലാലയങ്ങളിലും തൊഴിലിടങ്ങളിലും കപട ഉദാത്തവൽക്കരണത്തിലൂടെ ചൂഷണത്തിന്റെ പുതിയ മാനം കണ്ടെത്തുകയാണ് പൊതുസമൂഹം.**



# പെൺ ചൂഷണം; സർവം ശ്രേണീ ബന്ധിതം

അലി ചെമ്മാട്
: 94951 83332

ആവശ്യകതയും ലഭ്യതയും തമ്മിലുള്ള സന്തുലിതാവസ്ഥ നിലനിൽക്കുക എന്നത് ധനതത്വശാസ്ത്രത്തിൽ വളരെ പ്രാധാന്യമുള്ള കാര്യമാണ്; വ്യാപാര, വ്യവസായ മേഖലകളെ ആരോഗ്യത്തോടെ നിലനിർത്തുന്ന അടിസ്ഥാന ഘടകവും.

ഒരു പ്രത്യേക ഉൽപന്നത്തിന് ആവശ്യകത കൂടുകയും ലഭ്യത കുറയുകയും ചെയ്താൽ അതിന്റെ വില കുത്തനെ കൂടും. മറ്റൊരു ഉൽപന്നത്തിന്റെ ലഭ്യത കൂടുകയും ആവശ്യകത കുറയുകയും ചെയ്താൽ വില കുത്തനെ കുറയും. ഉദാഹരണത്തിന് പ്രളയകാലത്തുണ്ടായ തക്കാളിയുടെ വിലവർധനവെടുക്കാം. കിലോക്ക് പത്തുരൂപ വിലയുണ്ടായിരുന്ന തക്കാളി പ്രളയം കാരണം നശിക്കുകയും ആവശ്യകത നിലനിൽക്കുകയും ചെയ്തതുകൊണ്ട് അതിന്റെ

വില 100 രൂപ വരെ എത്തി. ഈ തത്ത്വം മനുഷ്യവിഭവശേഷിയുടെ കാര്യത്തിലും പ്രായോഗികമാണ്.

അറ്റ്‌ലാന്റിക് അടിമവ്യാപാരം ചരിത്രമാണ്. യൂറോപ്പിലെ പ്രഭുക്കൾക്ക് തോട്ടങ്ങളിലും ഖനികളിലും നിർമാണ മേഖലകളിലും വേലചെയ്യാൻ ആളെ ലഭ്യമല്ലാതിരുന്ന സമയത്ത് അവർ കണ്ടെത്തിയ എളുപ്പമാർഗമാണത്. ആഫ്രിക്കയിൽനിന്ന് മനുഷ്യരെ മൃഗങ്ങളെപ്പോലെ വേട്ടയാടി കപ്പലിൽ കുത്തിനിറച്ച് യൂറോപ്പിലേക്ക് എത്തിക്കുക, അവരെ അടിമകളാക്കി എല്ലുമുറിയെ പണിയെടുപ്പിക്കുക, ആവശ്യക്കാർക്ക് മാർക്കറ്റിൽ വിൽക്കുക...! അവർ മരിച്ചാൽ അവരുടെ മൃതദേഹത്തിന് സായിപ്പിന്റെ ചത്തപട്ടിക്ക് നൽകിയിരുന്ന പരിഗണന പോലും നൽകിയിരുന്നില്ല. മനുഷ്യചരിത്രത്തിൽ ഇത്രത്തോളം കൊടിയ മനുഷ്യാവകാശ ലംഘനങ്ങൾ ഉണ്ടായിട്ടുണ്ടോ എന്നത് സംശയമാണ്. ലോകത്ത് നടമാടിയ കൂട്ടക്കുരുതികളും അക്രമങ്ങളും മറ്റൊരു വശമാണ്.

പെണ്ണിനെ പണിയെടുപ്പിക്കാൻ പാകത്തിൽ പരുവപ്പെടുത്തുന്നതിന്റെ തയ്യാറെടുപ്പുകൾ ഇന്ന് സ്കൂളുകളിൽ നിന്ന് തന്നെ തുടങ്ങുന്നു. അതിന്റെ മറ്റൊരു വശമാണ് സ്ത്രീ സൗന്ദര്യത്തെ മാർക്കറ്റിംഗ് ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തൽ. അതിന്റെ ഭാഗമാണ് പുരുഷൻ തയ്യാറാക്കുന്ന യൂണിഫോം, സ്ത്രീ ഡ്രസ്സ്കോഡ്, ഫാഷൻ ഡിസൈനിംഗ് തുടങ്ങിയവ പുരുഷഭാവന തന്നെ. എന്തിനാണ് അവൾക്ക് മാത്രം ഹൈ-ഹീൽ ചെരിപ്പുകൾ ? വസ്ത്രം ധരിക്കുന്ന പെൺ ശരീരത്തിൽ എന്തെല്ലാം പ്രോജക്റ്റ് ചെയ്യപ്പെടണം എന്ന് പുരുഷൻ തീരുമാനിക്കും. അത് അവൾ അടിമയായി അനുസരിക്കും. എന്നിട്ടവൾ പറയും; ഞാൻ സ്വതന്ത്രയെന്ന് !

ധനതത്വശാസ്ത്രത്തിലെ ഉൽപന്നവും ഡിമാന്റും തമ്മിലുള്ള സന്തുലിതാവസ്ഥ നിലനിൽക്കുക, നിലനിർത്തുക എന്നത് വളരെ പ്രസക്തമാണ്. ഉപഭോക്താവിന് ഉൽപന്നം ഡിമാന്റില്ലാതെ ലഭ്യമാകണം; മനുഷ്യവിഭവശേഷി ആയാലും. അതായിരുന്നല്ലോ അറ്റ്‌ലാന്റിക് അടിമവ്യാപാരം. അതിന്നും തുടരുന്നു. അഫ്രിക്കൻസിനു പകരം സ്ത്രീ എന്ന മാറ്റം മാത്രം.

മനുഷ്യവിഭവശേഷി ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങളും പ്രദേശങ്ങളും ഉണ്ട്; കയറ്റി അയക്കുന്നവരും. ജനസംഖ്യയിൽ സ്ത്രീ-പുരുഷാനുപാതം ഏകദേശം തുല്യമാണ്. പുരുഷൻ ജീവിതവിഭവം തേടി കണ്ടെത്തുക, സ്ത്രീ കുടുംബത്തെയും കുട്ടികളെയും പരിപാലിക്കുക എന്നതാണ് മനുഷ്യപ്രകൃതി. മനുഷ്യമനസ്സ് മാത്രമല്ല മനുഷ്യമേനിയും അങ്ങനെ തന്നെ.

വ്യാപാര വ്യവസായം വളർന്നു വരുന്നതിന് ആനുപാതികമായി മനുഷ്യവിഭവശേഷിയുടെ ആവശ്യകതയും കൂടി. ഫലത്തിൽ അതിന്റെ വിലയും കൂടി. അതിനു പരിഹാരമായാണ് കയറ്റുമതിയും ഇറക്കുമതിയും. ജനസംഖ്യ കുത്തനെ കുറഞ്ഞ രാജ്യങ്ങളിൽ വിഭവശേഷി മാർക്കറ്റിൽ വില കൂടിയതിന് പരിഹാരമായാണ് സ്ത്രീകളെക്കൂടി വിഭവശേഷി മാർക്കറ്റിൽ ഇറക്കിയത്. പണ്ട് ആഫ്രിക്കയിൽനിന്ന് മനുഷ്യരെ വേട്ടയാടിയ യൂറോപ്പിലെ പുതിയ തലമുറ. സ്ത്രീകളുടെ മനുഷ്യവിഭവശേഷി മാർക്കറ്റിൽ ലഭ്യമാക്കിയതിൽ രണ്ടുണ്ട് ഗുണം. ഒന്ന്, വില കുത്തനെ കുറഞ്ഞു. രണ്ട്, പുരുഷ കസ്റ്റമേഴ്സിനെ കൂടുതൽ തൃപ്തരാക്കും. ഇത് രണ്ടും വസ്തുതകളാണ്.

സ്ത്രീയുടെ വിവാഹപ്രായം 21 വയസ്സ് എന്നത് നിയമമാക്കുന്ന ഇന്ത്യയിൽ, കുടുംബ കെട്ടുപാടില്ലാതെ കൂടെക്കൂടലും കിടക്ക പങ്കിടലും സ്വവർഗ രതിയും നിയമമാക്കിയ ഇന്ത്യയിൽ, പുരുഷവേഷം കെട്ടിച്ചു സ്ത്രീകളെ ചൂഷണം ചെയ്യുന്ന ഇന്ത്യയിൽ, ലോകത്ത്; പെൺപവർ മുതലാളിമാർക്ക് ചൂഷണം ചെയ്യാനുള്ള, കുറഞ്ഞ വിലക്ക് ലഭിക്കാനുള്ള സാധ്യതകൾ ഉണ്ടാക്കുകയല്ലേ ഇത്തരം നിയമങ്ങളിലൂടെ, ഡ്രസ്സ് കോഡുകളിലൂടെ സർക്കാരും വിദ്യാഭ്യാസ സ്ഥാപനങ്ങളും ഫെമിനിസ്റ്റുകളും ലിബറലുകളും ചെയ്തുകൊണ്ടിരിക്കുന്നത്? വിവാഹത്തിൽനിന്ന് മാറ്റിനിർത്തപ്പെടുന്ന

**പെണ്ണിനെ പണിയെടുപ്പിക്കാൻ പാകത്തിൽ പരുവപ്പെടുത്തുന്നതിന്റെ തയ്യാറെടുപ്പുകൾ ഇന്ന് സ്കൂളുകളിൽനിന്ന് തന്നെ തുടങ്ങുന്നു. അതിന്റെ മറ്റൊരു വശമാണ് സ്ത്രീ സൗന്ദര്യത്തെ മാർക്കറ്റിംഗ് ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തൽ. അതിന്റെ ഭാഗമാണ് പുരുഷൻ തയ്യാറാക്കുന്ന യൂണിഫോം. സ്ത്രീ ഡ്രസ്സ്കോഡ്, ഫാഷൻ ഡിസൈനിംഗ് തുടങ്ങിയവ പുരുഷഭാവന തന്നെ. എന്തിനാണ് അവൾക്ക് മാത്രം ഹൈ ഹീൽ ചെരിപ്പുകൾ? വസ്ത്രം ധരിക്കുന്ന പെൺ ശരീരത്തിൽ എന്തെല്ലാം പ്രോജക്റ്റ് ചെയ്യപ്പെടണം എന്ന് പുരുഷൻ തീരുമാനിക്കും. അത് അവൾ അടിമയായി അനുസരിക്കും. എന്നിട്ടവൾ പറയും; ഞാൻ സ്വതന്ത്രയെന്ന്!**

പെൺകുട്ടികൾ സ്വാഭാവികമായും വിഭവശേഷി കമ്പോളത്തിൽ എത്തിപ്പെടും. വിഭവശേഷിയുടെ വില ഇനിയും കുത്തനെ കുറയും, കുത്തക മുത ലാളിമാർക്ക് കൂടുതൽ ലാഭം കൊയ്യാം. മാത്രമല്ല, മാർക്കറ്റിലിറങ്ങുന്ന പെണ്ണിന്റെ പണം അവളുടെ വാങ്ങൽ ശേഷി കൂട്ടും. അവൾ വാങ്ങാൻ നിർബന്ധി തയാകും. അതിലൂടെ കൂടുതൽ ലാഭം കുത്തകക ൾക്ക് തന്നെ! മണി ചെയിൻ പോലെ, നെറ്റ്‌വർക്ക് മാർക്കറ്റ് പോലെ ഇതൊരു ചൂഷണ ശൃംഖലയാണ്. ഞാനും നിങ്ങളും സർക്കാറുകളും നിയമകൂടങ്ങളും നിയമപാലകരും സമൂഹവും കുടുംബവും വ്യക്തിയും ഉൾപ്പെടെ രാജ്യത്തെ, ലോകത്തെ എല്ലാം ഉൾക്കൊള്ളുന്ന ഒരു ചൂഷണ ശ്രേണി! അതിലെ ഇരകൾ പോലും ആ ചൂഷണശ്രേണിയുടെ പതാകവാഹകർ! ഇതിലേറെ എന്തുവേണം യജമാന വർഗത്തിന്?

തൊഴിൽമേഖലയിലെ സ്ത്രീകളെക്കുറിച്ച് ഗൂഗിൾ സേർച്ച് ചെയ്യൂ. (ആദ്യ റിസൾട്ടിന്റെ സ്ക്രീൻഷോട്ട് കാണുക). ഒട്ടുമിക്ക റിസൽട്ടുകളും പഠനങ്ങളോ ഗാലപ് പോളുകളോ ആണ്. അതിലെല്ലാം വളരെ പ്രധാന്യപൂർവം പറഞ്ഞ്കാര്യങ്ങൾ ആദ്യ റിസൽട്ടിലും ഉണ്ട്. 1) പുരുഷന്നും സ്ത്രീക്കും തമ്മിലുള്ള ശമ്പളവ്യത്യാസം. പുരുഷന് കൂടുതൽ, സ്ത്രീക്ക് തുച്ഛം. ഉൽപന്നവും ഡിമാന്റും തമ്മിലുള്ള സന്തുലിതത്വത്തിന് പകരം അസന്തുലിതത്വം. മാർക്കറ്റിൽ വില കുറഞ്ഞ വിഭവശേഷിയായി പെൺപവർ ധാരാളം കിട്ടുന്നു. അതുകൊണ്ട് തന്നെ പുരുഷനെക്കാൾ കൂടുതൽ ജോലികൾ സ്ത്രീകൾക്ക് ലഭ്യമാകുന്നു.

ഇതിന്റെ ഏറ്റവും പരിതാപകരമായ വശം, ഭാവിയിൽ ചില പരിമിത മേഖലകളിൽ ഒഴികെ പുരുഷന് അവസരങ്ങൾ ഇല്ലാതാവുകയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും താളം തെറ്റിക്കുകയും ഊടും പാവും തകർക്കുകയും ചെയ്യും. കുടുംബങ്ങൾ കുറഞ്ഞ വരുമാനത്തിലേക്കും ദാരിദ്ര്യത്തിലേക്കും കഷ്ടപ്പാടിലേക്കും കൂപ്പുകുത്തും. കുട്ടികളുടെ അരക്ഷിതാവസ്ഥയും വർധിപ്പിക്കും. ഇതിന്റെയൊക്കെ ഭവിഷ്യത്ത് അതിഭീകരമായിരിക്കും.

സ്ത്രീ ശാക്തീകരണ മുദ്രാവാക്യങ്ങളിലൂടെ സ്ത്രീചൂഷണവും പീഡനവും യഥേഷ്ടം നടക്കുന്നു. നമ്മുടെ പ്രാഥമിക ഭരണസംവിധാന (പഞ്ചായത്ത്) തെരഞ്ഞെടുപ്പുകളിൽ 50 ശതമാനം സ്ത്രീ സംവരണമാണ്. അസംബ്ലിയിലേക്കും പാർലമെന്റിലക്കും ഈ വനിതാ സംവരണം ഇല്ലാത്തതെന്തേ? അർഹതപ്പെട്ടരുടെ അവസരങ്ങൾ പോലും നിഷേധിക്കപ്പെടുകയല്ലേ ചെയ്യുന്നത്? പാർലമെന്റും നിയമസഭയും നിയമ, നയരൂപീകരണ ബോഡിയാണ്. അവിടെ സ്ത്രീകൾക്ക് പ്രവേശനം നിരോധിക്കുന്നു. എന്തുകൊണ്ട് പഞ്ചായത്തിൽ, നഗരസഭയിൽ മാത്രം സംവരണം? അവിടെ നിയമ നിർമാണമില്ല, നയരൂപീകരണവും! കൂടാതെ അംഗങ്ങൾ നന്നായി പണിയെടുക്കണം. വരുമാനം പേരിന് മാത്രം. അതുകൊണ്ട് പുരുഷനേതാവിനത് വേണ്ട. സ്ത്രീ ശാക്തീകരണം എന്ന പരസ്യവും ധാരാളം!

ഭരണകർത്താക്കൾക്കിടയിലെ സ്ത്രീ ചൂഷണത്തിന്റെ ഉന്നതോദാഹരണം. നമ്മുടെ നാട്ടിൽ ഹരിതകർമസേന എന്ന പേരിൽ കുറെ പഞ്ചായത്ത്/മുനിസിപ്പൽ ഉദ്യോഗസ്ഥർ വീടുകളിൽ വരാറുണ്ട്. പ്ലാസ്റ്റിക് മാലിന്യ സംസ്കരണ ബോധവത്ക്കരണമാണ് ലക്ഷ്യം. പ്ലാസ്റ്റിക് കത്തിച്ചാൽ വരുന്ന കേസും ശിക്ഷയും തുടങ്ങിയവയെല്ലാം അവർ ബോധ്യപ്പെടുത്തും, താക്കീത് ചെയ്യും. കൂട്ടത്തിൽ മാലിന്യം തിരഞ്ഞു കെട്ടുകളാക്കി വണ്ടിയിൽ കയറ്റി കൊണ്ടു പോകുകയും ചെയ്യും. സർക്കാർ വക സ്ത്രീ ശാക്തീകരണത്തിന്റെ മകുടോദാഹരണം. മാളുകളും ആശുപത്രികളും സ്ത്രീ തൊഴിലാളികളെക്കൊ

സ്ത്രീ ശാക്തീകരണ മുദ്രാവാക്യങ്ങളിലൂടെ സ്ത്രീചൂഷണവും പീഡനവും യഥേഷ്ടം നടക്കുന്നു. നമ്മുടെ പ്രാഥമിക ഭരണസംവിധാന (പഞ്ചായത്ത്) തെരഞ്ഞെടുപ്പുകളിൽ 50 ശതമാനം സ്ത്രീ സംവരണമാണ്. അസ്സംബ്ലിയിലേക്കും പാർലമെന്റിലക്കും ഈ വനിതാ സംവരണം ഇല്ലാത്തതെന്തേ? അർഹതപ്പെട്ടരുടെ അവസരങ്ങൾ പോലും നിഷേധിക്കപ്പെടുകയല്ലേ ചെയ്യുന്നത്? പാർലമെന്റും നിയമസഭയും നിയമ, നയരൂപീകരണ ബോഡിയാണ്. അവിടെ സ്ത്രീകൾക്ക് പ്രവേശനം നിരോധിക്കുന്നു. എന്തുകൊണ്ട് പഞ്ചായത്തിൽ, നഗരസഭയിൽ മാത്രം സംവരണം? അവിടെ നിയമ നിർമാണമില്ല, നയരൂപീകരണവും! കൂടാതെ അംഗങ്ങൾ നന്നായി പണിയെടുക്കണം. വരുമാനം പേരിന് മാത്രം. അതുകൊണ്ട് പുരുഷനേതാവിനത് വേണ്ട. സ്ത്രീ ശാക്തീകരണം എന്ന പരസ്യവും ധാരാളം!



ണ്ട് നിറഞ്ഞിരിക്കുന്നു. സ്ത്രീ ശാക്തീകരണം തന്നെ! പക്ഷേ, ജോലി ക്ലീനിങ്ങും ഹൗസ് കീപ്പിങ്ങും. അത് സ്ത്രീകൾക്ക് മാത്രം പരിമിതപ്പെടുത്തിയിരിക്കുന്നു എന്നതാണ് വസ്തുത. മുതലാളിമാർക്ക് സ്ത്രീകളിലെ ഏറ്റവും വലിയ ആകർഷണീയത കുറഞ്ഞ കൂലിയും അർപ്പണബോധവുമാണ്. ഇതൊന്നും സ്വാഭാവികമായി സംഭവിക്കുന്നതല്ല. കൃത്യമായ ആസൂത്രണമികവിൽ രൂപപ്പെടുത്തിയെടുക്കുന്നതാണ്.

ജോലി ചെയ്യുന്ന സ്ത്രീകളുടെ, പുരുഷന്മാർക്കില്ലാത്ത മറ്റൊരു പ്രശ്നമാണ് പെട്ടെന്ന് ജോലിയിൽ നിന്ന് പിരിച്ചുവിടൽ. യാതൊരു ജോലി സുരക്ഷിതത്വവും സ്ത്രീ തൊഴിലാളികൾക്കില്ല. ഏതാനും സർക്കാർ / അർധസർക്കാർ ജീവനക്കാർ ഒഴിച്ച് ഒട്ടുമിക്ക മേഖലകളിലും നിസ്സാര കാര്യങ്ങൾക്ക് പോലും അവർ ജോലിയിൽനിന്ന് പിരിച്ചുവിടപ്പെടുന്നു. ഗർഭിണിയാകുന്നതോടെ ജോലി നഷ്ടപ്പെടുന്നു. പല സ്വകാര്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന സ്ത്രീകൾക്ക് 150 രൂപയിൽ താഴെ മാത്രമാണ് ദിവസ വരുമാനം. എക്കൗണ്ട്സിൽ പ്രവർത്തിക്കുന്നവർക്ക് പോലും പ്രതിമാസം ആറായിരം രൂപ ശമ്പളത്തിൽ തൃപ്തിപ്പെടേണ്ടി വരുന്നുണ്ട്. അവളുടെ താഴെ തസ്തികയിൽ ജോലി ചെയ്യുന്ന പുരുഷന്മാർക്ക് മൂന്നിരട്ടി ശമ്പളം അവൾ തന്നെ നൽകി റസീറ്റ് ഒപ്പിട്ട് വാങ്ങാൻ കൽപിക്കപ്പെട്ടിരിക്കുന്നു എന്നത് എന്തുമാത്രം ദയനീയമല്ല!

എത്ര വലിയ രീതിയിൽ she-friendly toilet ആഘോഷങ്ങൾ നടക്കുന്നുണ്ട്! എങ്കിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും തൊഴിലിടങ്ങളിലും സ്ത്രീകർ നേരിടുന്ന വലിയ പ്രശ്നമാണ് ശുചിയിടങ്ങളുടെ അപര്യാപ്തത. അവരുടെ, മാസത്തിലെ പ്രത്യേക ദിവസങ്ങളിൽ ഔദ്യോഗികയാത്രകളും ഫീൽഡ് പ്രവർത്തനങ്ങളും വന്നാൽ ദുരിതം ഇരട്ടിയാകും. ഇതൊന്നും ഷെയർ ചെയ്യാൻ പോലും പറ്റാത്ത അവസ്ഥയിലാണ് പല സ്ത്രീകളും.

ജോലി ചെയ്യുന്ന സ്ത്രീകൾക്ക് കുടുംബമായി ജീവിക്കാൻ തീരെ സമയമില്ല. കേരളത്തിലെ സ്ത്രീ വിമോചനത്തിന്റെ ലോഗോ ആയി കാണിക്കുന്ന ഒരു മൂന്നാംകിട പ്രാസംഗിക തന്റെ ഔദ്യോഗിക കുടുംബ ജീവിത സന്തുലന കഷ്ടപ്പാടുകൾ അക്കമിട്ടു നിരത്തുന്നുണ്ട് ഒരു യുക്തിവാദ വേദിയിൽ.

കുടുംബത്തിൽ നിന്ന് അത്യാവശ്യ ആശ്വാസവും പിന്തുണയും ലഭിക്കാത്ത സ്ത്രീകൾ ഒരു ഭാഗത്ത്. കുടുംബത്തിനു വേണ്ടി ഒന്നും ചെയ്യാൻ കഴിയാത്ത സ്ത്രീകൾ മറുഭാഗത്ത്. അതോടൊപ്പം മാതാവിന്റെ ലാളനയും പരിഗണനയും, എന്തിന് അമ്മിഞ്ഞ പോലും ആവശ്യത്തിനു ലഭിക്കാത്ത കുഞ്ഞുങ്ങളും! നമ്മുടെ കുടുംബങ്ങളുടെയും ബന്ധങ്ങളുടെയും ഊഷ്മളതയും സർഗാത്മകതയും തകരുകയ

ല്ലേ ചെയ്യുന്നത്? കുഞ്ഞിന് അമ്മിഞ്ഞക്ക് പകരം കുപ്പിപ്പാൽ! അമ്മയുടെ മാറിലെ ചൂടിന് പകരം ശീതീകരണ യന്ത്രത്തിന്റെയോ ഫാനിന്റെയോ കാറ്റ്. താരാട്ടിനു പകരം മൊബൈലിൽനിന്നുയുന്ന കഠോര സംഗീതം. ഈ കുഞ്ഞുങ്ങളുടെ ഭാവി എന്താകും?

അവരുടെ ഭാവി കട്ടയിൽ കിടന്നു കതിര് വരുകയോ ഉണങ്ങിപ്പോവുകയോ ചെയ്തേക്കാം. പലരും നല്ലനിലയിൽ വളരും. ചിലരെങ്കിലും സമൂഹത്തിനു ബാധ്യതയായിത്തീരും. (അവർ അവർക്കും കുടുംബത്തിനും സമൂഹത്തിനും നാടിനും പ്രശ്നം മാത്രമായിരിക്കും).

രണ്ടു സംഭവങ്ങൾ പറയട്ടെ; രണ്ടും യൂറോപ്യന്മാരുടെ കാര്യം. അബൂദാബിയിൽ ബ്രിട്ടീഷ് കമ്പനിയിൽ ജോലി ചെയ്യുന്ന എന്റെ ഒരു സുഹൃത്ത് കമ്പനിയിലെ ഒരു ബ്രിട്ടീഷ് എഞ്ചിനീയറോട് അദ്ദേഹത്തിന്റെ കുടുംബത്തെ കുറിച്ചു കുശലാന്വേഷണം നടത്തി.

'നിന്റെ മകൻ എവിടെയാണ്?'

'അവൻ റുവൈസിലോ മറ്റോ ഉണ്ടെന്നു തോന്നുന്നു, കുറെ കാലമായി അവനെ കുറിച്ച് വിവരമൊന്നുമില്ല!'

'നിന്റെ അമ്മ ഇപ്പോൾ എവിടെയാണ്?'

'ഒരു പക്ഷേ, അവർ എന്റെ സഹോദരിയുടെ കൂടെ ഫ്രാൻസിലുണ്ടാകും എന്ന് തോന്നുന്നു. എനിക്കറിയില്ല!'

ഇതാണ് യൂറോപ്പിലെ കുടുംബബന്ധം. അവർ കുടുംബമെന്ന, സമൂഹമെന്ന കെട്ടുപാടില്ലാതെ വ്യക്തികൾ മാത്രമായി 'സ്വതന്ത്രരായി,' 'സ്വതന്ത്ര ചിന്തകരായി' ജീവിക്കുന്നു. കൂട്ടത്തിൽ മാതാപിതാക്കളെ പരിഗണിക്കുന്നവരും ഉണ്ടെന്ന കാര്യം വിസ്മരിക്കുന്നില്ല.

മറ്റൊരു സംഭവം ഇത് തെളിയിക്കുന്നു. കേരളത്തിലെ വളരെ പ്രമുഖനായ ഒരു വ്യക്തി, യൂറോപ്പിൽ ഡൊമസ്റ്റിക് വിമാനത്തിൽ യാത്ര ചെയ്ത അനുഭവം പങ്കുവച്ചതാണ്. ഒരു യൂറോപ്യൻ വയോധികൻ അദ്ദേഹത്തിന്റെ അടുത്ത സീറ്റിൽ യാത്ര ചെയ്യുന്നു. അദ്ദേഹം ഏറെ സന്തോഷവാനാണ്. മലയാളി കാര്യം തിരക്കി:

''താങ്കൾക്ക് എന്തുകൊണ്ട് ഇത്രവലിയ സന്തോഷം?''

''ഞാനാണ് ലോകത്തിലെ ഏറ്റവും സന്തോഷവാനും ഭാഗ്യവാനുമായ പിതാവ്!''

''എന്തുകൊണ്ട്?''

''ഇന്ന് എന്റെ മകന്റെ കല്യാണമാണ്. കല്യാണത്തിന് അവൻ എന്നെ ക്ഷണിച്ചിട്ടുണ്ട്. ഞാൻ എന്റെ മകന്റെ കല്യാണ ക്ഷണം സ്വീകരിച്ചു കല്യാണത്തിൽ പങ്കെടുക്കാൻ പോവുകയാണ്!''

എങ്ങനെയുണ്ട്? ഇത്രയും 'മഹത്തരമാണ്' യൂറോപ്യൻ കുടുംബ ബന്ധങ്ങൾ, ജീവിതങ്ങൾ. ഇതിലേക്ക് നാമും എടുത്തെറിയപ്പെടും സമീപ ഭാവിയിൽ.

**നമ്മുടെ നാട്ടിൽ ഹരിതകർമസേന എന്ന പേരിൽ കുറെ പഞ്ചായത്ത്/മുനിസിപ്പൽ ഉദ്യോഗസ്ഥർ വീടുകളിൽ വരാറുണ്ട്. പ്ലാസ്റ്റിക് മാലിന്യ സംസ്കരണ ബോധവത്ക്കരണമാണ് ലക്ഷ്യം. പ്ലാസ്റ്റിക് കത്തിച്ചാൽ വരുന്ന കേസും ശിക്ഷയും തുടങ്ങിയവയെല്ലാം അവർ ബോധ്യപ്പെടുത്തും, താക്കീത് ചെയ്യും. കൂട്ടത്തിൽ മാലിന്യം തിരഞ്ഞു കെട്ടുകളാക്കി വണ്ടിയിൽ കയറ്റി കൊണ്ടു പോകുകയും ചെയ്യും. സർക്കാർ വക സ്ത്രീ ശാക്തീകരണത്തിന്റെ മകുടോദാഹരണം. മാളുകളും ആശുപത്രികളും സ്ത്രീ തൊഴിലാളികളെ കൊണ്ട് നിറഞ്ഞിരിക്കുന്നു. സ്ത്രീ ശാക്തീകരണം തന്നെ! പക്ഷേ, ജോലി ക്ലീനിങ്ങും ഹൗസ് കീപ്പിങ്ങും. അത് സ്ത്രീകൾക്ക് മാത്രം പരിമിതപ്പെടുത്തിയിരിക്കുന്നു എന്നതാണ് വസ്തുത. മുതലാളിമാർക്ക് സ്ത്രീകളിലെ ഏറ്റവും വലിയ ആകർഷണീയത കുറഞ്ഞ കൂലിയും അർപ്പണ ബോധവുമാണ്. ഇതൊന്നും സ്വാഭാവികമായി സംഭവിക്കുന്നതല്ല. കൃത്യമായ ആസൂത്രണ മികവിൽ രൂപപ്പെടുത്തിയെടുക്കുന്നതാണ്.**

## കൊറോണ വാർത്ത

കൊറോണ ഭീതിയിൽ ലോകം നടുങ്ങിയ സമയത്തെ ചില വാർത്തകൾ വായിക്കുക.

1) യൂറോപ്പിൽ ഒരു വൃദ്ധസദനത്തിൽ അവിടുത്തെ ജീവനക്കാർ കൊറോണ ഭയം കാരണം ഓടിപ്പോയി. അവിടുത്തെ അഭയാർഥികൾ ഭക്ഷണവും വെള്ളവും ചികിത്സയും കിട്ടാതെ പട്ടിണികിടന്നു മരിച്ചു. ശവങ്ങൾ പുഴുവരിച്ചു കിടന്നു.

> **അസാന്മാർഗിക ജീവിതത്തിൽനിന്നും അപഥ സഞ്ചാരത്തിൽനിന്നും വ്യക്തികളെ സംരക്ഷിച്ചുനിർത്തുന്ന സുപ്രധാന ഘടകമാണ് വിവാഹം. വ്യക്തികളുടെ മാനസികവും ശാരീരികവും വൈകാരികവുമായ വളർച്ചക്കും വികാസത്തിനും വിവാഹം അത്യന്താപേക്ഷിതമാണ്. സദാചാരം നിലനിർത്തുന്നതിനും ചാരിത്ര്യസംരക്ഷണത്തിനും വ്യക്തികളെ സഹായിക്കുന്ന ശക്തമായ സംവിധാനമാണ് വിവാഹ ജീവിതം. മനുഷ്യവംശത്തിന്റെ വർധനവിനും സമൂഹത്തിന്റെ സാംസ്കാരിക അഭിവൃദ്ധിക്കും വ്യക്തികളുടെ സന്തുലിത വികാസത്തിനും വിവാഹത്തെ അനുപേക്ഷണീയമായി ഇസ്‌ലാം കണക്കാക്കുന്നു.**

2) അമേരിക്കയിലെ വിരമിച്ച സൈനികർക്കായുള്ള സർക്കാർ വൃദ്ധമന്ദിരത്തിലും ഇതുതന്നെ സംഭവിച്ചു. പരിചരിക്കാനും ഭക്ഷണവും വെള്ളവും നൽകാനും ആളില്ലാതെ ചില മുൻ അമേരിക്കൻ സൈനികരും ഇതുപോലെ മരിച്ചു പുഴുവരിച്ചു.

ഗൾഫ് യുദ്ധകാലത്ത് അതിനെ ന്യായീകരിച്ച് അമേരിക്കൻ പ്രസിഡന്റ് ലോകത്തോട് വിളിച്ചു പറഞ്ഞതുകൂടെ ചേർത്ത് വായിക്കുക: ''അമേരിക്കൻ പൗരന്മാർ ലോകത്ത് എവിടെയാണെങ്കിലും അവരുടെ സുരക്ഷിതത്വവും അവകാശങ്ങളും അമേരിക്കയുടെ ബാധ്യതയാണ്, അത് എന്ത് വില കൊടുത്തും സംരക്ഷിക്കും.'' എന്നിട്ടും സ്വന്തം പട്ടാളക്കാരുടെ അവസ്ഥ ഇങ്ങനെയായി മാറി!

3) നോർത്ത് ഇന്ത്യയിൽനിന്ന് കൊറോണ ബാധിച്ച് ആന്ധ്രയിൽ എത്തിയ പിതാവിന്റെയും മകളുടെയും സംഭവം. അച്ഛനെ ഗ്രാമത്തിലേക്കോ വീട്ടിലേക്കോ നാട്ടുകാരും ഭാര്യയും അടുപ്പിച്ചില്ല. പക്ഷേ, അവരെയെല്ലാം അവഗണിച്ചു പാടത്തുവെച്ച് മകൾ അച്ഛനെ പരിചരിച്ചു, അവസാനമായി വെള്ളംനൽകിയാത്രയാക്കി.

ഇതാണ് യൂറോപ്യൻ, അമേരിക്കൻ, ഇന്ത്യൻ സംസ്കാരങ്ങളുടെയും കുടുംബ ബന്ധങ്ങളുടെയും നേർചിത്രം. അമേരിക്കയുടെയും യൂറോപ്പിന്റെയും സംസ്കാരവും കുടുംബ ബന്ധങ്ങളുമാണ് നമ്മെ കാത്തിരിക്കുന്നത്. അതിലേക്കാണ് നാം നയിക്കപ്പെടുന്നത്. അതിനെയാണ് നാം സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

മലപ്പുറത്തെ നാസ്തിക നേതാവ് ജബ്ബാർ യൂറോപ്യൻ സന്തോഷത്തെ കുറിച്ച് ചില പ്രസംഗങ്ങളിൽ വാചാലനാകുന്നുണ്ട്; അവിടെ പ്രായമായവർ മക്കളുടെയും കൊച്ചുമക്കളുടെയും ശല്യമില്ലാതെ അവരുടെതായ ലോകത്ത് സ്വതന്ത്രമായി സന്തോഷത്തോടെ ജീവിക്കുകയാണെന്ന്. കൊറോണക്കാലത്ത് യൂറോപ്പിലെയും അമേരിക്കയിലെയും വൃദ്ധമരണങ്ങളും ഇയാളുടെ സന്തോഷ മാനദണ്ഡവും ചേർത്ത് വായിക്കുക; ആരാണ് നമ്മെ ഈ രീതിയിലേക്ക് തെളിച്ചുകൊണ്ടിരിക്കുന്നത് എന്ന് ബോധ്യമാകും. നാസ്തികത കുടുംബ സംവിധാനത്തിന് എതിരാണ്. അവർക്ക് വേണ്ടത് കുടുംബമെന്ന കെട്ടുപാടില്ലാത്ത സ്വതന്ത്ര ലോകമാണ്... അവരെ കരുതിയിരിക്കുക.

## ഇസ്‌ലാമിക കുടുംബം

മതനിഷേധികൾ കുടുംബജീവിതത്തെ എല്ലാ ചൂഷണങ്ങളുടെയും നിദാനമായി കണക്കാക്കിപ്പോരുന്നുവെങ്കിൽ ഇസ്‌ലാം നന്മയുടെയും തിന്മയുടെയും നിദാനം കുടുംബ ജീവിതമാണെന്നും അതിനാൽ നന്മയിലേക്ക് നയിക്കുന്ന വിധമാവണം കുടുംബജീവിതമെന്നും അനുശാസിക്കുന്നു. സ്ത്രീയും പുരുഷനും വിവാഹബന്ധത്തിൽ ഏർപ്പെടുന്നതിന്നു മുമ്പുതന്നെ ജീവിതപങ്കാളിയെ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധപതിപ്പിക്കണമെന്നും അല്ലാതിരുന്നാൽ അനർഥങ്ങൾ സംഭവിക്കുമെന്നും മതം നമ്മെ പഠിപ്പിക്കുന്നു.

കുടുംബ സംവിധാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അല്ലാഹു പറയുന്നു: ''മനുഷ്യരേ, നിങ്ങളെ ഒരേ ആത്മാവിൽനിന്ന് സൃഷ്ടിക്കുകയും അതിൽനിന്നുതന്നെ അതിന്റെ ഇണയെയും സൃഷ്ടിക്കുകയും അവർ ഇരുവരിൽനിന്നുമായി ധാരാളം പുരുഷന്മാരെയും സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്തവനായ നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ സൂക്ഷിക്കുവിൻ. ഏതൊരു അല്ലാഹുവിന്റെ പേരിൽ നിങ്ങൾ അന്യോന്യം ചോദിച്ചുകൊണ്ടിരിക്കുന്നുവോ, അവനെ നിങ്ങൾ സൂക്ഷിക്കുക. കുടുംബ ബന്ധങ്ങളെയും (നിങ്ങൾ സൂക്ഷിക്കുക). തീർച്ചയായും അല്ലാഹു നിങ്ങളെ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നവനാണ്''



(ഖുർആൻ 4:1).

അസാന്മാർഗിക ജീവിതത്തിൽനിന്നും അപഥ സഞ്ചാരത്തിൽനിന്നും വ്യക്തികളെ സംരക്ഷിച്ചു നിർത്തുന്ന സുപ്രധാന ഘടകമാണ് വിവാഹം. വ്യക്തികളുടെ മാനസികവും ശാരീരികവും വൈകാരികവുമായ വളർച്ചക്കും വികാസത്തിനും വിവാഹം അത്യന്താപേക്ഷിതമാണ്. സദാചാരം നിലനിർത്തുന്നതിനും ചാരിത്ര്യസംരക്ഷണത്തിനും വ്യക്തികളെ സഹായിക്കുന്ന ശക്തമായ സംവിധാനമാണ് വിവാഹ ജീവിതം. മനുഷ്യവംശത്തിന്റെ വർധനവിനും സമൂഹത്തിന്റെ സാംസ്കാരിക അഭിവൃദ്ധിക്കും വ്യക്തികളുടെ സന്തുലിത വികാസത്തിനും വിവാഹത്തെ അനുപേക്ഷണീയമായി ഇസ്‌ലാം കണക്കാക്കുന്നു.

മനുഷ്യവർഗത്തിന്റെ നിലനിൽപിന് സന്താനോൽപാദനം അനിവാര്യമാകുന്നു. മനുഷ്യവർഗത്തിന്റെ നിലനിൽപിനു വേണ്ടി സന്താനോൽപാദന പ്രക്രിയയിൽ പങ്കാളിയാവുക വഴി ദമ്പതികൾ ദൈവസ്നേഹത്തിന് പാത്രീഭൂതരാകുന്നു.

ദാമ്പത്യജീവിതം വിശ്വാസികൾക്ക് മനസ്സമാധാനമേകുന്നതാണ്. അല്ലാഹു പറയുന്നു:

''നിങ്ങൾക്ക് സമാധാനപൂർവം ഒത്തുചേരേണ്ടതിനായി നിങ്ങളിൽനിന്നു തന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിക്കുകയും, നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തതും അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതത്രെ. തീർച്ചയായും അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്'' (ഖുർആൻ 30: 21).

തികച്ചും അന്യരായിരുന്ന രണ്ടു വ്യക്തികൾ വിവാഹത്തിലൂടെ ഒന്നായി മാറുകയാണ്. പരസ്പരം ആഴമേറിയ സ്നേഹം അവർക്കിടയിൽ വേരുപിടിക്കുന്നു. ഈ സ്നേഹവും കാരുണ്യവും അല്ലാഹുവാണ് ഉണ്ടാക്കിത്തരുന്നത്. കാരുണ്യവും സ്നേഹവും ദാമ്പത്യജീവിതത്തിൻെറ അനിവാര്യ ഘടകങ്ങളാണ്. സത്യവിശ്വാസത്തിൽ അധിഷ്ഠിതമായ ദാമ്പത്യത്തിൽ ജീവിതാവസാനംവരെയും ഇവ നിലനിർത്താൻ സാധിക്കുമെന്നതിൽ സംശയമില്ല.

ഭൗതിക ജീവിതത്തിനും പാരത്രിക വിജയത്തിനും സദ്‌വൃത്തരായ ഭാര്യയും ഭർത്താവും പരസ്പര സഹകാരികളായിരിക്കും. ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാനും ഇതരരുടെ അവകാശങ്ങൾ വകവെച്ചുകൊടുക്കാനും മനുഷ്യനെ പാകപ്പെടുത്തിയെടുക്കാൻ വിവാഹത്തിലൂടെ സാധിക്കുന്നു. പ്രഥമമായി ഇണകളോടും തുടർന്ന് സന്താനങ്ങളോടുമുള്ള നിയതമായ ഉത്തരവാദിത്തങ്ങൾ യഥാവിധി നിർവഹിക്കാൻ മനസ്സിനെ പാകപ്പെടുത്തിയെടുക്കുന്നതിൽ വിവാഹത്തിന് അനൽപമായ പങ്കുണ്ട്. ഇണകളോടുള്ള ബാധ്യതകൾ നിർവഹിക്കുക, അവരുടെ അവകാശങ്ങൾ വകവെച്ചുകൊടുക്കുക, അവരിൽനിന്നുണ്ടാകുന്ന പിഴവുകൾ സഹിക്കുകയും ക്ഷമിക്കുകയും ചെയ്യുക, അവരുടെ സംസ്കരണത്തിന് പരിശ്രമിക്കുക, അവരെ മതപരമായ ചിട്ടയിൽ വളർത്താൻ യത്നിക്കുക, അവർക്കു വേണ്ടി അനുവദനീയമായ ധനം സമ്പാദിക്കുക, സന്താനപരിപാലനം ശരിയായ രീതിയിൽ നിർവഹിക്കുക എന്നിവയെല്ലാം വിവാഹത്തിലൂടെ നിർവഹിക്കപ്പെടുന്ന മഹിതമായ കർമങ്ങളാകുന്നു.

ഇതെല്ലാമാണ് മുസ്‌ലിം കുടുംബം. ക്ഷാമകാലത്തും ക്ഷേമകാലത്തും സന്താഷവേളയിലും സന്താപസമയത്തും വിശ്വാസത്തിന്റെ കരുത്തിൽ അവർ സന്തോഷത്തോടെ ജീവിക്കും. ആ അന്തരീക്ഷത്തിൽ വളർന്ന മക്കൾ മാതാപിതാക്കൾക്ക് വയസ്സാകുമ്പോൾ അവരെ കടത്തിണ്ണയിലോ വൃദ്ധസദനത്തിലോ കൊണ്ടുപോയി തള്ളില്ല. കാരണം അവരുടെ ജീവിതത്തിന് ഉന്നതമായ ഒരു ലക്ഷ്യമുണ്ട്. ആ ലക്ഷ്യം സാക്ഷാത്കൃതമാകണമെങ്കിൽ മാതാപിതാക്കളെ സംരക്ഷിക്കുകയും ആദരിക്കുകയും പരിഗണിക്കുകയും ചെയ്യൽ അനിവാര്യമാണ്.

സ്വതന്ത്ര വാദികൾക്കാകട്ടെ ഇതെല്ലാം വെറും സ്വപ്നങ്ങൾ മാത്രമായിരിക്കും. അണ്ടിയോ മാങ്ങയോ മൂത്തത് എന്ന തർക്കം അവർക്കിടയിൽ എന്നും നിലനിൽക്കും. അനുസരണം അവരുടെ തത്ത്വശാസ്ത്ര പ്രകാരം അടിമത്തമാണല്ലോ. അതിനാൽ ഇണകൾക്കിടയിൽ പരസ്പരം അനുസരണ കാണിക്കുന്ന ശീലമുണ്ടാകില്ല. ഇരുവരും അവർക്ക് ഇഷ്ടമുള്ളതുപോലെ ജീവിക്കും. അതാണല്ലോ സ്വതന്ത്ര ചിന്ത പഠിപ്പിക്കുന്നത്. മക്കൾക്ക് മാതാപിതാക്കളോട് ഒരു ബാധ്യതയുമുണ്ടാകില്ല. കുഞ്ഞുങ്ങൾ വിരിഞ്ഞിറങ്ങിയാൽ മുട്ടത്തോടും ആ കുഞ്ഞുങ്ങളും തമ്മിൽ ഒരു ബന്ധവുമില്ലാത്തതുപോലെ മക്കൾ സ്വന്തം കാലിൽ നിൽക്കാനായാൽ പിന്നെ മാതാപിതാക്കളും അവരും തമ്മിൽ ബന്ധം നിലനിർത്തേണ്ടതിന്റെ ആവശ്യമില്ല എന്നാണല്ലോ 'യുക്തി ചിന്ത' പഠിപ്പിക്കുന്നത്.



# സുരക്ഷിത ഭക്ഷണം

ഡോ. റസീല
: 9946486868

നമ്മൾ കഴിക്കുന്ന ഭക്ഷണം സുരക്ഷിതമായിരിക്കണം. അതോടൊപ്പം ആരോഗ്യം വർധിപ്പിക്കാനും സാധിക്കുന്നതായിരിക്കണം. ഇന്ന് ഒരുപാട് പ്രോസസ്ഡ് ഫുഡ് അഥവാ റെഡി ടു ഈറ്റ് ഭക്ഷണങ്ങൾ വിപണിയിൽ ലഭ്യമാണ്. നേരിട്ട് കൃഷി ചെയ്തെടുക്കുന്ന ഭക്ഷണത്തിന്റെ സുരക്ഷ ഇത്തരം ഫാസ്റ്റ് ഫുഡുകൾക്ക് നൽകാനാവില്ല. ഗുണമേന്മ കൊണ്ടും പോഷകമൂല്യം കൊണ്ടും സുരക്ഷ ഉറപ്പാക്കാൻ ഭക്ഷണങ്ങൾക്ക് സാധിക്കണം.

വർത്തമാന കാലത്ത് ഭക്ഷ്യ സുരക്ഷ നൂറുശതമാനവും ഉറപ്പാക്കുന്നില്ലെന്നതിൽ സംശയമില്ല. കാരണം ഫുഡ് ഫ്ളേവറിങ്ങിനും മറ്റുമായി ഉപയോഗിക്കുന്ന സാധനങ്ങൾ എത്രത്തോളം ഗുണമേന്മയുള്ളതാണെന്ന് വ്യക്തമല്ല.

## പ്രോസസ്ഡ് ഫുഡ് എന്ന വില്ലൻ

ഇന്ന് പൊതുവെ എല്ലാവരും ജോലിക്ക് പോകുന്നവരാണ്. സമയക്കുറവ് മൂലം പ്രോസസ്ഡ് ഭക്ഷണത്തെ ആശ്രയിക്കേണ്ടി വരും. എന്നാൽ പരമാവധി ഇത്തരം ഭക്ഷണങ്ങളെ ഒഴിവാക്കുന്നതാണ് നല്ലത്. ഇതുപോലെ ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യമാണ് മാർക്കറ്റിൽ ലഭിക്കുന്ന ന്യൂട്രിയന്റ് സപ്ലിമെന്റുകൾ. ഡോക്ടറുടെ കുറിപ്പടിയില്ലാതെ ഇത്തരം സപ്ലിമെന്റുകളെ ആശ്രയിക്കുന്നത് അപകടം വിളിച്ചുവരുത്തും. ശരീരഭാരം കുറയ്ക്കാം, അസുഖങ്ങൾ വരില്ല എന്ന പേരിൽ വിപണിയിലുള്ള ഇത്തരം സാധനങ്ങളുടെ ആധികാരിത പരിശോധിക്കേണ്ടത് അത്യാവശ്യമാണ്.

## ആരോഗ്യം പ്രദാനം ചെയ്യുന്ന ഭക്ഷണ രീതി

ആരോഗ്യമുള്ള ഭക്ഷണരീതിയെ കുറിച്ചുള്ള അറിവില്ലായ്മ ഒരു പ്രശ്നം തന്നെയാണ്. ചപ്പാത്തി ആരോഗ്യത്തിന് ഏറ്റവും നല്ലതാണെന്നാണ് പൊതുബോധം. എന്നാൽ നമ്മൾ കഴിക്കുന്ന കഞ്ഞിയും പയറുമൊക്കെയാണ് ഏറ്റവും നല്ലത്. വീട്ടിൽ തയ്യാറാക്കുന്ന ചപ്പാത്തി നല്ലതാണ്. എന്നാൽ മാർക്കറ്റിൽ ലഭിക്കുന്ന റെഡി ടു കുക്ക് ചപ്പാത്തി ആരോഗ്യത്തിന് അത്ര നല്ലതാവണമെന്നില്ല. അത് എത്ര ദിവസം വെച്ചതായിരിക്കും, അതിൽ ഫുഡ് ഫ്ളേവറുകൾ ഉപയോഗിച്ചിട്ടുണ്ടോ? ഇതൊന്നും വ്യക്തമല്ലല്ലോ. തുടർച്ചയായി ഇത്തരത്തിൽ പ്രോസസ്ഡ് ഫുഡ് കഴിക്കുന്നത് ആരോഗ്യത്തിന് ഹാനികരമാണ്.

## സമീകൃതാഹാരം

ഹൈ പ്രോട്ടീൻ ഡയറ്റ് പിന്തുടരുന്നതാണ് ആരോഗ്യത്തിന് നല്ലത് എന്ന ചിന്ത സമൂഹത്തിലുണ്ട്. കുട്ടികൾ ജിമ്മിൽ പോവുകയും വില കൂടിയ പ്രോട്ടീൻ പൗഡറുകൾ ധാരാളം വാങ്ങി കഴിക്കുകയും ചെയ്യുന്നത് ഇന്ന് പതിവാണ്. പയറുവർഗങ്ങൾ, മാംസാഹാരങ്ങൾ എന്നിവയിൽ തന്നെ ധാരാളം പ്രോട്ടീനുണ്ട്. ഒരുപാട് പ്രോട്ടീൻ, ഇറച്ചി എന്നിവ വലിച്ചുവാരി കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന ചിന്തയാണ് മാറ്റേണ്ടത്. ബാലൻസ്ഡ് ഡയറ്റ് അഥവാ സമീകൃത ആഹാരമാണ് കഴിക്കേണ്ടത്. എല്ലാത്തരം പോഷകങ്ങളും ശരീരത്തിന് അത്യാവശ്യമാണ്. ഇതെല്ലാം കൃത്യമായ അളവിൽ ശരീരത്തിൽ എത്തിയാൽ മാത്രമെ കാര്യമുള്ളൂ. അപ്പോഴാണ് പ്രതിരോധ ശക്തി ലഭിക്കുക. അതുപോലെതന്നെ പ്രധാനമാണ് വെള്ളം കുടിക്കുന്നത്. നല്ല ഭക്ഷണത്തോടൊപ്പം ധാരാളം വെള്ളം കുടിക്കേണ്ടതും അത്യാവശ്യമാണ്.

വൈറ്റമിൻ സി നല്ലതാണെന്ന് പറഞ്ഞ് ധാരാളം ഗുളികകൾ വാങ്ങി കഴിക്കേണ്ട ആവശ്യമില്ല. നമുക്ക് പ്രാദേശികമായി ലഭ്യമാകുന്ന നെല്ലിക്ക, ചാമ്പക്ക എന്നിവയിൽ തന്നെ ധാരാളം വൈറ്റമിൻ സി ഉണ്ട്. എന്നാൽ നെല്ലിക്ക ധാരാളമായി ഉപയോഗിക്കുന്നതും നല്ലതല്ല. എല്ലാം ആവശ്യത്തിന് മാത്രം ഉപയോഗിക്കുക.



# ലിംഗനീതിയും ലിംഗസമത്വവും

മുഫീദ് ടി.കെ, പാലക്കാഴി
: 9207525244

ഇസ്‌ലാം പ്രകൃതിമതമാണ്. പ്രകൃതിയിൽ സ്ത്രീക്കും പുരുഷനും അവരുടെതായ സ്വത്വമുണ്ട്. അതുകൊണ്ട് അതിനെ കളങ്കപ്പെടുത്തി ജീവിക്കാൻ സ്ത്രീക്കും പുരുഷനും അവകാശമില്ല. വസ്ത്രധാരണത്തിലും ആൺ-പെൺ വ്യതിരിക്തത പുലർത്തണമെന്നാണ് ഇസ്‌ലാമിക കാഴ്ചപ്പാട്. സ്ത്രീ പുരുഷന്റെ വസ്ത്രം ധരിക്കുന്നതും പുരുഷൻ സ്ത്രീയുടെ വേഷമണിയുന്നതും നിഷിദ്ധമാണെന്ന് നബി(സ്വ) പ്രഖ്യാപിച്ചിട്ടുണ്ട്.

വസ്ത്രധാരണം ഇസ്‌ലാമിക വ്യക്തിത്വത്തെ പ്രകാശിപ്പിക്കുന്നവിധം മാന്യവും അന്തസ്സുറ്റതുമാകാനാവശ്യമായ എല്ലാ നിയമ നിർദേശങ്ങളും ഇസ്‌ലാം നൽകിയിട്ടുണ്ട്. അവ പാലിക്കാൻ വിശ്വാസികൾ ബാധ്യസ്ഥരാണ്.

ലിംഗനീതി (Gender Justice), ലിംഗസമത്വം (Gender Equality) തുടങ്ങിയ സംജ്ഞകൾ ചർച്ച ചെയ്യപ്പെടാൻ തുടങ്ങിയിട്ട് കാലമേറെയായി. ലിംഗരാഹിത്യമെന്നോ ലിംഗനിഷ്പക്ഷത എന്നോ വ്യവഹരിക്കപ്പെടാവുന്ന Gender Neutrality ആണ് സമകാലിക ചർച്ചാവിഷയം. സ്ത്രീവിമോചനമെന്ന ഫെമിനിസത്തിന്റെ മുഖമുദ്ര ഏതാണ്ട് ഇല്ലാതായമട്ടാണ്. ഈ വിഷയങ്ങളുടെയെല്ലാം മർമം സമൂഹത്തിൽ സ്ത്രീ അനുഭവിക്കുന്ന അധഃസ്ഥിതിക്കും വിവേചനങ്ങൾക്കും പരിഹാരമുണ്ടാവണം എന്നതാണല്ലോ.

സ്ത്രീയും പുരുഷനും ഒന്നിച്ചു ചേർന്നുകൊണ്ടല്ലാതെ സമൂഹത്തിനു മുന്നോട്ടു നീങ്ങാനാവില്ല. അത് പ്രകൃതി നിയമമാണ്. അഥവാ സ്രഷ്ടാവിന്റെ വ്യവസ്ഥയാണ്. ഇതിൽ ആരാണ് മികച്ചത്, ആരാണ് താഴ്ന്നത് എന്ന ചർച്ച തന്നെ അപ്രസക്തമാണ്. കാരണം ഓരോ വിഭാഗത്തിനും കുടുംബ, സമൂഹനിർമാണ പ്രക്രിയയിൽ വ്യത്യസ്തമായ റോളുകളുണ്ട്. അവ യഥാവിധി നിർവഹിക്കപ്പെടുമ്പോൾ കുടുംബവും സമൂഹവും നന്നായിത്തീരുന്നു.

താരതമ്യേന ദുർബലരായ സ്ത്രീവിഭാഗം വിവേചനങ്ങൾക്കും അടിച്ചമർത്തലുകൾക്കും വിധേയമാകുന്ന സ്ഥിതിവിശേഷം പുതിയതായി ഉത്ഭവിച്ചതല്ല. സ്ത്രീജന്മം തന്നെ അധമമാണെന്ന് 'വിശ്വസിച്ച' സമൂഹങ്ങൾ കഴിഞ്ഞുപോയിട്ടുണ്ട്. പലവിധത്തിൽ കഷ്ടതകൾ മാത്രം തരണം ചെയ്ത് സ്ത്രീകൾ കഴിഞ്ഞുകൂടുന്ന സമൂഹങ്ങൾ ഉണ്ടായിട്ടുണ്ട്. സാമൂഹിക പരിഷ്കർത്താക്കളും യഥാർഥ മതവിശ്വാസികളും ഈ നിലപാടിനെതിരെ പ്രവർത്തിച്ചിട്ടുണ്ട്. ഇതിന്റെയൊക്കെ ബാക്കിപത്രമാണ് ആധുനിക യുഗത്തിൽ സ്ത്രീ സമുദ്ധാരണ പ്രവർത്തനങ്ങളും പ്രസ്ഥാനങ്ങളും.

ദുർബല വിഭാഗങ്ങൾക്ക് വിവേചനരഹിതമായ ജീവിതസാഹചര്യം നൽകിക്കൊണ്ട് മുഖ്യധാരയിലേക്ക് അവരെ നയിക്കുക

എന്ന നയമാണ് സർക്കാറുകൾ സ്വീകരിച്ചു വരുന്നത്. കുട്ടികൾ, വൃദ്ധജനങ്ങൾ, ഭിന്ന ശേഷിക്കാർ, മത, ജാതി, വർഗ, ഭാഷാ ന്യൂനപക്ഷങ്ങൾ; ചരിത്രപരമായ കാരണ ങ്ങളാൽ പാർശ്വവത്കരിക്കപ്പെട്ട ജനവിഭാ ഗങ്ങൾ തുടങ്ങിയ ദുർബല വിഭാഗങ്ങളുടെ ശാക്തീകരണത്തിലൂടെ മാത്രമെ സമൂഹ പുരോഗതി നേടാനാവൂ.

കാലങ്ങളായി പല കാരണങ്ങളാൽ പിൻതള്ളപ്പെട്ടുപോയ സ്ത്രീകളെ മുന്നോട്ടു നയിക്കാൻ സന്നദ്ധസംഘങ്ങളും സാമൂഹിക പരിഷ്കർത്താക്കളും രംഗത്തുവന്നു. സർക്കാറുകൾ സ്ത്രീ ശാക്തീകരണത്തിനായി നിയമനിർമാണം നടത്തി. 'സ്ത്രീ ശാക്തീ കരണത്തിലൂടെ സമൂഹ സമുദ്ധാരണം' എന്ന മുദ്രാവാക്യം പൊതുവിൽ അംഗീ കരിക്കപ്പെട്ടു. ഭരണ സംവിധാനങ്ങളിലെ സ്ത്രീ സംവരണവും സ്ത്രീ പീഡനങ്ങൾക്ക് ശിക്ഷയും ഭരണകൂടം ഏർപ്പെടുത്തിക്കൊ ണ്ടിരിക്കുന്നത് ഈ നിലപാടിലാണ്.


എന്നാൽ നിയമങ്ങൾ കൊണ്ടോ മറ്റു നിലയിലുള്ള മുന്നേറ്റങ്ങൾ കൊണ്ടോ താത്കാലികമായി നേടേണ്ട ഒരു സംഗതി യല്ല സ്ത്രീ ശാക്തീകരണം. പുരുഷൻ സ്ത്രീക്കു കൊടുക്കേണ്ട ഔദാര്യവുമല്ല. മനുഷ്യന്റെ മനോഭാവമാണ് മാറേണ്ടത്. പുരുഷനും സ്ത്രീയും ചേർന്നതാണ് കുടുംബം. കുടും ബങ്ങൾ ചേർന്നതാണല്ലോ സമൂഹം. ഇണകൾ -ദമ്പതികൾ- ചേർന്ന് കുടുംബ ങ്ങൾ രൂപപ്പെടുന്നു. സമൂഹത്തിന്റെ ചെറിയ ഏകകമാണ് കുടുംബം. കുടുംബത്തിൽ സ്ത്രീയും പുരുഷനും ഇല്ല. ഇണകൾ, മാതാ പിതാക്കൾ, സഹോദരീസഹോദരൻമാർ, മക്കൾ തുടങ്ങിയ ബന്ധങ്ങളാണുള്ളത്. ഈ ബന്ധങ്ങളാണ് മൃഗീയതയിൽ നിന്ന് മാന വികതയെ വ്യതിരിക്തമാക്കുന്നത്. ബന്ധ വിശുദ്ധിയുടെ ഈ ബലിഷ്ഠ കവചമാണ് കുടുംബത്തിന്റെയും സമൂഹത്തിന്റെയും ഭദ്രത നിലനിർത്തുന്നത്.

കുടുംബത്തിൽ ഒരാൾക്ക് നേതൃത്വം ഉണ്ടാകണമല്ലോ. ആ നേതൃത്വം പുരുഷനിൽ അർപ്പിതമായിട്ടാണ് പൊതുവെ കാണപ്പെ ടുന്നത്. ഇത് സ്ത്രീവിവേചനമല്ല; നേതൃത്വം പുരുഷനായതിനാൽ പുരുഷാധിപത്യം എന്ന് പറയുന്നതിലും അർഥമില്ല. പകരം സ്ത്രീക്ക് നേതൃത്വം നൽകിയാലോ? 'പെണ്ണാ ധിപത്യം' എന്ന ആക്ഷേപമുയരില്ലേ? നേതൃത്വം ആധിപത്യമാണെന്ന് തെറ്റായി ധരിച്ചതും തെറ്റായി പ്രയോഗിക്കുന്നതുമാണ് ഇന്നത്തെയും എന്നത്തെയും സാമൂഹിക അസമത്വത്തിനും അസമാധാനത്തിനും ആക്ഷേപങ്ങൾക്കും ഒരു കാരണം.

സ്ത്രീയും പുരുഷനും അനുപൂരകമായ രണ്ടു ഘടകങ്ങളാണ്. അഥവാ ഒന്ന് മറ്റേതിന് എതിരല്ല. ഒന്നില്ലാതെ മറ്റേത് ഇല്ലതാനും. ഈ പ്രകൃതി യാഥാർഥ്യം ഉൾക്കൊണ്ടാൽ ലിംഗനീതി (Gender Justice) ക്കു വേണ്ടി പോരാടേണ്ടിവരില്ല. ലിംഗനീതി സമൂഹത്തിന്റെ അനിവാര്യതയാണ്. ജീവിക്കാനും സമ്പാദിക്കാനും വിദ്യ അഭ്യ സിക്കാനും തൊഴിലെടുക്കാനും വിശ്വാസാ ചാരങ്ങൾ സ്വീകരിക്കാനുമെല്ലാം സ്ത്രീക്കും പുരുഷനും അവകാശമുണ്ട്. ഈ അവകാ ശങ്ങൾ ഏതെങ്കിലും തരത്തിൽ ധ്വംസിക്ക പ്പെടുമ്പോൾ അസംതൃപ്തിയും പ്രയാസങ്ങ ളും ഉണ്ടാവുക സ്വാഭാവികം.

> **കുടുംബത്തിൽ ഒരാൾക്ക് നേതൃത്വം ഉണ്ടാക ണമല്ലോ. ആ നേതൃത്വം പുരുഷനിൽ അർപ്പി തമായിട്ടാണ് പൊതുവെ കാണപ്പെടുന്നത്. ഇത് സ്ത്രീവിവേചനമല്ല; നേതൃത്വം പുരു ഷനായതിനാൽ പുരുഷാധിപത്യം എന്ന് പറയുന്നതിലും അർഥമില്ല. പകരം സ്ത്രീക്ക് നേതൃത്വം നൽകിയാലോ? 'പെണ്ണാധിപത്യം' എന്ന ആക്ഷേപമുയരില്ലേ? നേതൃത്വം ആധി പത്യമാണെന്ന് തെറ്റായി ധരിച്ചതും തെറ്റായി പ്രയോഗിക്കുന്നതുമാണ് ഇന്നത്തെയും എന്നത്തെയും സാമൂഹിക അസമത്വത്തിനും അസമാധാനത്തിനും ആക്ഷേപങ്ങൾക്കും ഒരു കാരണം.**

അവകാശ ലംഘനങ്ങൾക്കും അതുവഴി വരുന്ന പ്രശ്നങ്ങൾക്കും പരിഹാരമായി ചിലർ 'സ്ത്രീ വിമോചനം' എന്ന ആശയം മുന്നോട്ടു വെച്ചു. എവിടെ നിന്നാണ് മോചനം ? പുരുഷനിൽനിന്നോ. അതോ സമൂഹജീവിതത്തിൽ നിന്നോ? ഇത് അസം ബന്ധവും അസംഭവ്യവും ആണെന്ന് തിരി ച്ചറിഞ്ഞതിനാലാണ് ഫെമിനിസം കൂമ്പ ടഞ്ഞത്. ലിംഗനീതി അനിവാര്യമാണ്. അഥവാ സ്ത്രീയായതിന്റെ പേരിൽ/ പുരുഷ നായതിന്റെ പേരിൽ സ്വാതന്ത്ര്യം നിഷേധി ക്കപ്പെട്ടു കൂടാ എന്ന ആശയമാണ് ജന്റർ ജസ്റ്റിസ്. വിശുദ്ധ ഖുർആനിലെ ഒരു പ്ര ഖ്യാപിത തത്ത്വം ഇവിടെ ശ്രദ്ധയർഹിക്കു ന്നു: ''...സ്ത്രീകൾക്ക് (ഭർത്താക്കൻമാരോട്) ബാധ്യതകൾ ഉള്ളതുപോലെ തന്നെ ന്യാ യപ്രകാരം അവർക്ക് അവകാശങ്ങൾ കിട്ടേ ണ്ടതുമുണ്ട്...'' (2:228).




ലിംഗസമത്വം (Gender Equality) എന്നത് ഒരിക്കലും സമമല്ലാത്തവയെ സമമാക്കുക എന്ന ആശയമാണ്. അത് അശാസ്ത്രീയമാണ്; അയുക്തികമാണ്. വോട്ടവകാശം, തുല്യജോലിക്ക് തുല്യവേതനം തുടങ്ങിയ അവകാശങ്ങളിലുള്ള സമത്വം സമൂഹഭദ്രതയ്ക്കാവശ്യമാണ്. എന്നാൽ പൗരുഷം, സ്ത്രൈണത എന്നീ പ്രകൃതിദത്തമായ പ്രത്യേകതകൾ മാറ്റാനോ ഒന്നാക്കാനോ കഴിയില്ല. അതിന് ശ്രമിക്കാനും പാടില്ല. ഈ പ്രകൃതി യാഥാർഥ്യം വിസ്മരിക്കുന്നത് സ്വത്വനിരാസമാണ്. സ്ത്രീസ്വത്വത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്താണല്ലോ ചില പ്രത്യേക അവകാശങ്ങളും അവസരങ്ങളും സ്ത്രീകൾക്ക് നൽകപ്പെട്ടത്. വിദ്യാലയങ്ങളിൽ 'ഗേൾസ് ഫ്രണ്ട്‌ലി' ടോയ്‌ലറ്റുകൾ നിർബന്ധമാണെന്ന ആവശ്യം അതിന്റെ ഭാഗമാണ്. 'ബോയ്സ് ഫ്രണ്ട്‌ലി' വേണ്ടേ എന്ന മറുചോദ്യമല്ല, 'എന്തുകൊണ്ട് ഗേൾസ് ഫ്രണ്ട്‌ലി' എന്ന യാഥാർഥ്യബോധമാണ് നമുക്കാവശ്യം.

പുരുഷനെ പുരുഷനായും സ്ത്രീയെ സ്ത്രീയായും അംഗീകരിക്കുന്നതാണ് സ്വത്വബോധം. സ്വത്വ നിരാസത്തിലൂടെ ലിംഗസമത്വം നടപ്പാക്കാനാവില്ല. കേരളത്തിൽ റേഷൻ കാർഡുകൾ ഗൃഹനാഥന്റെ പേരിൽനിന്നു മാറ്റി ഗൃഹനാഥയുടെ പേരിലാക്കി. എന്തു സാമൂഹിക മാറ്റമാണ് അതിലൂടെ നേടാനായത് എന്നവല്ല പഠനവും നടന്നിട്ടുണ്ടോ?

ആൺ, പെൺ എന്ന ചിന്ത തന്നെ ഇല്ലാതാക്കി 'നപുംസക ലിംഗ' ബോധത്തിലേക്കു നയിക്കുന്നത് പുരോഗമനമാണെന്ന് ചിലർ സിദ്ധാന്തിക്കുന്നു. ക്ലാസ്സിൽ ഇരുവിഭാഗങ്ങൾക്കും പ്രത്യേകം ഇരിപ്പിടങ്ങൾ പാടില്ല, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒരേ വസ്ത്രമായിരിക്കണം തുടങ്ങിയ ആവശ്യങ്ങൾ മുന്നോട്ടുവയ്ക്കുന്ന Gender Neutrality ചിന്തിക്കുന്ന സമൂഹത്തിനു ചേർന്നതല്ല. ആൺപെൺ സ്വത്വബോധം നിലനിർത്തിക്കൊണ്ടു തന്നെ ആരോഗ്യകരമായ സൗഹാർദാന്തരീക്ഷം നിലനിർത്തുകയാണ് കാമ്പസുകളിൽ ആവശ്യം. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഇരിപ്പിടം, പ്രത്യേകം ടോയ്‌ലറ്റ് സൗകര്യം, പ്രത്യേകം ഹോസ്റ്റലുകൾ തുടങ്ങിയ സംവിധാനങ്ങൾ മാറ്റപ്പെടേണ്ട പഴഞ്ചൻ ആശയങ്ങളല്ല. അത് ലിംഗപരമായ അനീതിയുമല്ല. എതിർലിംഗവുമായി അടുക്കുവാനുള്ള നൈസർഗികത്വര തീക്ഷ്ണമായേക്കാവുന്ന കൗമാരത്തിൽ അവരുടെ 'കംഫർട്ടിനു' വേണ്ടി അവരെ പാട്ടിനുവിടുക എന്നതല്ല വിവേകം. മുൻഗാമികൾ ചിന്തിച്ചു സംവിധാനിച്ച സന്തുലിത വിദ്യാലയാന്തരീക്ഷം അംഗീകരിക്കുകയാണ് വിവേകമതികൾ ചെയ്യേണ്ടത്.

സ്വത്വബോധത്തിന്റെ ബാഹ്യപ്രകടനമാണല്ലോ വസ്ത്രം. ലോക ചരിത്രത്തിൽ, സംസ്കൃതികളുടെ ചരിത്രത്തിൽ എവിടെയെങ്കിലും

About 1,30,00,00,000 results (0.57 seconds)

**The Challenges**

- Representation of Women. Women continue to remain underrepresented at every level, starting from entry-level jobs to C-suite roles. ...
- Gender Pay Gap. ...
- Sexual Harassment. ...
- Unemployment Penalty. ...
- Race and Ethnicity. ...
- Pregnancy Discrimination. ...
- 'That Time Of The Month' ...
- Women Bosses.

23-May-2021

https://blog.vantagecircle.com › women-in-the-workplace

The Challenges Faced By Women In The Workplace

ആൺപെൺ വ്യത്യാസമില്ലാതെ ഒരേ വസ്ത്രം ധരിക്കണമെന്ന ചിന്ത നിലനിന്നിട്ടുണ്ടോ? ആണിനെയും പെണ്ണിനെയും തിരിച്ചറിയാവുന്ന വസ്ത്രം എന്ന പ്രാഥമിക പരിഗണന പോലും ഇല്ലായ്മ ചെയ്യുന്ന Dress Neutrality കൊണ്ട് എന്ത് നേട്ടമാണ് ഉണ്ടാകുവാൻ പോകുന്നത്? സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും Girls Friendly Toiletഎങ്കിലും ഉറപ്പുവരുത്താനാണ് ഉത്തരവാദപ്പെട്ടവർ ആദ്യം ശ്രമിക്കേണ്ടത്.

ഇരുന്ന് മൂത്രമൊഴിക്കാൻ പോലും കഴിയാത്ത ടൈറ്റ് ജീൻസ് കൗമാര പ്രായത്തിൽ ധരിക്കുന്നത് ആരോഗ്യത്തിന് ഹാനികരമാണെന്ന് പറഞ്ഞ ഒരു പ്രൊഫസറെ നിർത്തിപ്പൊരിച്ച മാധ്യമങ്ങൾ ഇന്ന് കംഫർട്ടിനെപ്പറ്റി വാചാലമാകുന്നത് വിരോധാഭാസമാണ്. കംഫർട്ട് ഏതെന്ന് തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നൽകുന്നതിനു പകരം ആരെങ്കിലും അടിച്ചേൽപിക്കുന്നത് എല്ലാവർക്കും കംഫർട്ടാകണമെന്നില്ല.




# വഴികേടിലേക്ക് വഴിതേടുന്നവർ

അബ്ദുൽ മുസ്വവ്വിർ

സമൂഹത്തിൽ വ്യാപിച്ചിട്ടുള്ള കള്ളക്കഥകളും സംശയങ്ങളുമാണ് പല ആളുകളും വഴിപിഴക്കാനുള്ള കാരണം. തങ്ങളുടെ ശിർക്കിനെയും വഴിപിഴവിനെയും ഏറ്റുപിടിക്കാൻ ഇത്തരം കള്ളത്തരങ്ങളെ അവർ പ്രമാണങ്ങളായി കൊണ്ടുനടക്കുകയും അതിനെ അവലംബിക്കുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ ഇത്തരം കാര്യങ്ങൾ തുറന്ന് പറയൽ അനിവാര്യമായിത്തീരുകയാണ്.

അല്ലാഹു പറയുന്നു: ''അതായത് നശിച്ചവർ വ്യക്തമായ തെളിവ് കണ്ടുകൊണ്ട് നശിക്കുവാനും ജീവിച്ചവർ വ്യക്തമായ തെളിവ് കണ്ടുകൊണ്ട് ജീവിക്കുവാനും വേണ്ടി. തീർച്ചയായും അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു'' (അൽഅൻഫാൽ 42).

മുൻകാലങ്ങളിലെ മുശ്രിക്കുകൾ പറഞ്ഞിരുന്ന ന്യായീകരണവും ആധുനിക മുശ്രിക്കുകൾ പറയുന്ന ന്യായീകരണങ്ങളും ഇക്കൂട്ടത്തിലുണ്ട്. അവ കാണുക:

1) എല്ലാ കാലത്തെയും മുശ്രിക്കുകൾ ഒരുപോലെ പറഞ്ഞ ഒരു ന്യായീകരണമാണിത്. അതായത് ഞങ്ങളീ വിശ്വാസം സ്വീകരിച്ചത് ഞങ്ങളുടെ പൂർവപിതാക്കളിൽ നിന്നാണെന്നുള്ള വാദം. ഇത് അന്നും ഇന്നും നിലവിലുള്ള ഒന്നാണ്. അല്ലാഹു പറയുന്നു:

''ഏതൊരു രാജ്യത്ത് നിനക്ക് മുമ്പ് നാം താക്കീതുകാരനെ അയച്ചപ്പോഴും 'ഞങ്ങളുടെ പിതാക്കളെ ഒരു മാർഗത്തിൽ നിലകൊള്ളുന്നവരായി ഞങ്ങൾ കണ്ടെത്തിയിരിക്കുന്നു; തീർച്ചയായും ഞങ്ങൾ അവരുടെ കാൽപാടുകളെ അനുഗമിക്കുന്നവരാകുന്നു' എന്ന് അവിടെയുള്ള സുഖലോലുപന്മാർ പറയാതിരുന്നിട്ടില്ല'' (അസ്സുഖ്റുഫ് 23).

തങ്ങളുടെ വാദത്തിന് തെളിവ് നിരത്താൻ കഴിയാതെ വരുമ്പോൾ ഉന്നയിക്കുന്ന ദുർബല ന്യായമാണിത്. കാരണം ഇവർ പിൻപറ്റുന്ന ഇവരുടെ പൂർവപിതാക്കൾ നേർമാർഗത്തിലായിരുന്നില്ല. അതുകൊണ്ട് അവരെ അനുകരിക്കാനും പിൻപറ്റാനും പറ്റുകയില്ല. ഇത്തരക്കാർക്കുള്ള മറുപടിയായി അല്ലാഹു പറയുന്നു:

''അദ്ദേഹം (താക്കീതുകാരൻ) പറഞ്ഞു: നിങ്ങൾ നിങ്ങളുടെ പിതാക്കളെ ഏതൊരു മാർഗത്തിൽ കണ്ടെത്തിയോ അതിനെക്കാൾ നല്ല മാർഗം കാണിച്ചുതരുന്ന ഒരു സന്ദേശം കൊണ്ട് ഞാൻ നിങ്ങളുടെ അടുത്ത് വന്നാലും. (നിങ്ങൾ നിങ്ങളുടെ പിതാക്കളെ

അനുകരിക്കുകയോ?)'' (അസ്സുഖ്റുഫ് 24).

''അവരുടെ പിതാക്കൾ യാതൊന്നുമറിയാത്തവരും സന്മാർഗം പ്രാപിക്കാത്തവരും ആയിരുന്നാൽ പോലും (അത് മതിയെന്നോ?)'' (അൽമാഇദ 104).

''അവരുടെ പിതാക്കൾ യാതൊന്നും ചിന്തിച്ച് മനസ്സിലാക്കാത്തവരും നേർവഴി കണ്ടെത്താത്തവരുമായിരുന്നെങ്കിൽ പോലും (അവരെ പിൻപറ്റുകയാണോ?)'' (അൽബക്വറ 170).

പൂർവ പിതാക്കൾ സത്യത്തിന്റെ മാർഗത്തിലാണെങ്കിൽ അത്തരം നല്ല കാര്യങ്ങളിലാണ വരെ പിന്തുടരേണ്ടത്. യൂസുഫ് നബി(അ) പറയുന്നു:

''എന്റെ പിതാക്കളായ ഇബ്റാഹീം, ഇസ്ഹാക്വ്, യഅ്ക്വൂബ് എന്നിവരുടെ മാർഗം ഞാൻ പിന്തുടർന്നിരിക്കുന്നു. അല്ലാഹുവിനോട് യാതൊന്നിനെയും പങ്കുചേർക്കുവാൻ ഞങ്ങൾക്ക് പാടുള്ളതല്ല'' (യൂസുഫ് 38).

അല്ലാഹു വീണ്ടും പറയുന്നു: ''ഏതൊരു കൂട്ടർ വിശ്വസിക്കുകയും അവരുടെ സന്താനങ്ങൾ വിശ്വാസത്തിൽ അവരെ പിന്തുടരുകയും ചെയ്തിരിക്കുന്നുവോ അവരുടെ സന്താനങ്ങളെ നാം അവരോടൊപ്പം ചേർക്കുന്നതാണ്'' (അത്ത്വൂർ 21).

ഈ ഒരു ന്യായം പറഞ്ഞുകൊണ്ടായിരുന്നു മുൻഗാമികളായ മുശ്രിക്കുകൾ പ്രവാചകൻമാരെ എതിർത്തിരുന്നത്:

''നൂഹിനെ നാം അദ്ദേഹത്തിന്റെ ജനതയിലേക്ക് ദൂതനായി അയക്കുകയുണ്ടായി. എന്നിട്ടദ്ദേഹം പറഞ്ഞു: 'എന്റെ ജനങ്ങളെ, നിങ്ങൾ അല്ലാഹുവെ ആരാധിക്കുക. നിങ്ങൾക്ക് അവനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ?' അപ്പോൾ അദ്ദേഹത്തിന്റെ ജനതയിലെ സത്യനിഷേധികളായ പ്രമാണിമാർ

**'ലാഇലാഹ ഇല്ലല്ലാഹു' എന്ന് പറഞ്ഞ് കഴിഞ്ഞാൽ സ്വർഗ പ്രവേശത്തിന് അനുമതി എന്നാണ് ക്വബ്റാരാധകർ മനസ്സിലാക്കിവച്ചിട്ടുള്ളത്. 'ലാഇലാഹ ഇല്ലല്ലാഹു' എന്ന് ഉച്ചരിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ പിന്നെ എന്തും ചെയ്യാം; കുഫ്റ് അഥവാ സത്യനിഷേധം സംഭവിക്കില്ല എന്നൊക്കെയാണവരുടെ വിശ്വാസം. രണ്ടു സാക്ഷ്യവചനങ്ങൾ (ശഹാദത്ത് കലിമ) ഉച്ചരിച്ചവർക്ക് നരകം നിഷിദ്ധമാണെന്ന ഹദീഥുകളുടെ ബാഹ്യാർഥത്തിലൂടെയാണ് ഈ തെറ്റുധാരണ കടന്നുവന്നത്. യഥാർഥത്തിൽ ഈ ഒരു ഹദീഥ് മാത്രമല്ല, ഈ വിഷയത്തിലുള്ളത്. മറ്റു ഹദീഥുകളെയും ഇതുമായി ബന്ധപ്പെടത്തണം. അതായത് 'ലാഇലാഹ ഇല്ലല്ലാഹു എന്ന് പറഞ്ഞാൽ' എന്നതുകൊണ്ടുദ്ദേശിക്കുന്നത് മനസ്സുകൊണ്ട് അതിന്റെ ആശയത്തിൽ വിശ്വസിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും അല്ലാഹുവിന്ന് പുറമെ ആരാധിക്കപ്പെടുന്നവയെ നിഷേധിക്കുകയും ചെയ്യുക എന്നതാണ്.**

പറഞ്ഞു: 'ഇവൻ നിങ്ങളെപ്പോലുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങളെക്കാളുപരിയായി അവൻ മഹത്വം നേടിയെടുക്കാൻ ആഗ്രഹിക്കുന്നു. അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ അവൻ (ദൂതന്മാരായി) മലക്കുകളെ തന്നെ ഇറക്കുമായിരുന്നു. ഞങ്ങളുടെ പൂർവപിതാക്കൾക്കിടയിൽ ഇങ്ങനെയൊന്ന് ഞങ്ങൾ കേട്ടിട്ടില്ല'' (അൽമുഅ്മിനൂൻ 23,24).

സ്വാലിഹ് നബി(അ)യുടെ സമൂഹം പറഞ്ഞു:

''ഞങ്ങളുടെ പിതാക്കന്മാർ ആരാധിച്ചുവരുന്നതിനെ ഞങ്ങൾ ആരാധിക്കുന്നതിൽനിന്ന് നീ ഞങ്ങളെ വിലക്കുകയാണോ?'' (ഹൂദ് 62).

ഇബ്റാഹീം നബി(അ)യുടെ സമൂഹം പറഞ്ഞു:

''..അല്ല ഞങ്ങളുടെ പിതാക്കൾ അപ്രകാരം ചെയ്യുന്നതായി ഞങ്ങൾ കണ്ടിരിക്കുന്നു (എന്ന് മാത്രം)'' (അശ്ശുഅറാഅ് 74).


ഫിർഔൻ മൂസാനബി(അ)യോട് പറയുന്നു:

''അവൻ പറഞ്ഞു: അപ്പോൾ മുൻതലമുറകളുടെ അവസ്ഥയെന്ത്?'' (ത്വാഹാ 51).

മക്കാ മുശ്രിക്കുകൾ പറഞ്ഞതും ഇതിൽനിന്നും വ്യത്യസ്തമല്ല:

''അവസാനത്തെ മതത്തിൽ ഇതിനെപ്പറ്റി ഞങ്ങൾ കേൾക്കുകയുണ്ടായിട്ടില്ല. ഇത് ഒരു കൃത്രിമ സൃഷ്ടി മാത്രമാകുന്നു'' (അസ്സ്വാദ് 7).

2) 'ലാഇലാഹ ഇല്ലല്ലാഹു' എന്ന് പറഞ്ഞ് കഴിഞ്ഞാൽ സ്വർഗ പ്രവേശത്തിന് അനുമതി എന്നാണ് ക്വബ്റാരാധകർ മനസ്സിലാക്കിവച്ചിട്ടുള്ളത്. 'ലാഇലാഹ ഇല്ലല്ലാഹു' എന്ന് ഉച്ചരിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ പിന്നെ എന്തും ചെയ്യാം; കുഫ്റ് അഥവാ സത്യനിഷേധം സംഭവിക്കില്ല എന്നൊക്കെയാണവരുടെ വിശ്വാസം. രണ്ടു സാക്ഷ്യവചനങ്ങൾ (ശഹാദത്ത് കലിമ) ഉച്ചരിച്ചവർക്ക് നരകം നിഷിദ്ധമാണെന്ന ഹദീഥുകളുടെ ബാഹ്യാർഥത്തിലൂടെയാണ് ഈ തെറ്റുധാരണ കടന്നുവന്നത്. യഥാർഥത്തിൽ ഈ ഒരു ഹദീഥ് മാത്രമല്ല, ഈ വിഷയത്തിലുള്ളത്. മറ്റു ഹദീഥുകളെയും ഇതുമായി ബന്ധപ്പെടത്തണം. അതായത് 'ലാഇലാഹ ഇല്ലല്ലാഹു എന്ന് പറഞ്ഞാൽ' എന്നതുകൊണ്ടുദ്ദേശിക്കുന്നത് മനസ്സുകൊണ്ട് അതിന്റെ ആശയത്തിൽ വിശ്വസിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും അല്ലാഹുവിന്ന് പുറമെ ആരാധിക്കപ്പെടുന്നവയെ നിഷേധിക്കുകയും ചെയ്യുക എന്നതാണ്.



കപടവിശ്വാസികളും നാവുകൊണ്ട് 'ലാഇലാഹ ഇല്ലല്ലാഹു' എന്ന് പറയും. അവരാകട്ടെ നരകത്തിന്റെ അടിത്തട്ടിലുമായിരിക്കും. ഈ വാക്ക് അറിയിക്കുന്ന വിശ്വാസം അവരുടെ ഹൃദയങ്ങളിലില്ലാത്തതുകൊണ്ട് പുറമേക്കുള്ള ഉച്ചാരണം അവർക്കൊരു ഗുണവും ചെയ്യുന്നില്ല എന്നർഥം.

നബി(സ്വ) പറഞ്ഞു: ''ആരെങ്കിലും 'ലാഇലാഹ ഇല്ലല്ലാഹു' എന്ന് പറയുകയും അല്ലാഹുവിന്ന് പുറമെ ആരാധിക്കപ്പെടുന്നവയെ നിഷേധിക്കുകയും ചെയ്താൽ അവന്റെ രക്തവും ധനവും പവിത്രമായി. അവന്റെ വിചാരണ അല്ലാഹുവിന്റെ അടുക്കലാണ്'' (മുസ്‌ലിം).

ഇവിടെ രണ്ട് കാര്യങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ടാണ് നബി(സ്വ) ഒരു വ്യക്തിയുടെ ധനവും രക്തവും പവിത്രമാക്കുന്നത്. ഒന്ന്, ലാഇലാഹ ഇല്ലല്ലാഹു എന്ന വാക്ക്. രണ്ട്, അല്ലാഹുവിന്ന് പുറമെ ആരാധിക്കപ്പെടുന്നവയെ നിഷേധിക്കുക. ഇതിൽ ആദ്യത്തേതിൽ മാത്രം മതിയാക്കിയില്ല പ്രവാചകൻ(സ്വ). അപ്പോൾ 'ലാഇലാഹ ഇല്ലല്ലാഹ്' പറയുകയും എന്നാൽ മരണപ്പെട്ടവരെ ആരാധിക്കുന്ന പ്രവണത ഒഴിവാക്കുകയും ചെയ്തില്ലെങ്കിൽ ആ പദം ഉച്ചരിക്കുന്നതുകൊണ്ട് ഒരുത്തന്റെ ധനവും രക്തവും പവിത്രമാകുന്നില്ല.

3) 'ലാഇലാഹ ഇല്ലല്ലാഹു മുഹമ്മദുർറസൂലുല്ലാഹ്' എന്ന് അംഗീകരിക്കുന്ന മുഹമ്മദ് നബി(സ്വ)യുടെ ഈ സമുദായത്തിൽ ശിർക്ക് ഉണ്ടാവുകയില്ല എന്നതാണ് മറ്റൊരു ന്യായം. മരിച്ചുപോയവരെ വിളിച്ച് പ്രാർഥിക്കുന്നതും ക്വബ്‌റിടങ്ങളിൽവച്ച് ഇവർ കാട്ടിക്കൂട്ടുന്നതും ശിർക്കല്ലെന്നാണിവരുടെ വാദം.

**ജൂതന്മാരെയും ക്രിസ്ത്യാനികളെയും മാതൃകയാക്കിക്കൊണ്ട് അവർ ചെയ്തിരുന്ന കാര്യം ഈ സമൂഹത്തിലുമുണ്ടാകുമെന്ന് നബി(സ്വ) മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അതിൽ പെട്ടതാണ് പണ്ഡിത-പുരോഹിതന്മാരെ റബ്ബുകളായി സ്വീകരിക്കുക എന്നത്. എന്റെ ഉമ്മത്തിലെ ഒരു വിഭാഗം മുശ്‌രിക്കുകളുമായി ചേരുന്നതുവരെ അന്ത്യദിനം സംഭവിക്കുകയില്ല എന്നും നബി(സ്വ) പഠിപ്പിച്ചിട്ടുണ്ട്. എന്റെ ഉമ്മത്തിൽ ബിംബാരാധന പുനർജനിക്കുമെന്ന് പ്രവാചകൻ (സ്വ) മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഈ സമൂഹത്തിൽ ശിർക്കുണ്ടായിട്ടുണ്ട്. കർമങ്ങളെ തകർത്തുകളയുന്ന, ഇസ്‌ലാമിൽനിന്ന് പുറത്തുപോകുന്ന പ്രവർത്തനങ്ങൾ ആളുകൾ ചെയ്തിട്ടുണ്ട്. അവരും 'ലാഇലാഹ ഇല്ലല്ലാഹ്...' എന്ന് പറഞ്ഞിട്ടുമുണ്ട്.**

ജൂതന്മാരെയും ക്രിസ്ത്യാനികളെയും മാതൃകയാക്കിക്കൊണ്ട് അവർ ചെയ്തിരുന്ന കാര്യം ഈ സമൂഹത്തിലുമുണ്ടാകുമെന്ന് നബി(സ്വ) മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അതിൽ പെട്ടതാണ് പണ്ഡിത-പുരോഹിതന്മാരെ റബ്ബുകളായി സ്വീകരിക്കുക എന്നത്. എന്റെ ഉമ്മത്തിലെ ഒരു വിഭാഗം മുശ്‌രിക്കുകളുമായി ചേരുന്നതുവരെ അന്ത്യദിനം സംഭവിക്കുകയില്ല എന്നും നബി(സ്വ) പഠിപ്പിച്ചിട്ടുണ്ട്. എന്റെ ഉമ്മത്തിൽ ബിംബാരാധന പുനർജനിക്കുമെന്ന് പ്രവാചകൻ (സ്വ) മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഈ സമൂഹത്തിൽ ശിർക്കുണ്ടായിട്ടുണ്ട്. കർമങ്ങളെ തകർത്തുകളയുന്ന, ഇസ്‌ലാമിൽനിന്ന് പുറത്തുപോകുന്ന പ്രവർത്തനങ്ങൾ ആളുകൾ ചെയ്തിട്ടുണ്ട്. അവരും 'ലാഇലാഹ ഇല്ലല്ലാഹ്...' എന്ന് പറഞ്ഞിട്ടുമുണ്ട്.

4) പരലോകത്ത് നടക്കുന്ന ശഫാഅത്താണ് (ശിപാർശ) മറ്റൊരു കാരണം. അല്ലാഹുവിന്ന് പുറമെ വിളിച്ച് പ്രാർഥിക്കുന്ന ഔലിയാക്കന്മാരും സ്വാലിഹുകളും ഞങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റിത്തരണമെന്ന് ഞങ്ങളുദ്ദേശിക്കുന്നില്ല. മറിച്ച് അല്ലാഹുവിന്റെയടുക്കൽ ഞങ്ങൾക്കുവേണ്ടി അവർ ശിപാർശ ചെയ്യാനാണ് ഞങ്ങളാഗ്രഹിക്കുന്നത്. കാരണം അവർ നല്ലവരാണ്. അല്ലാഹുവിങ്കൽ സ്ഥാനമുള്ളവരാണ്. ഇതാണ് ഇവരുടെ ന്യായീകരണം.

ഇതുതന്നെയാണ് മക്കാമുശ്‌രിക്കുകളും പറഞ്ഞിരുന്നത്: ''അല്ലാഹുവിന് പുറമെ, അവർക്ക് ഉപദ്രവമോ ഉപകാരമോ ചെയ്യാത്തതിനെ അവർ ആരാധിച്ചുകൊണ്ടിരിക്കുന്നു. ഇവർ (ആരാധ്യർ) അല്ലാഹുവിന്റെ അടുക്കൽ ഞങ്ങ



ൾക്കുള്ള ശിപാർശക്കാരാണ് എന്ന് പറയുകയും ചെയ്യുന്നു'' (യൂനുസ് 18).

ശഫാഅത്ത് സത്യമാണ്. പക്ഷേ, അതിന്റെ പൂർണ അധികാരം അല്ലാഹുവിന് മാത്രമാണ്. ''(നബിയേ) പറയുക, അല്ലാഹുവിനാകുന്നു ശഫാഅത്ത് മുഴുവൻ'' (അസ്സുമർ 44).

അതുകൊണ്ട് ശഫാഅത്ത് ചോദിക്കേണ്ടത് അല്ലാഹുവോടാണ്; മരിച്ചവരോടല്ല. നബിമാരോടോ മലക്കുകളോടോ ശിപാർശ തേടാൻ അല്ലാഹു അനുമതി നൽകിയിട്ടില്ല. അല്ലാഹുവിന്റെ മാത്രം ഉടമസ്ഥതയിലുള്ള കാര്യമാണത്. അവനോടാണത് ചോദിക്കേണ്ടത്. എങ്കിലേ ശിപാർശ ചെയ്യുന്ന വ്യക്തിക്ക് അല്ലാഹു അനുമതി നൽകൂ. ഈ ലോകത്ത് നടക്കുന്നത് പോലുള്ള ഒരു ശിപാർശയല്ല പരലോകത്ത്. ഇവിടെ ശിപാർശ നടത്തിയാൽ അത് സ്വീകരിക്കാൻ പലപ്പോഴും അവർ നിർബന്ധിതരാണ്. കാരണം, അവർക്കും ഈ ശിപാർശക്കാരെ ആവശ്യമുണ്ട്. എന്നാൽ അല്ലാഹുവിന്റെ അനുമതിയോടും തൃപ്തിയോടുംകൂടിയല്ലാത്ത ആരുടെയും ശിപാർശ ആർക്കുവേണ്ടിയും സ്വീകരിക്കപ്പെടുന്നതല്ല. അങ്ങനെ ഒരു ശിപാർശ നടക്കുകയുമില്ല.

''ആകാശങ്ങളിൽ എത്ര മലക്കുകളാണുള്ളത്! അവരുടെ ശിപാർശ യാതൊരു പ്രയോജനവും ചെയ്യുകയില്ല; അല്ലാഹു അവൻ ഉദ്ദേശിക്കുകയും തൃപ്തിപ്പെടുകയും ചെയ്യുന്നവർക്ക്(ശുപാർശക്ക്) അനുവാദം നൽകിയതിന്റെ ശേഷമല്ലാതെ'' (അന്നജ്മ് 26).

5) വലിയ്യുമാർക്കും സജ്ജനങ്ങൾക്കും അല്ലാഹുവിന്റെയടുക്കൽ പ്രത്യേകമായ സ്ഥാനമുണ്ട്. അതുകൊണ്ട് അവരുടെ ജാഹുകൊണ്ട് ചോദിക്കാം; ഇതാണ് മറ്റൊരു വാദം.

യഥാർഥത്തിൽ എല്ലാ സത്യവിശ്വാസികളും അല്ലാഹുവിന്റെ വലിയ്യുകളാണ്. എന്നാൽ ഇന്ന വ്യക്തി അല്ലാഹുവിന്റെ വലിയ്യാണെന്ന് ഖണ്ഡിതമായി പറയാൻ ക്വുർആനിൽനിന്നോ ഹദീഥിൽനിന്നോ തെളിവ് വേണം. ഇനി ക്വുർആൻകൊണ്ടും സുന്നത്തുകൊണ്ടും ഒരാളുടെ വിലായത്ത് സ്ഥിരപ്പെട്ടുകഴിഞ്ഞാൽ തന്നെ അയാളുടെ കാര്യത്തിൽ അതിരുകവിയാനും അയാളെക്കൊണ്ട് ബറകത്തെടുക്കാനും നമുക്ക് പാടുള്ളതല്ല. കാരണം അത് ശിർക്കിലേക്കുള്ള മാർഗമാണ്. നമുക്കും അല്ലാഹുവിന്നുമിടയിൽ ഇടയാളന്മാരില്ലാതെ അല്ലാഹുവോട് നേരിട്ട് പ്രാർഥിക്കാനാണ് നമ്മോട് കൽപിച്ചിട്ടുള്ളത്. അല്ലാഹുവിനും സൃഷ്ടികൾക്കുമിടയിൽ മധ്യവർത്തികളെ സ്വീകരിച്ചുകൊണ്ട് അവരുടെ ജാഹ്കൊണ്ട് പ്രാർഥിക്കുവാൻ മുമ്പ് മുശ്‌രിക്കുകൾ കണ്ടെത്തിയ ന്യായങ്ങളെ അല്ലാഹു എതിർക്കുകയാണ് ചെയ്തിട്ടുള്ളത്.



# ഉമ്മമാരറിയാൻ

സഹ്റ സുല്ലമിയ്യ

പ്രിയപ്പെട്ട ഉമ്മമാരേ, സ്വന്തം കുഞ്ഞുങ്ങളെ സ്നേഹിക്കാത്ത ഒരു ജീവിയുമില്ല. പറക്കമുറ്റാത്ത കുഞ്ഞുങ്ങൾക്കു വേണ്ടി ഭക്ഷണം തേടിപ്പിടിച്ച് കൊക്കിലൊതുക്കി കൊണ്ടുവന്ന് അവയുടെ വായിൽവച്ചുകൊടുക്കുന്നു തള്ളപ്പക്ഷികൾ. മിക്ക ജീവികളും ഇങ്ങനെത്തന്നെയാണ്. അപ്പോൾ പിന്നെ ബുദ്ധിയും വിവേകവുമുള്ള മനുഷ്യരുടെ കാര്യം പറയാനില്ലല്ലോ. കുഞ്ഞുമക്കൾക്കു വേണ്ടി ഉറക്കമൊഴിക്കുന്ന, സ്വന്തം അസുഖവും ക്ഷീണവും മറക്കുന്ന, അവരുടെ വിശപ്പകറ്റുന്നതിൽ എപ്പോഴും ശ്രദ്ധ പുലർത്തുന്ന ഉമ്മമാരറിയാൻ ഏതാനും കാര്യങ്ങൾ പറയട്ടെ.

1. വർണ വൈവിധ്യമുള്ള ഭക്ഷണം: അല്ലാഹു പല നിറങ്ങളിലും രുചികളിലുമുള്ള പഴങ്ങളും പച്ചക്കറികളും സൃഷ്ടിച്ചിട്ടുണ്ട്. നിറങ്ങൾക്കനുസരിച്ച് അവയിൽ വ്യത്യസ്ത പോഷകങ്ങൾ അടങ്ങിയിട്ടുണ്ട്. ഇവയുടെ ഗുണങ്ങൾ കുഞ്ഞുങ്ങളോട് പറഞ്ഞുകൊടുക്കാൻ ശ്രദ്ധിക്കുമല്ലോ. ഇതിനർഥം എല്ലാ നേരവും പല നിറത്തിലുള്ള ഭക്ഷണം കഴിക്കണം എന്നല്ല. എന്നാൽ കുട്ടികളുടെ ഭക്ഷണത്തിൽ വ്യത്യസ്ത തരത്തിലുള്ള പഴങ്ങളും പച്ചക്കറികളും ഉൾപ്പെടുത്താൻ നിങ്ങൾ ശ്രമിക്കണം.
2. പ്രഭാത ഭക്ഷണം ഒഴിവാക്കരുത്: കുട്ടികൾക്ക് ഭക്ഷണം കൃത്യസമയത്തു നൽകുക. എങ്കിൽ വലുതായാലും ഈ നല്ല ശീലം അവർ തുടരും. ആരോഗ്യകരമായ പ്രഭാതഭക്ഷണം ഊർജം നൽകുന്നു. അതോടൊപ്പം തലച്ചോറിന്റ പ്രവർത്തനത്തിന് സഹായിക്കുന്നതോടൊപ്പം പല രോഗങ്ങളെയും അകറ്റുകയും ചെയ്യുന്നു. രാവിലെ നാരുകൾ അടങ്ങിയ ഭക്ഷണം കഴിക്കുന്നത് ഹൃദ്രോഗവും പ്രമേഹവും വരാനുള്ള സാധ്യത തടയുന്നതായി പഠനങ്ങൾ പറയുന്നുണ്ട്.
3. കായിക വിനോദങ്ങളിൽ ഏർപ്പെടാം: എല്ലാ കുട്ടികൾക്കും കായിക വിനോദങ്ങൾ ഇഷ്ടമാകണമെന്നില്ല. എന്നാൽ അവർ ആസ്വദിച്ചു ചെയ്യുന്ന ശാരീരിക പ്രവർത്തനങ്ങൾ അവരെ ആരോഗ്യവാന്മാരാക്കുന്നു. കുട്ടിക്കാലത്തെ ഇഷ്ടങ്ങൾ ചിലപ്പോൾ മുതിർന്നാലും നിലനിർത്തി എന്നും വരാം. ഉമ്മമാർ അതിന് പ്രോത്സാഹനം നൽകണം.
4. വെള്ളം കുടിക്കാം: വെള്ളം കുടിക്കുന്നതിൽ കുട്ടികൾ പൊതുവെ മടിയുള്ളവരാണ്. എന്നാൽ സോഫ്റ്റ് ഡ്രിങ്കുകൾ കുടിക്കാൻ അവർക്ക് വലിയ താൽപര്യവുമാണ്. അവയാകട്ടെ ആരോഗ്യത്തിന് ഹാനികരമാണ്. അവയിൽ അടങ്ങിയ മധുരത്തിൽ ശരീരത്തിന് ആവശ്യമായ ഒരു പോഷകവും അടങ്ങിയിട്ടില്ല. കുട്ടികൾക്ക് സോഫ്റ്റ് ഡ്രിങ്കുകൾക്ക് പകരം പഴച്ചാറുകൾ നൽകുക. ധാരാളം വെള്ളം കുടിക്കാനും ശീലിപ്പിക്കണം.
5. ടിവി, മൊബൈൽ കാഴ്ചകൾ: ടി.വിയുടെയും മൊബൈൽ ഗെയ്മിന്റേയും ലോകത്തുനിന്ന് അവരെ പുറത്തേക്ക് നയിക്കുക. അവ നിരവധി ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകും. സ്കൂളിലെ മോശം പ്രകടനം, പെരുമാറ്റ പ്രശ്നങ്ങൾ, വൈകാരികവും സാമൂഹ്യവുമായ പ്രശ്നങ്ങൾ, ശ്രദ്ധക്കുറവ്, പൊണ്ണത്തടി, ഉറക്കമില്ലായ്മ തുടങ്ങിവയെല്ലാം ഇവയുടെ ഉപയോഗം അമിതമായാലുള്ള ദൂഷ്യഫലങ്ങളിൽ ചിലത് മാത്രം.
6. വായന ശീലമാക്കട്ടെ: കുട്ടികളിൽ വായനാശീലം വളർത്തുക. അത് അവരെ സ്കൂളിലെ വിജയത്തിന് സഹായിക്കുന്നതോടൊപ്പം ഭാവി ജീവിതത്തിനും സഹായകമാകും. വായന ഒരു കുട്ടിയിൽ ആത്മാഭിമാനം ഉണ്ടാകാനും മാതാപിതാക്കളോടും മറ്റുള്ളവരോടുമുള്ള ബന്ധം നല്ലതാകാനും ജീവിത വിജയത്തിനും സഹായിക്കും. രസകരമായതും ഗുണപാഠം ലഭിക്കുന്നതുമായ കഥകളും കവിതകളും അവർ വായിക്കട്ടെ. അത് അവരുടെ ഭാഷയെയും പരിപോഷിപ്പിക്കും. അതോടൊപ്പം ദിനചര്യയായി ക്വുർആൻ പാരായണത്തെയും മാറ്റണം.

(തുടരും)



# ആ മോഹം സഫലമായി!

മുഹമ്മദ് നബി 54

ഹുസൈൻ സലഫി
: +971 50 634 6963

സത്യവിശ്വാസികളുടെ മനസ്സുകളിൽ അല്ലാഹു സമാധാനവും ശാന്തിയും ഇട്ടുകൊടുത്തു. അതുമുഖേന അവരുടെ വിശ്വാസം വർധിക്കുകയും ചെയ്തു. എല്ലാറ്റിനും പുറമെ, അല്ലാഹു അവരെ സ്വർഗ പ്രവേശനത്തിന് അർഹരാക്കുകയും അവരുടെ പാപങ്ങൾ മാപ്പാക്കുകയും ചെയ്തു. ഹുദയ്ബിയ സന്ധി മുഖേന നബി(സ്വ)ക്ക് അല്ലാഹു നൽകിയ നാല് അനുഗ്രഹങ്ങളെ പറ്റി സൂറതുൽ ഫത്ഹിലെ രണ്ട്, മൂന്ന് സൂക്തങ്ങളിലും വിശ്വാസികൾക്ക് അല്ലാഹു നൽകിയ നാല് അനുഗ്രഹങ്ങളെ സംബന്ധിച്ച് നാല്, അഞ്ച് സൂക്തങ്ങളിലും വിവരിക്കുകയുണ്ടായി. ശേഷം ആറാം വചനത്തിൽ വേറൊരു വിഭാഗത്തിന് അല്ലാഹു നൽകിയ നാല് കാര്യങ്ങളും വിവരിക്കുന്നുണ്ട്. അത് കാണുക:

"അല്ലാഹുവെപ്പറ്റി തെറ്റായ ധാരണ വെച്ചുപുലർത്തുന്ന കപടവിശ്വാസികളെയും കപടവിശ്വാസിനികളെയും ബഹുദൈവവിശ്വാസികളെയും ബഹുദൈവവിശ്വാസിനികളെയും ശിക്ഷിക്കുവാൻ വേണ്ടിയുമാണത്. അവരുടെ മേൽ തിന്മയുടെ വലയമുണ്ട്. അല്ലാഹു അവരുടെ നേരെ കോപിക്കുകയും അവരെ ശപിക്കുകയും അവർക്കു വേണ്ടി നരകം ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. ചെന്നുചേരാനുള്ള ആ സ്ഥലം എത്രമോശം" (ക്വുർആൻ 48:6).

നബി(സ്വ)യും അനുചരന്മാരും ഉംറ നിർവഹിക്കുവാൻ മക്കയിലേക്ക് പോകാൻ തയ്യാറായപ്പോൾ ചിലയാളുകൾ അതിൽനിന്നും മാറിനിന്നു. വിശ്വാസികളുടെ നീക്കത്തെ പരിഹസിക്കുകയും നിരുത്സാഹപ്പെടുത്തുകയും ചെയ്ത് പിന്മാറിയ ഇക്കൂട്ടർ കപടവിശ്വാസികളായിരുന്നു. മക്കയിലേക്ക് മുഹമ്മദിനെയും കൂട്ടരെയും പ്രവേശിപ്പിക്കാൻ ഞങ്ങൾ സമ്മതിച്ചില്ലെന്നും അവരെ നിന്ദ്യരാക്കി മദീനയിലേക്കുതന്നെ തിരിച്ചയച്ചു എന്നും പ്രചരിപ്പിച്ചിരുന്ന മുശ്‌രിക്കുകളും ഉണ്ടായിരുന്നു. ഇപ്രകാരം ദുഷ്പ്രരണങ്ങൾ നടത്തിയ കപടന്മാർക്കും മുശ്‌രിക്കുകൾക്കും അല്ലാഹു ശിക്ഷയൊരുക്കി. ശിർക്കിന്റെയും കുഫ്‌റിന്റെയും അടിവേരറുത്തതായിരുന്നു ഹുദയ്ബിയ സന്ധി. അവർക്ക് അല്ലാഹുവിങ്കൽനിന്നുള്ള കോപവും ശാപവും ലഭിച്ചു; കൂടാതെ കത്തിയാളുന്ന നരകവും.

ഈ കാലയളവിൽ മക്കയിൽനിന്ന് വിശ്വാസികളായി മദീനയിലേക്ക് എത്തിയവരിൽ പുരുഷന്മാർ മാത്രമല്ല ഉണ്ടായിരുന്നത്; സ്ത്രീകളും ഉണ്ടായിരുന്നു. മുശ്‌രിക്കുകളായ ഭർത്താക്കന്മാരുടെ പീഡനത്തിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടി മദീനയിലേക്ക് അഭയാർഥികളായി വന്ന പല വിശ്വാസിനികളും ഉണ്ടായിരുന്നു. അപ്രകാരം മദീനയിൽ എത്തിയ സ്ത്രീകളെ മക്കയിലേക്ക് തിരിച്ചയക്കാൻ നബി(സ്വ) കൂട്ടാക്കിയില്ല.

ആദ്യം വന്നത് ഉമ്മുകുത്സൂം(റ) ആയിരുന്നു. ക്വുറയ്ശികൾ അവരെ മക്കയിലേക്ക് തിരിച്ചയക്കാൻ ആവശ്യപ്പെട്ടു. നബി(സ്വ) കരാർ വായിക്കാൻ അവരോട് കൽപിച്ചു. കരാറിൽ 'പുരുഷൻ' എന്നാണ് എഴുതിയിരുന്നത്. അതിനാൽ കരാർ സ്ത്രീകൾക്ക് ബാധകമല്ല എന്നതായിരുന്നു നബി(സ്വ)യുടെ പക്ഷം. അങ്ങനെ നബി(സ്വ) വിശ്വാസിനികളായ അവരെ മക്കയിലേക്ക് തിരിച്ചയച്ചില്ല. അതിനെതിരിൽ ശത്രുക്കൾക്ക് ഒന്നും പറയാനും കഴിഞ്ഞില്ല.

സ്ത്രീകൾ പലരും മദീനയിലേക്ക് അഭയം തേടി വരാൻ തുടങ്ങി. ആ സന്ദർഭത്തിൽ അല്ലാഹു വിശ്വാസികളോട് ഇപ്രകാരം കൽപിച്ചു:

''സത്യവിശ്വാസികളേ, വിശ്വാസിനികളായ സ്ത്രീകൾ അഭയാർഥികളായിക്കൊണ്ട് നിങ്ങളുടെ അടുത്ത് വന്നാൽ നിങ്ങൾ അവരെ പരീക്ഷിച്ച് നോക്കണം. അവരുടെ വിശ്വാസത്തെ പറ്റി അല്ലാഹു ഏറ്റവും അറിയുന്നവനാണ്. എന്നിട്ട് അവർ വിശ്വാസിനികളാണെന്ന് അറിഞ്ഞുകഴിഞ്ഞാൽ അവരെ നിങ്ങൾ സത്യനിഷേധികളുടെ അടുത്തേക്ക് മടക്കി അയക്കരുത്. ആ സ്ത്രീകൾ അവർക്ക് അനുവദനീയമല്ല. അവർക്ക് അവർ ചെലവഴിച്ചത് നിങ്ങൾ നൽകുകയും വേണം. ആ സ്ത്രീകൾക്ക് അവരുടെ പ്രതിഫലങ്ങൾ നിങ്ങൾ കൊടുത്താൽ അവരെ നിങ്ങൾ വിവാഹം കഴിക്കുന്നതിന് നിങ്ങൾക്ക് വിരോധമില്ല. അവിശ്വാസിനികളുമായുള്ള ബന്ധം നിങ്ങൾ മുറുകെപ്പിടിച്ചുകൊണ്ടിരിക്കുകയും ചെയ്യരുത്. നിങ്ങൾ ചെലവഴിച്ചതെന്തോ, അത് നിങ്ങൾ ചോദിച്ചുകൊള്ളുക. അവർ ചെലവഴിച്ചതെന്തോ അത് അവരും ചോദിച്ചുകൊള്ളട്ടെ. അതാണ് അല്ലാഹുവിന്റെ വിധി. അവൻ നിങ്ങൾക്കിടയിൽ വിധി കൽപിക്കുന്നു. അല്ലാഹു സർവജ്ഞനും യുക്തിമാനുമാകുന്നു'' (ക്വുർആൻ 48:10).

ഇസ്‌ലാമിലെ നീതി ഇവിടെ ദർശിക്കാൻ സാധിക്കും. മക്കയിൽനിന്നും വരുന്ന എല്ലാവരെയും സ്വീകരിക്കുവാൻ നബി(സ്വ)യോ സ്വഹാബിമാരോ തയ്യാറല്ലായിരുന്നു. അവരെ പരീക്ഷിക്കുകയും അവർ ഈമാൻ ഉൾക്കൊണ്ടിട്ടുണ്ട് എന്ന് ബോധ്യപ്പെട്ടാൽ മാത്രം അവർക്ക് അഭയം നൽകുകയും ചെയ്യുക; ഇതായിരുന്നു നയം. അല്ലാഹുവിന് എല്ലാവരുടെയും ഈമാൻ നന്നായി അറിയാം. എങ്കിലും ബാഹ്യമായ രൂപത്തിൽ വിശ്വാസികൾക്കും ഈ വരുന്ന സ്ത്രീകളുടെ ഈമാൻ അറിയണമല്ലോ. അങ്ങനെ പരീക്ഷിച്ചതിന് ശേഷം അവർ വിശ്വാസിനികൾ തന്നെയാണ് എന്ന് അറിഞ്ഞാൽ പിന്നീട് അവരെ മക്കയിലേക്ക് അയക്കാൻ പാടില്ല.

മക്കയിൽനിന്നും മദീനയിലേക്ക് വരുന്ന സ്ത്രീകളിൽ പലരും ഒരുപക്ഷേ, ഭർത്താവിനോടുള്ള അനിഷ്ടമോ ദേഷ്യമോ കൊണ്ടാകാം വരുന്നത്. സ്വന്തം നാടു വിട്ട് മറ്റൊരു നാട്ടിൽ താമസിക്കാനുള്ള ആഗ്രഹം കൊണ്ടുമാകാം. ഇപ്രകാരമൊന്നുമല്ല ഈ സ്ത്രീകൾ മദീനയിലേക്ക് വന്നതെന്നും, ഐഹികനേട്ടം ആഗ്രഹിച്ചല്ലെന്നും, അല്ലാഹുവിനോടും അവന്റെ റസൂലി(സ്വ)നോടുമുള്ള സ്നേഹം മാത്രമാണ് ഇതിനുപിന്നിലെന്നും വ്യക്തമായ ശേഷം മാത്രമെ അവരെ നബി(സ്വ) സ്വീകരിച്ചുള്ളൂ.

അവിശ്വാസിനികൾക്ക് വിശ്വാസിയായ ഭർത്താവും വിശ്വാസിക്ക് അവിശ്വാസിനിയായ ഭാര്യയും ഉണ്ടാകാവതല്ല. വിവാഹ സമയത്ത്

**നബി(സ്വ)യും അനുചരന്മാരും ഉംറ നിർവഹിക്കുവാൻ മക്കയിലേക്ക് പോകാൻ തയ്യാറായപ്പോൾ ചിലയാളുകൾ അതിൽനിന്നും മാറിനിന്നു. വിശ്വാസികളുടെ നീക്കത്തെ പരിഹസിക്കുകയും നിരുത്സാഹപ്പെടുത്തുകയും ചെയ്ത് പിന്മാറിയ ഇക്കൂട്ടർ കപടവിശ്വാസികളായിരുന്നു. മക്കയിലേക്ക് മുഹമ്മദിനെയും കൂട്ടരെയും പ്രവേശിപ്പിക്കാൻ ഞങ്ങൾ സമ്മതിച്ചില്ലെന്നും അവരെ നിന്ദ്യരാക്കി മദീനയിലേക്കുതന്നെ തിരിച്ചയച്ചു എന്നും പ്രചരിപ്പിച്ചിരുന്ന മുശ്‌രിക്കുകളും ഉണ്ടായിരുന്നു. ഇപ്രകാരം ദുഷ്പ്രചരണങ്ങൾ നടത്തിയ കപടന്മാർക്കും മുശ്‌രിക്കുകൾക്കും അല്ലാഹു ശിക്ഷയൊരുക്കി. ശിർക്കിന്റെയും കുഫ്‌റിന്റെയും അടിവേരറുത്തതായിരുന്നു ഹുദയ്ബിയ സന്ധി. അവർക്ക് അല്ലാഹുവിങ്കൽനിന്നുള്ള കോപവും ശാപവും ലഭിച്ചു; കൂടാതെ കത്തിയാളുന്ന നരകവും.**

പരസ്പരം നൽകിയ വിവാഹ മൂല്യങ്ങൾ വാങ്ങുകയും തിരിച്ചു നൽകുകയും ചെയ്യാവുന്നതാണെന്നും, വിശ്വാസം സ്വീകരിച്ച് അഭയാർഥിനികളായി വരുന്നവരെ വിശ്വാസികൾക്ക് മഹ്ഹ് നൽകി വിവാഹം ചെയ്യാവുന്നതാണെന്നും അല്ലാഹു അറിയിച്ചു.

കരാർ പ്രകാരം പിറ്റേവർഷം (ഹിജ്റ ഏഴിൽ) ദുൽക്വഅ്ദ മാസത്തിൽ രണ്ടായിരം അനുചരന്മാരെയും കൂട്ടി നബി(സ്വ) മക്കയിലേക്ക് പുറപ്പെട്ടു. ആരെയും പേടിക്കാനില്ലാത്തതിനാൽ സ്ത്രീകളും കുട്ടികളുമെല്ലാം ആ സംഘത്തിൽ ഉണ്ടായിരുന്നു. കരാറിൽ ഉള്ളത് മക്കയിൽ പ്രവേശിക്കുന്ന സമയത്ത് യുദ്ധത്തിനുള്ള ആയുധങ്ങൾ കൈവശം വെക്കാൻ പാടില്ല എന്നായിരുന്നു. എന്നാൽ ശത്രുക്കൾ കരാർ ലംഘിച്ചേക്കുമോ എന്ന പേടി വിശ്വാസികൾക്കുള്ളതിനാൽ ചെറിയ രൂപത്തിൽ അവർ ജാഗ്രത കാണിച്ചിരുന്നു. ചുരുക്കത്തിൽ അന്ന് എഴുതിയ കരാർ മുഴുവനും പ്രവാചകൻ(സ്വ) പാലിച്ചു. അതിനാൽ തന്നെ വ്യക്തമായ വിജയം വിശ്വാസികൾക്ക് കൈവരിക്കുവാനും സാധിച്ചു.

ഹിജ്റ ഏഴിൽ ദുൽക്വഅ്ദ മാസത്തിൽ രണ്ടായിരം അനുചരന്മാരെയും കൂട്ടി നബി(സ്വ) മക്കയിലേക്ക് പുറപ്പെട്ടു. ആരെയും പേടിക്കാനില്ലാത്തതിനാൽ സ്ത്രീകളും കുട്ടികളുമെല്ലാം ആ സംഘത്തിൽ ഉണ്ടായിരുന്നു. കരാറിൽ ഉള്ളത് മക്കയിൽ പ്രവേശിക്കുന്ന സമയത്ത് യുദ്ധത്തിനുള്ള ആയുധങ്ങൾ കൈവശം വെക്കാൻ പാടില്ല എന്നായിരുന്നു. എന്നാൽ ശത്രുക്കൾ കരാർ ലംഘിച്ചേക്കുമോ എന്ന പേടി വിശ്വാസികൾക്കുള്ളതിനാൽ ചെറിയ രൂപത്തിൽ അവർ ജാഗ്രത കാണിച്ചിരുന്നു. ചുരുക്കത്തിൽ അന്ന് എഴുതിയ കരാർ മുഴുവനും പ്രവാചകൻ (സ്വ) പാലിച്ചു. അതിനാൽ തന്നെ വ്യക്തമായ വിജയം വിശ്വാസികൾക്ക് കൈവരിക്കുവാനും സാധിച്ചു.

കരാർ പ്രകാരം നബി(സ്വ) അനുചരന്മാരെയും കൂട്ടി മക്കയിലേക്ക് പ്രവേശിച്ചു. ശത്രുക്കൾക്ക് അവരെ തടയാൻ യാതൊരു മാർഗവുമില്ലല്ലോ. വിശ്വാസികളുടെ വരവ് കാണുന്നതിലുള്ള മനഃപ്രയാസം കാരണത്താൽ ക്വുറയ്ശി നേതാക്കൾ പരിസരത്തുള്ള മലമുകളിൽ കയറുകയാണ് ചെയ്തത് എന്ന് ചരിത്രത്തിൽ കാണാം. എന്നാൽ അതേ സമയത്ത് മറ്റുള്ളവർ വളരെ കൗതുകത്തോടെ നബി(സ്വ)യുടെയും അനുചരന്മാരുടെയും വരവിനെ നോക്കിക്കാണുകയായിരുന്നു.

വിശ്വാസികൾ ഉംറ കർമം നിർവഹിക്കാൻ തുടങ്ങി. ത്വവാഫിന്റെ സമയത്ത് ആദ്യ മൂന്ന് ചുറ്റൽ കുറച്ച് ശക്തിയിൽ നടക്കാൻ നബി(സ്വ) സ്വഹാബിമാരോട് നിർദേശിച്ചു. പുരുഷന്മാരോട് വലതുകൈ പുറത്ത് കാണും വിധത്തിൽ ഇഹ്റാം വസ്ത്രം ധരിക്കാനായിരുന്നു അവിടുന്ന് പറഞ്ഞിരുന്നത്. വിശ്വാസികളുടെ ശക്തിയും ആരോഗ്യവും വീര്യവും ക്ഷയിച്ചിട്ടില്ലെന്ന് മക്കക്കാർ അറിയാനായിരുന്നു അത്. മദീനയിൽ എത്തിയ അവരിൽ പലരും പനിയും ജലദോഷവും ബാധിച്ച് അവശരായിട്ടുണ്ട് എന്ന് മക്കയിൽ വിശ്വാസികളെ കുറിച്ച് പ്രചരിപ്പിച്ചതെല്ലാം ഇതോടെ തകരുകയും ചെയ്തു. കരാർ പ്രകാരം ഉംറ നിർവഹിച്ചതിന് ശേഷം മൂന്ന് ദിവസം മക്കയിൽ താമസിച്ചു.

മൂന്ന് ദിവസം കഴിഞ്ഞപ്പോഴേക്കും നേതാക്കൾ മലമുകളിൽ നിന്നും ഇറങ്ങി. എന്നിട്ട് അലി(റ)യെ കണ്ട് പറഞ്ഞു: ''താങ്കളുടെ കൂട്ടുകാരനോട് പറയുക; പുറപ്പെട്ടേക്കുക. അവധി കഴിഞ്ഞിരിക്കുന്നു.'' അങ്ങനെ നബി(സ്വ) അവിടെനിന്നും മടങ്ങി. നബി(സ്വ) കരാർ പാലിച്ചു. നിർഭയരായും സന്തോഷവാന്മാരായും ഉംറ നിർവഹിച്ച് എല്ലാവരും മടങ്ങി. ക്വുർആൻ പറയുന്നത് കാണുക:

''അല്ലാഹു അവന്റെ ദൂതന് സ്വപ്നം സത്യപ്രകാരം സാക്ഷാൽക്കരിച്ചിരിക്കുന്നു. അതായത് അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം സമാധാനചിത്തരായിക്കൊണ്ട് തല മുണ്ഡനം ചെയ്തവരും മുടി വെട്ടിയവരും ആയിക്കൊണ്ട് നിങ്ങൾ ഒന്നും ഭയപ്പെടാതെ പവിത്രമായ ദേവാലയത്തിൽ പ്രവേശിക്കുക തന്നെ ചെയ്യുന്നതാണ് എന്ന സ്വപ്നം. എന്നാൽ നിങ്ങളറിയാത്തത് അവൻ അറിഞ്ഞിട്ടുണ്ട്. അതിനാൽ അതിന്ന് പുറമെ സമീപസ്ഥമായ ഒരു വിജയം അവൻ ഉണ്ടാക്കിത്തന്നു. സന്മാർഗവും സത്യമതവുമായി തന്റെ റസൂലിനെ നിയോഗിച്ചത് അവനാകുന്നു; അതിനെ എല്ലാ മതത്തിനും മീതെ തെളിയിച്ചുകാണിക്കാൻ വേണ്ടി. സാക്ഷിയായിട്ട് അല്ലാഹു തന്നെ മതി'' (48:28).

(തുടരും)



# മനസ്സിന്റെ നന്മ

അബൂതൻവീൽ
: 7907182956

സമൂഹമായി ജീവിക്കുന്ന മനുഷ്യർ പരസ്പരം സദ്‌വിചാരത്തോടെയായിരിക്കണം ഇടപഴകേണ്ടത്. ഒരാളെപ്പറ്റിയും മനസ്സിൽ മോശപ്പെട്ട ധാരണ വെച്ചുപുലർത്തരുത്. അങ്ങനെയായാൽ ഇന്ന് മനുഷ്യർ അനുഭവിക്കുന്ന വിവിധങ്ങളായ മാനസിക പ്രയാസങ്ങളിനിന്ന് രക്ഷപ്പെടാനും ആത്മവിശ്വാസത്തോടെയും ഉല്ലാസത്തോടെയും ജീവിക്കുവാനും സാധിക്കും.

കേൾക്കുന്ന വാർത്തകളുടെ നിജസ്ഥിതി മനസ്സിലാക്കാതെ വിശ്വസിക്കുകയോ അത് പ്രചരിപ്പിക്കുകയോ ചെയ്യരുത്. നമ്മുടെയൊക്കെ കയ്യിലിരിക്കുന്ന സ്മാർട്ട് ഫോണിലൂടെ വരുന്ന ഒട്ടുമിക്ക സന്ദേശങ്ങളും ഇത്തരത്തിലുള്ളതാവാനാണ് സാധ്യത. ആധുനിക വാർത്താ മാധ്യമങ്ങളും സോഷ്യൽ മീഡിയ ഇടങ്ങളും ഇതിന്റെ സങ്കേതങ്ങളാണ്. ഇതെല്ലാം ബോധ്യമുള്ളവർ തന്നെ അത്തരം വാർത്തകളും സന്ദേശങ്ങളും അങ്ങനെത്തന്നെ ഫോർവേഡ് ചെയ്യാറുണ്ട് എന്നതാണ് ഖേദകരം.

നന്മയോട് സഹകരിക്കാനും തിന്മയെ പ്രതിരോധിക്കാനും മറ്റുള്ളവരെ സംബന്ധിച്ചുള്ള സദ്‌വിചാരം ആവശ്യമാണ്. അത് ഏത് സാഹചര്യത്തിലായിരുന്നാലും നമ്മുടെ ഊഹത്തിനനുസരിച്ച് തീരുമാനമെടുക്കുന്നത് വലിയ പ്രയാസങ്ങൾക്ക് കാരണമാകും. പ്രവാചക ചരിത്രത്തിൽ അത്തരമൊരു സംഭവം നമുക്ക് കാണാൻ സാധിക്കും.

ജുഹൈനയിൽ ശത്രുക്കളുമായി ഉണ്ടായ ഏറ്റുമുട്ടലിൽ ഉസാമ(റ)യുടെ മുമ്പിൽ ശത്രുപക്ഷത്തു നിന്നൊരാൾ തന്റെ വാളിന്റെ മുമ്പിൽ എത്തിയ സന്ദർഭത്തിൽ 'ലാഇലാഹ ഇല്ലല്ലാഹ്...' എന്ന് ഉച്ചരിച്ചു. എന്നാൽ രക്ഷപ്പെടാനുള്ള തൽക്കാലിക അടവാണെന്ന് കരുതി ഉസാമ(റ) അദ്ദേഹത്തെ വധിച്ചു. ആ വിവരം പ്രവാചകന്റെ അടുത്തെത്തി. പ്രവാചകൻ(സ്വ) ചോദിച്ചു: 'ലാഇലാഹ ഇല്ലല്ലാഹ് പറഞ്ഞ ശേഷം നീ അവനെ വധിച്ചുവോ?' ഇത് സംബന്ധിച്ച് ഉസാമ(റ) പറഞ്ഞത് 'ആ ദിവസത്തിനു മുമ്പ് ഞാൻ ഇസ്‌ലാമിലേക്ക് വന്നില്ലായിരുന്നെങ്കിൽ എന്ന് ആഗ്രഹിച്ചു പോകുമാറ് പ്രവാചകന്റെ ചോദ്യം എനിക്ക് അനുഭവപ്പെട്ടു' എന്നാണ് (അഹ്മദ്).

സദ്‌വിചാരത്തിന്റെ അടിസ്ഥാനം ഗുണകാംക്ഷയാണ്. അത് മനസ്സിൽ ഇല്ലാത്തവൻ മാനുഷിക പ്രതിബദ്ധതയില്ലാത്തവനാണ്. അത്തരം മനസ്സുകൾക്ക് ഒരിക്കലും സമൂഹത്തോട് ആരോഗ്യപരമായി ഇടപെടുവാൻ സാധിക്കുകയില്ല. ഒരാളെ സംബന്ധിച്ച സദ്‌വിചാരത്തിന് പോറലേൽപിക്കും വിധം വല്ലതും സംഭവിച്ചാൽ അതിന്റെ സത്യാവസ്ഥ ആരായുകയും ചെയ്യാൻ സാധിക്കുന്ന പരിഹാരത്തിലൂടെ അവസ്ഥ നന്നാക്കുകയും ചെയ്യേണ്ടതുണ്ട്.




തന്റെയടുക്കൽനിന്നുള്ള പെരുമാറ്റം ഒരാളെ പ്രയാസപ്പെടുത്തിയെന്ന് ബോധ്യപ്പെട്ടാൽ ക്ഷമ ചോദിക്കുന്നതും സദ്വിചാരത്തിന്റെ ഭാഗമാണ്.

ഒരു വ്യക്തിയെയോ സമൂഹത്തെയോ സംബന്ധിച്ച് കേൾക്കുന്ന വാർത്തകൾ വസ്തുതാപരമാണെന്ന് ബോധ്യപ്പെട്ടാലല്ലാതെ വിശ്വസിക്കരുത്. അവരോട് മോശം രീതിയിൽ പെരുമാറാൻ അത് കാരണമാകും. അല്ലാഹു പറയുന്നു:

''സത്യവിശ്വാസികളേ, ഊഹത്തിൽ മിക്കതും നിങ്ങൾ വെടിയുക. തീർച്ചയായും ഊഹത്തിൽ ചിലത് കുറ്റമാകുന്നു. നിങ്ങൾ ചാരവൃത്തി നടത്തുകയും അരുത്. നിങ്ങളിൽ ചിലർ ചിലരെപ്പറ്റി അവരുടെ അഭാവത്തിൽ ദുഷിച്ചുപറയുകയും അരുത്...'' (ക്വുർആൻ 49:12).

പലവിധത്തിലുള്ള രഹസ്യങ്ങൾ സൂക്ഷിക്കുന്നവരാണ് ജനങ്ങൾ. തന്റെ രഹസ്യം ആരും അറിയരുതെന്ന് നിർബന്ധമുള്ളവരാണ് എല്ലാവരും. എന്നാൽ മറ്റുള്ളവരുടെ രഹസ്യം മനസ്സിലാക്കാൻ പൊതുവെ എല്ലാവരും തൽപരരുമാണ്. മറ്റുള്ളവരെ സംബന്ധിച്ച എന്തെങ്കിലും രഹസ്യമുണ്ടെങ്കിൽ അതന്വേഷിക്കുന്നത് ഉത്തമ വിശ്വാസിക്ക് ചേർന്നതല്ല. അത് നാനാവിധ കുഴപ്പങ്ങൾക്ക് കാരണവുമാണ്.

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം; നബി(സ്വ) പറഞ്ഞു: ''ഒരു അടിമ മറ്റൊരാളുടെ ന്യൂനതകൾ ഇഹലോകത്ത് മറച്ചുവെക്കുന്നുവെങ്കിൽ പരലോകത്ത് അല്ലാഹു അവന്റെ ന്യൂനതകൾ മറച്ചുവെക്കും.''

നന്മയുടെ വസന്തം മനസ്സിലെ നന്മയെ ആശ്രയിച്ചാണിരിക്കുന്നത്. മനസ്സും നാവും നന്നായാൽ കർമം നന്നായി.

നുഅ്മാനുബ്നു ബശീറി(റ)ൽനിന്ന് നിവേദനം; പ്രവാചകൻ(സ്വ) പറഞ്ഞു: ''....അറിയുക, മനുഷ്യ ശരീരത്തിൽ ഒരു മാംസക്കഷ്ണമുണ്ട്. അത് നന്നായാൽ ശരീരം മുഴുക്കെ നന്നായി. അത് കുഴപ്പത്തിലായാൽ ശരീരം മുഴുക്കെ കുഴപ്പത്തിലായി. അറിയുക; അതത്രെ ഹൃദയം'' (ബുഖാരി).

സദ്വിചാരം സ്നേഹം വർധിപ്പിക്കും. ആത്മബന്ധം ശക്തിപ്പെടുത്തും. അത് ബന്ധങ്ങളിലെ കളങ്കങ്ങളെ ശുദ്ധീകരിക്കും. ആളുകളെക്കുറിച്ച് മനസ്സിൽ സദ്വിചാരം ഇല്ലാതാക്കുന്നതും സംശയമുണ്ടാക്കുന്നതും പിശാചാണ്.

സ്രഷ്ടാവിനെക്കുറിച്ചുള്ള സദ്വിചാരം അതിപ്രധാനമാണ്. പ്രവാചകൻ(സ്വ) പറഞ്ഞതായി അബൂഹുറയ്റ(റ) പറയുന്നു: ''അല്ലാഹു പറഞ്ഞിരിക്കുന്നു: എന്റെ ദാസൻ എന്നെക്കുറിച്ച് ഓർക്കുകയും എന്നെക്കുറിച്ച് സദ്വിചാരം ഉണ്ടായിരിക്കുകയും ചെയ്യുന്നുവെങ്കിൽ ഞാൻ അവന്റെ കൂടെയുണ്ടായിരിക്കും...'' (ബുഖാരി).

സാഹചര്യങ്ങളാണ് ഓരോരുത്തരെയും ശരിതെറ്റുകളിലേക്ക് നയിക്കുന്നത്. സാഹചര്യങ്ങളിൽ പലതും വിട്ടുവീഴ്ച അർഹിക്കുന്നതുമാകാം.

ഉമർ(റ) പറഞ്ഞു: ''തന്റെ വിചാരംകൊണ്ട് ഗുണം കൊയ്യാത്തവൻ തന്റെ ശരീരംകൊണ്ടും ഗുണം നേടില്ല.''

ഇബ്നുസീരിൽ(റഹി) പറഞ്ഞു: ''നീ നിന്റെ സഹോദരനെ തെറ്റിദ്ധരിക്കുന്നതിന് മുമ്പ് അവന്റെ എഴുപത് ഒഴിവുകഴിവുകളെ എണ്ണുക. എന്നിട്ടും നിന്റെ ധാരണ ശരിയാകുന്നില്ലെങ്കിൽ എനിക്കറിയാത്ത എന്തോ ഒരു കാര്യം ഉണ്ട് എന്ന് കരുതുക. അല്ലാതെ നീ അവനെ തെറ്റിദ്ധരിക്കരുത്.''

ഓരോ വ്യക്തിയോടും എങ്ങനെ പെരുമാറണമെന്ന് നാം മനസ്സിലാക്കണം. എല്ലാവരോടും ഒരേ രീതിയിൽ പെരുമാറുന്നത് ആരോഗ്യകരമല്ല. ചിലരോട് ഏറെ ഗുണകാംക്ഷയും വിട്ടുവീഴ്ചയും കാണിക്കേണ്ടിവരും. ചിലരോട് ഗൗരവത്തിൽ പെരുമാറേണ്ടതായി വരും. വ്യക്തികളുടെ മനോഭാവവും സാഹചര്യവും വ്യത്യസ്തമായിരിക്കും. അതിനാൽ തന്നെ സമീപനവും വ്യത്യസ്തമാകണം.

ദുർവിചാരം ഉണ്ടാകാനിടയുള്ള സാഹചര്യങ്ങളിൽനിന്ന് ഒരു വിശ്വാസി പൂർണമായും വിട്ടുനിൽക്കണമെന്നതും ഇതിനോട് ചേർത്തുവായിക്കേണ്ടതാണ്. തനിക്ക് കാര്യമില്ലാത്തിടത്തുനിന്ന് മാറിപ്പോകാനും മറ്റുള്ളവരെപ്പോലെ തിനിക്കും വീഴ്ചകൾ വരാമെന്ന ബോധ്യം ഉണ്ടായിരിക്കേണ്ടതും അത്യന്താപേക്ഷിതമാണ്. വിശ്വാസി എന്ന നിലയിൽ ഹൃദയവിശാലതക്കും വിശുദ്ധിക്കും വേണ്ടിയുള്ള പ്രാർഥനയും നമ്മിൽ നിന്നുണ്ടാവണം. ■

**സദ്വിചാരത്തിന്റെ അടിസ്ഥാനം ഗുണകാംക്ഷയാണ്. അത് മനസ്സിൽ ഇല്ലാത്തവൻ മാനുഷിക പ്രതിബദ്ധതയില്ലാത്തവനാണ്. അത്തരം മനസ്സുകൾക്ക് ഒരിക്കലും സമൂഹത്തോട് ആരോഗ്യപരമായി ഇടപെടുവാൻ സാധിക്കുകയില്ല. ഒരാളെ സംബന്ധിച്ച സദ്വിചാരത്തിന് പോറലേൽപിക്കുംവിധം വല്ലതും സംഭവിച്ചാൽ അതിന്റെ സത്യാവസ്ഥ ആരായുകയും ചെയ്യാൻ സാധിക്കുന്ന പരിഹാരത്തിലൂടെ അവസ്ഥ നന്നാക്കുകയും ചെയ്യേണ്ടതുണ്ട്. തന്റെയടുക്കൽനിന്നുള്ള പെരുമാറ്റം ഒരാളെ പ്രയാസപ്പെടുത്തിയെന്ന് ബോധ്യപ്പെട്ടാൽ ക്ഷമ ചോദിക്കുന്നതും സദ്വിചാരത്തിന്റെ ഭാഗമാണ്.**

അബ്ദുർറഹ്മാനുബ്‌നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
: 95444 92089



അധ്യായം: 51

# അദ്ദാരിയാത് (വിതറുന്നവ)

19. അവരുടെ സ്വത്തുക്കളിലാകട്ടെ ചോദിക്കുന്നവന്നും (ഉപജീവനം) തടയപ്പെട്ടവന്നും ഒരു അവകാശമുണ്ടായിരിക്കുകയും ചെയ്യും.
20. ദൃഢവിശ്വാസമുള്ളവർക്ക് ഭൂമിയിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്.
21. നിങ്ങളിൽ തന്നെയും (പല ദൃഷ്ടാന്തങ്ങളുണ്ട്). എന്നിട്ട് നിങ്ങൾ കണ്ടറിയുന്നില്ലേ?
22. ആകാശത്ത് നിങ്ങൾക്കുള്ള ഉപജീവനവും നിങ്ങളോട് വാഗ്ദാനം ചെയ്യപ്പെടുന്ന കാര്യങ്ങളുമുണ്ട്.
23. എന്നാൽ ആകാശത്തിന്റെയും ഭൂമിയുടെയും രക്ഷിതാവിനെ തന്നെയാണെ സത്യം! നിങ്ങൾ സംസാരിക്കുന്നു എന്നതു പോലെ തീർച്ചയായും ഇത് സത്യമാകുന്നു.
24. ഇബ്റാഹീമിന്റെ മാന്യരായ അതിഥികളെ പറ്റിയുള്ള വാർത്ത നിനക്ക് വന്നുകിട്ടിയിട്ടുണ്ടോ?
25. അവർ അദ്ദേഹത്തിന്റെ അടുത്തു കടന്നുവന്നിട്ട് സലാം പറഞ്ഞ സമയത്ത് അദ്ദേഹം പറഞ്ഞു: സലാം, (നിങ്ങൾ) അപരിചിതരായ ആളുകളാണല്ലോ.

وَفِىٓ أَمْوَٰلِهِمْ حَقٌّ لِّلسَّآئِلِ وَٱلْمَحْرُومِ ﴿١٩﴾

وَفِى ٱلْأَرْضِ ءَايَٰتٌ لِّلْمُوقِنِينَ ﴿٢٠﴾

وَفِىٓ أَنفُسِكُمْ ۚ أَفَلَا تُبْصِرُونَ ﴿٢١﴾

وَفِى ٱلسَّمَآءِ رِزْقُكُمْ وَمَا تُوعَدُونَ ﴿٢٢﴾

فَوَرَبِّ ٱلسَّمَآءِ وَٱلْأَرْضِ إِنَّهُۥ
لَحَقٌّ مِّثْلَ مَآ أَنَّكُمْ تَنطِقُونَ ﴿٢٣﴾

هَلْ أَتَىٰكَ حَدِيثُ ضَيْفِ
إِبْرَٰهِيمَ ٱلْمُكْرَمِينَ ﴿٢٤﴾

إِذْ دَخَلُوا۟ عَلَيْهِ فَقَالُوا۟ سَلَٰمًا
قَالَ سَلَٰمٌ قَوْمٌ مُّنكَرُونَ ﴿٢٥﴾

فَرَاغَ إِلَىٰٓ أَهْلِهِۦ فَجَآءَ بِعِجْلٍ سَمِينٍ ﴿٢٦﴾
فَقَرَّبَهُۥٓ إِلَيْهِمْ قَالَ أَلَا تَأْكُلُونَ ﴿٢٧﴾
فَأَوْجَسَ مِنْهُمْ خِيفَةً ۖ قَالُوا لَا
تَخَفْ ۖ وَبَشَّرُوهُ بِغُلَـٰمٍ عَلِيمٍ ﴿٢٨﴾
فَأَقْبَلَتِ ٱمْرَأَتُهُۥ فِى صَرَّةٍ فَصَكَّتْ
وَجْهَهَا وَقَالَتْ عَجُوزٌ عَقِيمٌ ﴿٢٩﴾
قَالُوا كَذَٰلِكِ قَالَ رَبُّكِ ۖ إِنَّهُۥ
هُوَ ٱلْحَكِيمُ ٱلْعَلِيمُ ﴿٣٠﴾
۞ قَالَ فَمَا خَطْبُكُمْ أَيُّهَا ٱلْمُرْسَلُونَ ﴿٣١﴾
قَالُوٓا۟ إِنَّآ أُرْسِلْنَآ إِلَىٰ قَوْمٍ مُّجْرِمِينَ ﴿٣٢﴾
لِنُرْسِلَ عَلَيْهِمْ حِجَارَةً مِّن طِينٍ ﴿٣٣﴾

26. അനന്തരം അദ്ദേഹം ധൃതിയിൽ തന്റെ ഭാര്യയുടെ അടുത്തേക്ക് ചെന്നു. എന്നിട്ട് ഒരു തടിച്ച കാളക്കുട്ടിയെ (വേവിച്ചു) കൊണ്ടുവന്നു.
27. എന്നിട്ട് അത് അവരുടെ അടുത്തേക്ക് വെച്ചു. അദ്ദേഹം പറഞ്ഞു: നിങ്ങൾ തിന്നുന്നില്ലേ?
28. അപ്പോൾ അവരെപ്പറ്റി അദ്ദേഹത്തിന്റെ മനസ്സിൽ ഭയം കടന്നുകൂടി. അവർ പറഞ്ഞു: 'താങ്കൾ ഭയപ്പെടേണ്ട.' അദ്ദേഹത്തിന് ജ്ഞാനിയായ ഒരു ആൺകുട്ടിയെ പറ്റി അവർ സന്തോഷവാർത്ത അറിയിക്കുകയും ചെയ്തു.
29. അപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ ഉച്ചത്തിൽ ഒരു ശബ്ദമുണ്ടാക്കിക്കൊണ്ട് മുന്നോട്ട് വന്നു. എന്നിട്ട് തന്റെ മുഖത്തടിച്ചുകൊണ്ട് പറഞ്ഞു: 'വന്ധ്യയായ ഒരു കിഴവിയാണോ (പ്രസവിക്കാൻ പോകുന്നത്?)'
30. അവർ (ദൂതൻമാർ) പറഞ്ഞു: അപ്രകാരം തന്നെയാകുന്നു നിന്റെ രക്ഷിതാവ് പറഞ്ഞിരിക്കുന്നത്. തീർച്ചയായും അവൻതന്നെയാകുന്നു യുക്തിമാനും ജ്ഞാനിയും ആയിട്ടുള്ളവൻ.
31. അദ്ദേഹം ചോദിച്ചു: ഹേ; ദൂതൻമാരേ, അപ്പോൾ നിങ്ങളുടെ കാര്യമെന്താണ്?
32. അവർ പറഞ്ഞു: ഞങ്ങൾ കുറ്റവാളികളായ ഒരു ജനതയിലേക്ക് അയക്കപ്പെട്ടതാകുന്നു
33. കളിമണ്ണുകൊണ്ടുള്ള കല്ലുകൾ ഞങ്ങൾ അവരുടെ നേരെ അയക്കുവാൻ വേണ്ടി.

19. (അവരുടെ സ്വത്തുക്കളിലാവട്ടെ അവകാശം ഉണ്ടായിരിക്കുകയും ചെയ്യും). നിർബന്ധമായതും ഐച്ഛികമായതും. (ചോദിക്കുന്നവനും തടയപ്പെട്ടവനും) ജനങ്ങളോട് ചോദിക്കുന്നവർക്കും ചോദിക്കാത്തവർക്കും.
20. ചിന്തിക്കാനും ഗുണപാഠമുൾക്കൊള്ളാനും തന്റെ അടിമകളെ ക്ഷണിച്ചുകൊണ്ട് അല്ലാഹു പറയുന്നു: (ദൃഢവിശ്വാസമുള്ളവർക്ക് ഭൂമിയിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്). ഭൂമിതന്നെയും അതിലുള്ളതും ഇതിലുൾപ്പെടും. പർവതങ്ങളും നദികളും വൃക്ഷങ്ങളും ചെടികളുമെല്ലാം ചിന്തിക്കുന്നവനെയും ആശയം ഗ്രഹിക്കാൻ ശ്രമിക്കുന്നവനെയും സ്രഷ്ടാവിന്റെ മഹത്ത്വവും അവന്റെ അധികാരത്തിൻെറ വിശാലതയും നന്മയുടെ വ്യാപ്തിയും പ്രത്യക്ഷവും പരോക്ഷവുമായ അവന്റെ അറിവും ബോധ്യപ്പെടുത്തും.
21. അപ്രകാരംതന്നെ ഓരോ അടിമക്കും തന്നിൽതന്നെയുണ്ട് ഗുണപാഠങ്ങളും യുക്തിജ്ഞാനവും കാരുണ്യവും. അതെല്ലാംതന്നെ അല്ലാഹു ഒരുവനും ഏകനും നിരാശ്രയനുമാണെന്ന് അറിയിക്കുന്നു; അവൻ പടപ്പുകളെ വെറുതെ സൃഷ്ടിച്ചതല്ലെന്നും.
22. (ആകാശത്ത് നിങ്ങൾക്കുള്ള ഉപജീവനമുണ്ട്) നിങ്ങൾക്ക് ഭക്ഷണമുണ്ടാക്കാനാവശ്യമായത് മഴയിലുണ്ട്. വ്യത്യസ്ത തീരുമാനങ്ങളും. 'രിസ്ക്വ്' രണ്ടുതരമുണ്ട്; മതപരം, ഭൗതികം. ഇഹലോകത്തും പരലോകത്തും ലഭിക്കാനുള്ള പ്രതിഫലങ്ങൾ, അത് അല്ലാഹുവിൽനിന്ന് ഇറങ്ങിവരുന്നതുതന്നെ; മറ്റു തീരുമാനങ്ങളെപ്പോലെ.
23. ദൃഷ്ടാന്തങ്ങളെ വിശദീകരിച്ചപ്പോൾ ബുദ്ധിയുള്ളവരെ തട്ടിയുണർത്തുന്ന ഉദ്ബോധനമാണ് നൽകിയത്. അല്ലാഹുവിന്റെ പ്രതിഫലവും

വാഗ്ദാനവും സത്യമാണെന്ന് സത്യം ചെയ്ത് പറയുന്നു. ഏറ്റവും പ്രകടമായ ഒരു കാര്യത്തോടാണ് അതിനെ സാദൃശ്യപ്പെടുത്തിയത്. അത് സംസാരമാണ്. (എന്നാൽ ആകാശത്തിന്റെയും ഭൂമിയുടെയും രക്ഷിതാവിനെ തന്നെയാണെ സത്യം). നിങ്ങൾ സംസാരിക്കുന്നു എന്നതു പോലെ തീർച്ചയായും ഇത് സത്യമാകുന്നു). നിങ്ങളുടെ സംസാരത്തിൽ നിങ്ങൾ സംശയിക്കാത്തതുപോലെ. അപ്രകാരം പ്രതിഫലത്തിലും ഉയിർത്തെഴുന്നേൽപിലും യാതൊരു സംശയവും നിങ്ങളെ പിടികൂടേണ്ടതില്ല.

24. അല്ലാഹു പറയുന്നു: (നിനക്ക് വന്നുകിട്ടിയോ?) അതായത് നിനക്ക് വന്നുവോ? (ഇബ്റാഹീമിന്റെ മാന്യരായ അതിഥികളെപ്പറ്റിയുള്ള വാർത്ത). അത്ഭുതകരവും വിസ്മയകരവുമായ അവരുടെ വാർത്ത. ലൂത്വി(അ)ന്റെ ജനതയെ നശിപ്പിക്കുന്നതിനുവേണ്ടി അല്ലാഹു അയച്ച മലക്കുകളാണവർ. ഇബ്റാഹീം നബി(അ)യുടെ അടുത്തു കൂടി കടന്നുപോകാൻ അവരോട് നിർദേശിച്ചു. അങ്ങനെ അവർ അതിഥികളുടെ രൂപത്തിൽ വന്നു.

25. (അവർ അദ്ദേഹത്തിന്റെ അടുക്കൽ കടന്നു വന്നിട്ട് സലാം പറഞ്ഞ സമയത്ത് അദ്ദേഹം പറഞ്ഞു). അവർക്ക് മറുപടിയായിക്കൊണ്ട് (സലാം). നിങ്ങൾ (അപരിചിതരായ ആളുകളാണല്ലോ!). അതായത് നിങ്ങൾ അപരിചിതരായ ഒരു ജനതയാണ്. നിങ്ങൾ സ്വയം നിങ്ങളെ എനിക്കൊന്ന് പരിചയപ്പെടുത്തിത്തരാൻ ഞാൻ ഇഷ്ടപ്പെടുന്നു. അതിനുശേഷം മാത്രമാണ് അവരെ അദ്ദേഹം അറിഞ്ഞത്.

26. അതിനാൽ (അനന്തരം അദ്ദേഹം ധൃതിയിൽ തന്റെ ഭാര്യയുടെ അടുത്തേക്ക് ചെന്നു). അവർക്കുള്ള ആതിഥ്യം ഒരുക്കാൻ രഹസ്യമായി വേഗം അദ്ദേഹം പോയി. (എന്നിട്ട് ഒരു തടിച്ച കാളക്കുട്ടിയെ കൊണ്ടുവന്നു)

27. (എന്നിട്ട് അത് അവരുടെ അടുത്തേക്ക് വെച്ചു). അവർക്ക് തിന്നാൻ നൽകി. (അദ്ദേഹം പറഞ്ഞു: നിങ്ങൾ തിന്നുന്നില്ലേ?).

28. (അപ്പോൾ അവരെക്കുറിച്ച് അദ്ദേഹത്തിന്റെ മനസ്സിൽ ഭയം കടന്നുകൂടി). ഭക്ഷണത്തിലേക്ക് അവരുടെ കൈകൾ വരാത്തത് കണ്ട പ്പോൾ. (താങ്കൾ ഭയപ്പെടേണ്ട) അവരെന്തിന് വന്നതാണെന്ന് അവർ അദ്ദേഹത്തെ അറിയിച്ചു. (അദ്ദേഹത്തിന് ജ്ഞാനിയായ ഒരു ആൺകുട്ടിയെപ്പറ്റി അവർ സന്തോഷവാർത്ത അറിയിക്കുകയും ചെയ്തു). ഈ കുട്ടി ഇസ്ഹാക്വ്നബി(അ)യാണ്.

29. ആ സ്ത്രീ സന്തോഷവാർത്ത കേട്ടപ്പോ ൾ സന്തോഷവതിയായി മുന്നോട്ടുവന്നു. (ഉച്ചത്തിൽ ഒരു ശബ്ദമുണ്ടാക്കിക്കൊണ്ട്) അതായത് ഒരു ശബ്ദം. (എന്നിട്ട് തന്റെ മുഖത്തടിച്ചു). ഇത് സാധാരണ സന്തോഷമുണ്ടാകുമ്പോൾ സ്ത്രീകൾ ചെയ്യുന്ന കാര്യങ്ങളിൽപെട്ടതാണ്. ഇതുപോലെ പതിവിനും പ്രകൃതിക്കും വിരുദ്ധമായ ചില വാക്കുകളും പ്രവൃത്തികളും അവരിൽനിന്നുണ്ടാകും. (വന്ധ്യയായ ഒരു കിഴവിയാണോ പ്രസവിക്കാൻ പോകുന്നത്?). സ്ത്രീകൾ പ്രസവിക്കാത്ത പ്രായമെത്തിയ വന്ധ്യയായ ഞാനെങ്ങനെ പ്രസവിക്കും? അതോടൊപ്പം അടിസ്ഥാനപരമായി പ്രസവത്തിന് പറ്റാത്ത ഗർഭപാത്രമുള്ള ഒരു വന്ധ്യയുമാണ്. ഇങ്ങനെ രണ്ട് തടസ്സങ്ങളുണ്ട്. മൂന്നാമത്തെ ഒരു തടസ്സം സൂറഃ ഹൂദിലും പറയുന്നുണ്ട്. ''എന്റെ ഭർത്താവ് ഇതാ ഒരു വൃദ്ധൻ, തീർച്ചയായും ഇതൊരു അത്ഭുതകരമായ കാര്യം തന്നെ'' (11:72).

30. (അവർ-ദൂതന്മാർ പറഞ്ഞു. അപ്രകാരം തന്നെയാകുന്നു നിന്റെ രക്ഷിതാവ് പറഞ്ഞിരിക്കുന്നത്). അത് അല്ലാഹുവിന്റെ തീരുമാനമാണ്. അതവൻ നടപ്പിലാക്കും. അല്ലാഹുവിന്റെ കഴിവിൽ അത്ഭുതമില്ല. (തീർച്ചയായും അവൻതന്നെയാകുന്നു യുക്തിമാനും ജ്ഞാനിയും ആയിട്ടുള്ളവൻ). കാര്യങ്ങളെ അതാതിന്റെ യോജിച്ച സ്ഥാനങ്ങളിൽ അവൻ നിശ്ചയിക്കുന്നു. അവന്റെ അറിവ് എല്ലാറ്റിലും വിശാലമായിരിക്കുന്നു. എല്ലാം അവന്റെ വിധിക്ക് കീഴൊതുങ്ങുന്നു. അവന്റെ അനുഗ്രഹത്തിന് നന്ദി കാണിക്കുകയും ചെയ്യുന്നു.

31. (അദ്ദേഹം ചോദിച്ചു: ഹേ, ദൂതന്മാരേ അപ്പോൾ നിങ്ങളുടെ കാര്യമെന്താണ്). ഇബ്റാഹീം നബി(അ) അവരോട് പറഞ്ഞു; നിങ്ങളുടെ കാര്യമെന്താണ്? നിങ്ങളെന്താണ് ഉദ്ദേശിക്കുന്നത്? കാരണം അദ്ദേഹം മനസ്സിലാക്കി; എന്തോ സുപ്രധാന കാര്യങ്ങൾക്കാണ് അല്ലാഹു മലക്കുകളെ അയക്കുന്നതെന്ന്.

32. (അവർ പറഞ്ഞു: ഞങ്ങൾ കുറ്റവാളികളായ ഒരു ജനതയിലേക്ക് അയക്കപ്പെട്ടതാകുന്നു). അവർ ലൂത്വ് നബി(അ)യുടെ ജനതയാ ണ്. അല്ലാഹുവിൽ പങ്കുചേർത്തും അവരുടെ ദൂതനെ കളവാക്കിയും ലോകത്ത് മുമ്പാരും ചെയ്തിട്ടില്ലാത്ത മ്ലേച്ഛകാര്യം ചെയ്തും അവർ കുറ്റം പ്രവർത്തിച്ചു.

33. (അതിക്രമകാരികൾക്ക് വേണ്ടി താങ്കളുടെ രക്ഷിതാവിന്റെ അടുക്കൽ അടയാളപ്പെടുത്തിയിട്ടുള്ള കളിമണ്ണുകൊണ്ടുള്ള കല്ലുകൾ ഞങ്ങൾ അവരുടെ നേരെ അയക്കുവാൻ വേ ണ്ടി). അതിൽ ഓരോ കല്ലിലും അതാർക്കുള്ളതാണെന്ന് അടയാളം വെച്ചിട്ടുണ്ട്. കാരണം, അവർ തെറ്റിൽ അമിതത്വം കാണിക്കുകയും അതിരുവിടുകയും ചെയ്തു. ലൂത്വി(അ)ന്റെ ജനതയുടെ കാര്യത്തിൽ ഇബ്റാഹീം നബി(അ) അവരോട് വാദിക്കാൻ തുടങ്ങി. അല്ലാഹു അവരുടെ ശിക്ഷയെ തടുത്താലോ എന്ന നിലക്ക്. അപ്പോൾ അദ്ദേഹത്തോട് പറയപ്പെട്ടു: ‘‘ഇബ്രാഹീമേ, ഇതിൽ നിന്ന് പിന്തിരിഞ്ഞേക്കുക. തീർച്ചയായും നിൻെറ രക്ഷിതാവിൻെറ കൽപന വന്നു കഴിഞ്ഞു. തീർച്ചയായും അവർക്ക് റദ്ദാക്കപ്പെടാത്ത ശിക്ഷ വരുകയാകുന്നു.” (സൂറ:ഹൂദ് :76) ■



# കടൽ

ഉസ്മാൻ പാലക്കാഴി
: 9656292244

കടലേ, കടലേ, നീലക്കടലേ...
എന്തൊരു സുന്ദരിയാണേ നീ!
അത്ഭുതലോകം നിന്നുടെയുള്ളിൽ
ഒളിച്ചുവെച്ചവളാണേ നീ!
ആളുകളനവധി അന്നം തേടി
ദിനവും നിന്നിലിറങ്ങുന്നു.
ഒരുകാലത്തും തീരാത്തത്ര
മത്സ്യം നിന്നിൽ ഉണ്ടല്ലോ.
ചെറുചെറു ജീവികളുണ്ടല്ലോ,
പലപല മത്സ്യം ഉണ്ടല്ലോ.
കൊമ്പൻ സ്രാവുകളുണ്ടല്ലോ,
വമ്പൻ തിമിംഗലമുണ്ടല്ലോ.
തിരമാലകളാം കൈകൾ കൊണ്ട്
കരയെ തല്ലുന്നെന്തേ നീ?
നിന്റെയിരമ്പൽ കേൾക്കുമ്പോൾ
എന്നുടെയുള്ളിൽ ഭയമാണേ.
അറ്റം കാണാ കടലാണേ,
ആഴം കാണാ കടലാണേ.
ധൈര്യം ഇല്ലാത്തോർക്കൊന്നും
നിന്നിലിറങ്ങാൻ കഴിയില്ല!
സൂര്യാസ്തമയം നിന്നിൽ നിറയെ
വർണം വാരി വിതറുമ്പോൾ
കാണാനെന്തൊരു ചേലാണേ
കണ്ടാൽ കൊതി തീരില്ലെന്നേ.
സന്ധ്യാസമയം ആയാലോ
നിന്നെക്കാണാൻ ഭയമാണേ.
ദൈവത്തിന്റെയതിശയമാം
കഴിവിന്നടയാളം കടലേ...
കടലേ, കടലേ നീലക്കടലേ
എന്തൊരു സുന്ദരിയാണേ നീ!




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm

RNI NO: KERMAL/2015/64152
Registered NO: KL/CT/225/2022-24

Nerpatham Weekly
Published on 2022 JANUARY 08

Vol No: 06 I Issue 02
Price: ₹10/-

വിപണിയിൽ

# നേർപഥം
സ്പെഷ്യൽ പതിപ്പ്

## കേരള മുസ്‌ലിം നവോത്ഥാനത്തിന്റെ നൂറ് വർഷങ്ങൾ

സഹസ്രാബ്ദങ്ങളുടെ പൈതൃകമുൾക്കൊള്ളുന്ന ഭൂപ്രദേശമാണ് ഇന്നത്തെ കേരളം. വൈദേശികരുമായുള്ള ആദാന പ്രദാനങ്ങളിലൂടെ സംസ്കാരം കരുപ്പിടിപ്പിച്ച മലയാളനാടിന്റെ പായും പങ്കായവുമായി വർത്തിച്ച മുസ്‌ലിം ജനവിഭാഗത്തിന്റെ അതിജീവന അടയാളങ്ങളെ രേഖപ്പെടുത്താനുള്ള എളിയ ശ്രമം.




224 പേജുകൾ, മൾട്ടി കളർ
പെർഫെക്ട് ബൈന്റിംഗ്, വില ₹100